## ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. കെ. മുരളീധരൻ: സർ, ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സഭയിൽ ചെയ്ത പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ സർവാത്മനാ പിന്താങ്ങുകയാണ്. കേരളത്തിലെ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ 20 മാസത്തിനുള്ളിൽ ജനങ്ങൾക്കുവേണ്ടി ചെയ്ത ഒട്ടനവധി കാര്യങ്ങളിൽ പലതും ഈ സഭയിൽ ചർച്ചചെയ്യപ്പെട്ടതാണ്. ചർച്ച ചെയ്യപ്പെട്ട വിഷയങ്ങൾ ഞാൻ പറയുന്നില്ല. കാരണം പലതവണ ഈ സഭയിൽ പറഞ്ഞ കാര്യങ്ങളാണ്. കഴിഞ്ഞ നവംബർ 1-ാം തീയതി മലയാള ഭാഷയെ സംബന്ധിച്ചിടത്തോളം ഏറ്റവും നല്ല ഒരു ദിവസമായി കാണക്കാക്കുന്നു. കേരളപ്പിറവി ദിനത്തിലാണ് മലയാള ഭാഷയെ പരിപോഷിപ്പിക്കാനായി ഒരു സർവകലാശാല പ്രവർത്തനം ആരംഭിച്ചത്. മലയാളികളുടെ ചിരകാലാഭിലാഷമായ ഭാഷയ്ക്ക് ഒരു ശ്രേഷ്ഠ പദവി ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതാണ്ട് വിജയത്തിലേയ്ക്ക് അടുത്തുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം ഇന്ത്യയിലെ ഏറ്റവും മികച്ച ഭാഷയായി മലയാള ഭാഷ മാറുകയാണ്. അതുപോലെ കഴിഞ്ഞ സഭയിൽ പ്രതിപക്ഷം ഗവൺമെന്റിനെതിരായി ഏറ്റവും കൂടുതൽ ഉന്നയിച്ച ആരോപണം കൊച്ചി മെട്രോ റെയിലിനെ സംബന്ധിച്ചായിരുന്നു. കൊച്ചി മെട്രോയുടെ നിർമ്മാണത്തിന് ഗവൺമെന്റ് ശുഷ്കാന്തി കാണിക്കുന്നില്ലെന്നും ഡൽഹി മെട്രോ വികസന കോർപ്പറേഷനെ അതിന്റെ നിർമ്മാണം ഏൽപ്പിക്കണമെന്നും കേരളീയനായ ശ്രീമാൻ ശ്രീധരന് അതിന്റെ മുഖ്യചുമതല നൽകണമെന്നും അത് നൽകുന്ന കാര്യത്തിൽ സംസ്ഥാന

ഗവൺമെന്റിന് താല്പര്യമില്ലെന്നുമാണ് പ്രതിപക്ഷം നിരന്തരമായി സഭയ്ക്കകത്തും പുറത്തും പ്രചരിപ്പിച്ചിരുന്നത്. ഡൽഹി മുഖ്യമന്ത്രിയായ ശ്രീമതി ഷീല ദീക്ഷിത് ഡൽഹി മെട്രോ വികസന കോർപ്പറേഷന് കൊച്ചി മെട്രോ ഏറ്റെടുക്കുന്നതിനുള്ള പ്രയാസം പല തവണ സൂചിപ്പിച്ചിരുന്നത് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഡൽഹി സിറ്റിയിൽനിന്ന് ഡൽഹി റൂറൽ ഏരിയയിലേയ്ക്ക് റെയിൽവേ ലൈൻ വ്യാപിപ്പിക്കുക, നിലവിലുള്ള റെയിൽവേ ലൈനിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുക തുടങ്ങിയ വളരെ തിരക്കുള്ള ജോലികൾ ചെയ്യുന്നതിനിടയിൽ ഡൽഹിക്കുപുറത്തുള്ള ജോലികൾ ഏറ്റെടുക്കാൻ സാധ്യമല്ലെന്നുള്ള നിലപാടാണ് അന്ന് ഡൽഹി ഗവൺമെന്റ് സ്വീകരിച്ചത്. നമ്മുടെ മുഖ്യമന്ത്രിക്ക് ഡൽഹിയിലുള്ള രാഷ്ട്രീയ സ്വാധീനം കൊണ്ടുമാത്രമാണ് ഡൽഹി മെട്രോ കോർപ്പറേഷൻ അത് ഏറ്റെടുക്കാൻ തയ്യാറായത്. യു.പി.എ ചെയർപേഴ്സൺ ശ്രീമതി സോണിയ ഗാന്ധിയുടെയും പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെയയും കേന്ദ്രമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെയുമൊക്കെ പ്രത്യേക താല്പര്യപ്രകാരം ആ പദ്ധതി ഡൽഹി മെട്രോ കോർപ്പറേഷൻ ഏറ്റെടുക്കാൻ തയ്യാറാവുകയും ശ്രീമാൻ ശ്രീധരനെത്തന്നെ അതിന്റെ കൺസൾട്ടന്റായി നിയമിക്കാൻ തീരുമാനിക്കുകയും ചെയ്തു. കേരളത്തിന്റെ വ്യവസായിക തലസ്ഥാനമാണ് കൊച്ചി. കേരളത്തിൽ ഏറ്റവുമധികം ഗതാഗതക്കുരുക്കുള്ള കൊച്ചി നഗരത്തിന് മെട്രോ റെയിൽ വരുന്നതോടെ ട്രാഫിക് കുരുക്കിന് ശാപമോക്ഷം ലഭിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അതിന് മുൻകൈ എടുത്ത മുഖ്യമന്ത്രിയെയും ഗവൺമെന്റിനെയും അഭിനന്ദിക്കാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുകയാണ്. അതുപോലെ തലസ്ഥാനനഗരിയിലെ ജനങ്ങൾ വളരെയധികം മുന്നോട്ടുവച്ച ആശയമായിരുന്നു മോണോ റെയിൽ. മുഖ്യമന്ത്രി മുൻകൈ

എടുത്ത് പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയൊക്കെ താല്പര്യാർത്ഥം ഏകദേശം 3560 കോടി രൂപയുടെ പ്രോജക്ടാണ് തിരുവനന്തപുരം മോണോ റെയിൽ സംബന്ധിച്ച് ഇപ്പോൾ തീരുമാനമെടുത്തിട്ടുള്ളത്. അതിന്റെ പ്രാരംഭഘട്ടമായി ജനുവരി മാസം 10-ാം തീയതി പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കഴക്കൂട്ടത്തുനിന്ന് കേശവദാസപുരം വരെയുള്ള റോഡ് നാല് വരി പാതയാക്കാൻ തീരുമാനിക്കുകയും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ കോഴിക്കോടും മോണാ റെയിലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വളരെ കാര്യമായിട്ടുള്ള ശ്രമങ്ങളുമായി മുന്നോട്ടുപോവുകയാണ്. ഇത് പ്രധാനപ്പെട്ട നഗരങ്ങളെ സംബന്ധിച്ചിടത്തോളം വളരെ സഹായകരമാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതുപോലെ തിരുവനന്തപുരം നഗരത്തിലെ മാലിന്യപ്രശ്നം ഇപ്പോൾ നഗരവാസികൾക്ക് മാത്രമല്ല ഈ സഭാംഗങ്ങൾക്കെല്ലാം അറിയാവുന്ന കാര്യമാണ്. ഞാൻതന്നെ കഴിഞ്ഞ നിയമസഭയിൽ ഇതിനെക്കുറിച്ച് സൂചിപ്പിച്ചിരുന്നത് അങ്ങ് ഓർക്കുന്നുണ്ടാവും. ഗവൺമെന്റും കോർപ്പറേഷനും പരസ്പരം പഴിചാരാതെ എല്ലാവരും യോജിച്ചുകൊണ്ട് മാലിന്യ നിർമ്മാർജ്ജനത്തിന് താല്പര്യമെടുക്കണമെന്ന് സൂചിപ്പിക്കുകയും ഭാഗ്യവശാൽ ഗവൺമെന്റും കോർപ്പറേഷനും ഒരുമിച്ചുതന്നെ ഇക്കാര്യത്തിൽ ചില തീരുമാനങ്ങൾ കൈക്കൊള്ളുകയും മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ ഈ നഗരത്തിലെ പ്രധാനപ്പെട്ട നാല് നിയോജകമണ്ഡലങ്ങളിലും സ്ഥാപിക്കാൻ തീരുമാനമെടുക്കുകയും അതനുസരിച്ച് ഞാനും ശ്രീ. വി. ശിവൻകുട്ടിയും ശ്രീ. എം. എ. വാഹീദുമുൾപ്പെടെയുള്ള എം.എൽ.എ.മാർ എല്ലാ രാഷ്ട്രീയ കക്ഷികളുടെയും ജനപ്രതിനിധികളുടെയും യോഗം വിളിച്ചുകൂട്ടി മാലിന്യ നിർമ്മാർജ്ജന യൂണിറ്റ് സ്ഥാപിക്കാനുള്ള സ്ഥലങ്ങളെക്കുറിച്ച് ഏകദേശ ധാര

ണയുണ്ടാക്കുകയും വളരെ വേഗത്തിൽ അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയുമാണ്. ഇത് തിരുവനന്തപുരം നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നത്തിന് പരിഹാരമുണ്ടാക്കും എന്ന കാര്യത്തിൽ സംശയമില്ല. അവിടെ ജനപ്രതിനിധികൾ തമ്മിൽ കക്ഷി രാഷ്ട്രീയത്തിനതീതമായി പ്രവർത്തിച്ചതുകൊണ്ട് ഈ കാര്യങ്ങൾ നല്ല രീതിയിൽ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നു. അതുപോലെ തന്നെയാണ് ഗവൺമെന്റ് പ്രഖ്യാപിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ പ്രധാനപ്പെട്ട കാരുണ്യ പദ്ധതി. കാരുണ്യ ലോട്ടറി ഇന്ന് പാവങ്ങളുടെ ഒരത്താണിയായി മാറിയിരിക്കുകയാണ്, പ്രത്യേകിച്ച് ക്യാൻസർ പോലുള്ള രോഗം ബാധിച്ച പാവപ്പെട്ട ജനങ്ങൾക്ക്. ക്യാൻസർ രോഗം ആരോഗ്യ രംഗത്ത് ഒരു വെല്ലുവിളിയാണ്. സമ്പന്നരേയും സാധാരണക്കാരേയും സംബന്ധിച്ചിടത്തോളം ക്യാൻസർ രോഗം ബാധിക്കുക എന്നത് വളരെ പ്രയാസമുണ്ടാക്കുന്ന കാര്യമാണ്. മുൻകാലങ്ങളിൽ ചികിത്സയ്ക്ക് പണമില്ലാതെ കഷ്ടപ്പെടുന്ന പാവപ്പെട്ടവർക്ക് പലപ്പോഴും ആശ്വാസം നൽകുന്നത് പ്രധാനമന്ത്രിയുടെ പ്രത്യേക ദുരിതാശ്വാസപദ്ധതിയിൽ നിന്നായിരുന്നു. ബഹുമാനപ്പെട്ട അങ്ങേയ്ക്കും എനിക്കും അറിയാവുന്ന കാര്യമാണ്, നമ്മൾ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽനിന്ന് പലർക്കും പണം വാങ്ങിക്കൊടുത്തിട്ടുണ്ട്. അന്നൊക്കെ കേരള ഗവൺമെന്റിന് പല പരിമിതികളുണ്ടായിരുന്നെങ്കിലും ഇന്ന് മുഖ്യമന്ത്രിയുടെ ഫണ്ടിൽ നിന്നും കാരുണ്യ ഫണ്ടിൽ നിന്നും പാവപ്പെട്ടവരെ സഹായിക്കുന്നുണ്ട്. പ്രത്യേകിച്ച് കാരുണ്യ ഫണ്ടിൽനിന്ന് ഒരു ലക്ഷം രൂപ മുതൽ രണ്ട് ലക്ഷം രൂപ വരെ ക്യാൻസർ രോഗം ബാധിച്ചവരെ സഹായിക്കാനുള്ള പദ്ധതി സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം വളരെ ഗുണകരമാണ് എന്നുള്ള കാര്യത്തിൽ സംശയമില്ല. അതുപൊലെ തന്നെയാണ് കോക്ലിയർ

ഇംപ്ലാന്റേഷൻ പദ്ധതി. ജന്മനാ ശ്രവണ ശേഷിയില്ലാത്ത, സംസാരിക്കാൻ കഴിയാത്ത കുട്ടികൾക്ക് ആദ്യമായി സംസാരിക്കാനും ഈ ലോകത്ത് നടക്കുന്ന സംഭവങ്ങൾ കാണാനും കേൾക്കാനുമുള്ള സന്ദർഭമുണ്ടായത് വളരെ ശുഭകരമായ കാര്യമായി ഞാൻ കാണുന്നു. അതുപോലെ തന്നെയാണ് നമ്മുടെ സംസ്ഥാനത്തെ ക്രമസമാധാന പ്രശ്നവും. ഈ സഭയിൽ വളരെയേറെ ചർച്ച ചെയ്യപ്പെട്ട ടി.പി. ചന്ദ്രശേഖരൻ വധക്കേസ്സിലെ ഏതാണ്ട് മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യാനും അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. ഒരിക്കലും രാഷ്ട്രീയം നോക്കിയല്ല ഗവൺമെന്റ് പ്രവർത്തിച്ചത് എന്നുള്ളതിന്റെ തെളിവാണ്. ഇന്ന് കേസ്സിൽ പ്രതികളാക്കപ്പെട്ട പലർക്കും സുപ്രീം കോടതിയിൽപോലും ജാമ്യം ലഭിക്കാത്ത സാഹച ര്യമുണ്ടായത് ഈ ഗവൺമെന്റ് ഇക്കാര്യത്തിൽ ശക്തമായ നിലപാടെടുത്തതുകൊണ്ടുമാത്രമാണ് എന്നുപറയാൻ സന്തോഷമുണ്ട്.

ശ്രീ. സാജു പോൾ : നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദിപ്രമേയത്തെ വളരെ ശക്തിയായി പിന്താങ്ങിക്കൊണ്ട് ശ്രീ. കെ മുരളീധരൻ സംസാരിക്കുകയാണ്. ഐ.എസ്.ആർ.ഒ. ചാരക്കേസ്സുമായി ബന്ധപ്പെട്ട് കെ. കരുണാകരന് നേരിടേണ്ടി വന്ന ദുരന്തങ്ങളിൽ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് അങ്ങ് ചില പ്രസ്താവനകൾ നടത്തിയിരുന്നു. ആ പ്രശ്നത്തിൽ ഈ സർക്കാരിൽ നിന്ന് അങ്ങേയ്ക്ക് നീതി കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. മുരളീധരൻ: ആ പ്രശ്നം കോടതിയിലായതിനാൽ ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. തിരുവനന്തപുരം നഗരത്തിൽ ഹൈടെക് മോഷണം നടത്തിയ ബണ്ടി ചോറിനെ പോലുള്ളവരെ 72 മണിക്കൂറിനുള്ളിൽ അകത്താക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കൊലക്കേസ്സുകൾ മുതൽ

മോഷണം വരെയുള്ള കേസ്സുകളിൽ ശക്തമായ നിലപാടെടുക്കാൻ ഈ സർക്കാർ വന്നതിനുശേഷം കഴിഞ്ഞുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതേസമയം ഈ ഗവൺമെന്റിൽ ജനങ്ങൾക്ക് വിശ്വാസമുള്ളതുകൊണ്ടുതന്നെയാണ് ഈ അടുത്ത കാലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കുന്ന ഉപതെരഞ്ഞെടുപ്പുകളിൽ കഴിഞ്ഞ പഞ്ചായത്ത് ഇലക്ഷന്റെ അതേനിലയിൽ തന്നെ ജനങ്ങൾ ചിന്തിക്കുന്നുവെന്നുള്ളതിന്റെ ഉദാഹരണമാണ് ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്ന ഇലക്ഷൻ റിസൾട്ടുകൾ. രണ്ട് സീറ്റ് യു.ഡി.എഫ്.-ന് നഷ്ടപ്പെടുകയാണെങ്കിൽ എൽ.ഡി.എഫ്.-ന്റെ 3 സീറ്റ് പിടിച്ചെടുക്കാൻ യു.ഡി.എഫ്.-ന് കഴിയുന്നത്. ഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങൾ ജനങ്ങൾ അംഗീകരിക്കുന്നതിന്റെ തെളിവാണ്. ഇവിടത്തെ പ്രതിപക്ഷത്തിനെ കുറിച്ച് പറയുകയാണെങ്കിൽ, മാർക്സിസ്റ്റ് പാർട്ടി അടുത്ത കാലത്ത് സർക്കാരിനെതിരായി പല സമരങ്ങളും നടത്തുകയുണ്ടായി. അതിൽ ഒന്നായിരുന്നു അടുപ്പുകൂട്ടി സമരം. ആ സമരത്തിൽ ശ്രീ. പിണറായി വിജയന്റെ ഭാര്യ കപ്പ പുഴുങ്ങിയതും ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഭാര്യ പായസം വച്ചതും ശ്രീ. എം.എ. ബേബിയുടെ ഭാര്യ മത്സ്യക്കറി ഉണ്ടാക്കിയതും പത്രങ്ങളിൽ വായിച്ചു. ഒരു കാര്യം മാർക്സിസ്റ്റ് പാർട്ടിയിലെ സുഹൃത്തുക്കൾ ചിന്തിക്കാൻ വേണ്ടി പറയുകയാണ്. നിങ്ങൾ മുമ്പ് മനുഷ്യച്ചങ്ങല തീർത്തു. ആ മനുഷ്യച്ചങ്ങല കഴിഞ്ഞ് മനുഷ്യമതിലുണ്ടാക്കി. ആ മനുഷ്യച്ചങ്ങലയിലും മനുഷ്യ മതിലിലുമെല്ലാം ധാരാളം ബുദ്ധിജീവികളും സാംസ്കാരിക നായകന്മാരും അതുപോലെ ചലച്ചിത്രരംഗത്തെ സംവിധായകരും നായകന്മാരും പങ്കെടുത്തു. തിരുവനന്തപുരത്ത് അടുപ്പുകൂട്ടി സമരത്തിൽ ഒരടുപ്പ് കൂട്ടിയാൽ അടുത്ത അടുപ്പുകൂ

ട്ടുന്ന സ്ഥലത്തേയ്ക്കുള്ള ദൂരം എത്രയാണെന്ന് കണ്ടവർക്കറിയാം ആ സമരം അൻപേ പരാജയപ്പെടുകയായിരുന്നു. എന്തുകൊണ്ടാണ് സമരം പരാജയപ്പെട്ട തെന്ന് വിലയിരുത്താൻ നിങ്ങൾക്ക് കഴിഞ്ഞോയെന്നുള്ളത് എനിക്കറിയില്ല. അതുമാത്രമല്ല, ഇവിടെ ഭൂസമരവും നടത്തുകയുണ്ടായി. 2013 ആഗസ്റ്റ് മാസ ത്തോടുകൂടി 1 ലക്ഷം പാവപ്പെട്ട കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമിയും വീടും സൗജന്യമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുവെന്ന് ഈ നയ പ്രഖ്യാപന പ്രസംഗത്തിലുണ്ട്. അതിനിടെയാണ് അനാവശ്യമായ ഭൂസമരം ഇവിടെ നടത്തിയത്. ഏതായാലും ആ സമരം അതിദയനീയമായി പരാജയ പ്പെട്ടു. അതുപോലെ സർക്കാർ ജീവനക്കാരുടെ സമരമുണ്ടായിരുന്നു. ആ സമരം നടന്നപ്പോൾ ഏതാണ്ട് 7 ദിവസം പിടിച്ചുനിൽക്കാൻ പെട്ടപാട് സമരം നയിച്ച ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ എന്നുപറയുന്നില്ല മാർക്സിസ്റ്റ് പാർട്ടിയിൽപ്പെട്ട നേതാക്കന്മാർക്കറിയാം. അവസാനം സമരക്കാർ തന്നെ മുഖ്യമന്ത്രിയേയും ധനകാര്യവകുപ്പുമന്ത്രിയേയും സമീപിച്ച് എങ്ങനെയെ ങ്കിലും തലയൂരണമെന്ന് പറയുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ എത്തി ച്ചേർന്നു. ആദ്യമായാണ് മാർക്സിസ്റ്റ് പാർട്ടി നേതൃത്വം നൽകുന്ന സർക്കാർ ജീവനക്കാരുടെ ഒരു സമരം അൻപേ പരാജയപ്പെടുന്നത്. സമരം കൊണ്ട് ഒരു ചലനവും ഉണ്ടാക്കാൻ കഴിഞ്ഞില്ല. അകത്തുപോയി ഒപ്പിട്ടശേഷം സമര ത്തിൽ പങ്കെടുത്തവരുമുണ്ട്. ചുരുക്കത്തിൽ ആദ്യദിവസം തന്നെ 70 ശത മാനം ജീവനക്കാർ ജോലിക്ക് ഹാജരായി. പങ്കാളിത്ത പെൻഷൻ സംബന്ധിച്ച സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് സർക്കാർ ജീവനക്കാർ അംഗീകരിച്ചു വെന്നുള്ളതിന്റെ തെളിവായിരുന്നു പങ്കാളിത്ത പെൻഷനെതിരെയുള്ള സമരപരാജയം. എന്തുകൊണ്ടാണ് അടിക്കടിപരാജയങ്ങൾ ഉണ്ടാകുന്നതെന്ന്

മാർക്സിസ്റ്റ് പാർട്ടി ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ചിലരൊക്കെ പറയുന്നതുപോലെ, പാർട്ടി പിരിച്ചുവിടണമെന്നോ, അല്ലെങ്കിൽ ആ പാർട്ടി നാമാവശേഷമാകണമെന്നോ ഒന്നും ഞാൻ പറയുന്നില്ല. കാരണം ജനാധിപത്യത്തിൽ, അഖിലേന്ത്യാടിസ്ഥാനത്തിലാണെങ്കിലും സംസ്ഥാന തലത്തിലാണെങ്കിലും ഭരണകക്ഷിക്ക് ഒരിക്കലും താളം തെറ്റാതിരിക്കണമെങ്കിൽ ശക്തമായ പ്രതിപക്ഷം ആവശ്യമാണ്. ഇന്ന് മാർക്സിസ്റ്റ് പാർട്ടിയെ സംബന്ധിച്ച് പറയുമ്പോൾ ആ പാർട്ടി ഇന്ന് ചെന്നു പെട്ടിട്ടുള്ള സ്ഥിതിവിശേഷത്തെക്കുറിച്ചുകൂടി പറയണം. കോൺഗ്രസ്സ് ഒരു ജനാധിപത്യപാർട്ടിയാണ്. കോൺഗ്രസ്സിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്, അതിൽ പ്രത്യേകതയൊന്നുമില്ല. കഴിഞ്ഞ മാസം 2 പ്രധാന സമ്മേളനങ്ങൾ ഈ രാജ്യത്തുണ്ടായി. ഒന്ന്, ജയ്പൂരിൽ നടന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആൾ ഇൻഡ്യ കോൺഗ്രസ് കമ്മിറ്റിയുടെ യോഗം. രണ്ടാമതായി, മൂന്ന് സംസ്ഥാനങ്ങൾ മാത്രമാണ് ഭരിക്കുന്നതെങ്കിലും അഖിലേന്ത്യ പാർട്ടി എന്നവകാശപ്പെടുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ കൽക്കട്ട സമ്മേളനം. കൽക്കട്ടയിലെ കേന്ദ്ര കമ്മിറ്റിയും അതിനുമുമ്പ് പോളിറ്റ് ബ്യൂറോയും. ജയ്പൂരിലെ സമ്മേളനത്തിൽ ചർച്ച ചെയ്യപ്പെട്ടത് ഈ രാജ്യത്തിന്റെ സാമ്പത്തിക നയങ്ങളെക്കുറിച്ചും വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ വിജയിക്കേണ്ട കാര്യങ്ങളെക്കുറിച്ചും രാഷ്ട്രം നേരിടുന്ന പ്രധാന വെല്ലുവിളികളെക്കുറിച്ചുമാണ്. അതേസമയം കൽക്കട്ടയിൽ ചേർന്ന സമ്മേളനത്തിന്റെ അജണ്ട എന്തായിരുന്നു? ഒരു സംസ്ഥാനത്തെ പ്രതിപക്ഷ നേതാവിന്റെ പെഴ്സണൽ സ്റ്റാഫിൽപ്പെട്ട അംഗങ്ങളെ പുറത്താക്കാൻ സംസ്ഥാന കമ്മിറ്റി മഹാഭൂരിപക്ഷത്തോടെ എടുത്ത തീരുമാനം നടപ്പാക്കണമോ

വേണ്ടയോ എന്നുള്ളതിനെക്കുറിച്ചാണ് അഖിലേൻഡ്യാ പാർട്ടിയുടെ സമ്മേ ളനം ചർച്ച ചെയ്തെന്ന് പറയുമ്പോൾ ആ പാർട്ടിക്ക് ഇന്നുണ്ടായിട്ടുള്ള മുല്യ ച്ച്യുതിയെക്കുറിച്ച് ഓർമ്മിപ്പിക്കാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുന്നു. മുമ്പ് മാർക്സിസ്റ്റ് പാർട്ടിയിൽ നിന്നും പലരേയും പുറത്താക്കിയിട്ടുണ്ട്. ശ്രീ.എം.വി. രാഘവനെ മാർക്സിസ്റ്റ് പാർട്ടിയിൽ നിന്ന് പുറത്താക്കുമ്പോൾ അദ്ദേഹം ഉൾപ്പെടെ 5 എം.എൽ.എ. മാർ അന്ന് മാർക്സിസ്റ്റ് പാർട്ടിയിൽ നിന്നും പുറത്തുപോയി. അവർ സി.എം.പി. രൂപീകരിച്ചു. അതുപോലെ തിരു വിതാംകൂർ പ്രദേശത്ത് നല്ല സ്വാധീനമുണ്ടായിരുന്ന, കമ്മ്യൂണിസ്റ്റ് പാർട്ടി യുടെയും മാർക്സിസ്റ്റ് പാർട്ടിയുടെയും സമരചരിത്രത്തിൽ മുഖ്യപങ്കുവ ഹിച്ച ശ്രീമതി കെ.ആർ. ഗൗരിയമ്മയെ മാർക്സിസ്റ്റ് പാർട്ടിയിൽ നിന്നും പുറ ത്താക്കി. ശ്രീ. എം.വി. രാഘവനേയും ശ്രീമതി കെ.ആർ. ഗൗരിയമ്മയേയും പുറത്താക്കാൻ ധൈര്യം കാണിച്ച മാർക്സിസ്റ്റ് പാർട്ടിക്ക് ..........

മി. ചെയർമാൻ : ശ്രീ. കെ. മുരളീധരൻ, 4 മിനിട്ട് അധികമായി.

ശ്രീ. കെ. മുരളീധരൻ: ഞാൻ രണ്ട് മിനിട്ടുകൂടി മാത്രമേ സംസാരിക്കുക യുള്ളു. ഞാൻ എപ്പോഴും സംസാരിക്കുന്ന ആളല്ലെന്ന് അങ്ങേയ്ക്ക് അറിയാ മല്ലോ. ശ്രീ. എം.വി. രാഘവനേയും ശ്രീമതി കെ.ആർ. ഗൗരിയമ്മയേയും പുറ ത്താക്കാൻ ഒരു സെക്കൻഡുപോലും അന്നത്തെ അഖിലേൻഡ്യാ നേതൃത്വ ത്തിന് ചിന്തിക്കേണ്ടിവന്നില്ല. അവർ ചെയ്തത് ശരിയോ തെറ്റോ എന്നുള്ളത് വേറെ കാര്യം. അത് ജനങ്ങൾ തള്ളിക്കളഞ്ഞിട്ടുണ്ട്. കാരണം ഈ രണ്ടു പേരും പിന്നീട് നിയമസഭയിലേയ്ക്ക് തെരെഞ്ഞെടുക്കപ്പെട്ട് വന്നിട്ടുണ്ട്. എങ്കിലും രാഷ്ട്രീയ പാർട്ടിയുടെ ചട്ടക്കൂടിൽ നിന്നുകൊണ്ട് ശക്തമായ നില പാടെടുക്കാൻ അന്നത്തെ അഖിലേന്ത്യാ നേതൃത്വത്തിന് കഴിഞ്ഞുവെങ്കിൽ

ഇന്ന് 3 സംസ്ഥാനങ്ങളിൽ ഒരു സംസ്ഥാനത്തെ പ്രതിപക്ഷനേതാവിന്റെ പേഴ്സണൽ സ്റ്റാഫിലുള്ള 3 പേരെ പുറത്താക്കിയാൽ എന്തായിരിക്കും സ്ഥിതിയെന്ന് ഭയപ്പെടുന്ന നേതൃത്വം നിങ്ങളുടെ തലപ്പത്തുള്ളിടത്തോളം കാലം ഇവിടത്തെ പാർട്ടി സെക്രട്ടറിയേറ്റിനോ സംസ്ഥാന കമ്മിറ്റിക്കോ വല്ല വിലയും ഉണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. ഫുട്ബോളിൽ ഫൗൾ കാണിക്കുമ്പോൾ ആദ്യം റഫറി മഞ്ഞ കാർഡ് കാണിക്കുമെന്ന് നമുക്കറിയാം. മഞ്ഞ കാർഡ് കാണിച്ചതിനുശേഷവും ഫൗളായാൽ പിന്നെ കാണിക്കുന്നത് ചുവന്ന കാർഡാണ്. അതായത്, ആ കളിക്കാരൻ കളിക്കളത്തിൽ നിന്ന് പുറത്തുപോകണം. ഇവിടെ പ്രതിപക്ഷ നോതാവിനെതിരെ എത്ര തവണ മഞ്ഞ കാർഡ് കാണിച്ചു; ഇന്ന് ആ മഞ്ഞ കാർഡിന് വല്ല വിലയുമുണ്ടോ? ആ മഞ്ഞ കാർഡിനുപകരം ചുമന്ന കാർഡ് പുറത്തെടുത്താൽ അടുത്ത പാർലമെന്റ് ഇലക്ഷനിലും നിയമസഭാ ഇലക്ഷനിലും പരാജയപ്പെടുമെന്ന ബോധം അഖിലേന്ത്യാ നേതൃത്വത്തിനുള്ളിടത്തോളം കാലം ഇവിടെ പ്രതിപക്ഷ നേതാവ് എന്ത് ചെയ്താലും അത് സഹിക്കേണ്ട സ്ഥിതിയിലേയ്ക്കാണ് നിങ്ങൾ എത്തിച്ചേർന്നിട്ടുള്ളത്. സൂര്യനെല്ലിക്കേസ്സിന്റെ പേരുപറഞ്ഞ് 4-ാം തീയതി നിങ്ങൾ സഭ മുടക്കാൻ തയ്യാറായതിനുകാരണം ഇവിടെ നടക്കുന്ന പല ചർച്ചകളും നിങ്ങൾക്ക് അലോസരമുണ്ടാക്കുമെന്നുള്ളതാണ്. വളരെ വ്യക്തമായി പാർട്ടി സെക്രട്ടറിക്ക് എതിരായി പാർലമെന്ററി പാർട്ടി ലീഡർ തന്നെ അഴിമതി ആരോപണം കൊണ്ടുവരുന്നു.

ലാവ്ലിൻ കേസ്സിൽ ശ്രീ. പിണറായി വിജയൻ എട്ടാം പ്രതിയായത് കുറ്റം ചെയ്തതുകൊണ്ടുതന്നെയാണെന്ന് വളരെ വ്യക്തമായി പറഞ്ഞില്ലേ. അത് പറഞ്ഞത് യു.ഡി.എഫ് ആണോ, കോൺഗ്രസ്സ് ആണോ? വളരെ വ്യക്തമായി

ത്തന്നെ പ്രതിപക്ഷനേതാവ് പറഞ്ഞു, ഒരാൾ മാത്രമാണ് മൊഴി പറഞ്ഞത്. സാമ്പത്തിക ലാഭത്തിനുവേണ്ടിയല്ല അഴിമതി ചെയ്തതെന്ന് ഒരാളുമാത്രമേ പറഞ്ഞിട്ടുള്ളൂ എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം അത് ഒറ്റപ്പെട്ട ശബ്ദ മായി കണക്കാക്കിയാൽ മതി. കുറ്റം ചെയ്തത് ശ്രീ. പിണറായി വിജയൻ തന്നെയാണെന്ന് ശ്രീ. വി.എസ്. അച്ചുതാനന്ദൻ അക്കമിട്ട് പറയുന്നു. ഇത് അന്വേഷിക്കാൻ പി.കരുണാകരൻ കമ്മീഷനെ നിയമിച്ചു. അതിന്റെ റിപ്പോർട്ട് ലോകം മുഴുവൻ മനസ്സിലാക്കിയെങ്കിലും നിങ്ങളുടെ തലപ്പത്ത് ഉള്ള ആളു കൾ മാത്രം ഇതുവരെ മനസ്സിലാക്കിയില്ല എന്നുപറയുമ്പോൾ നിങ്ങളെവിടെ എത്തി നിൽക്കുന്നുവെന്ന് ചിന്തിക്കണം. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇവിടെ ഒരു സർക്കാർ നല്ല കാര്യം ചെയ്യുമ്പോൾ അതിനെ പിന്തുണയ്ക്കുന്നതിനു പകരം ആ സർക്കാരിനെ അന്ധമായി എതിർക്കാനുള്ള ശ്രമങ്ങൾ ആണെ ങ്കിൽ ഇത് പഴയ കേരളമല്ല, ജനങ്ങല്ലൊം കാണുന്നുണ്ട്, കേൾക്കുന്നുണ്ട് എന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ അനുകൂലിക്കാൻ ഇവിടെ പ്രതിപക്ഷവും മുന്നോട്ടുവരണം എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വ ത്തിൽ ഈ ഗവൺമെന്റ് കാലാവധി തികയ്ക്കുകമാത്രമല്ല വീണ്ടും അടുത്ത തവണ യു.ഡി.എഫ് അധികാരത്തിൽ വരാൻ വേണ്ടി ഒറ്റക്കെട്ടായിത്തന്നെ ഞങ്ങൾ ഒത്തൊരുമിച്ച് പ്രവർത്തിക്കും എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഒരി ക്കൽകൂടി ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തമായി പിന്താങ്ങുന്നു.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം ഒരു നയമില്ലാത്ത പ്രസംഗമാണ്. വളരെ നിരാശാജനകമാണ്. ഒരു ലക്ഷ്യബോധമില്ലാത്ത പ്രസംഗമാണ്. നിരുത്തരവാദപരമായ പ്രസംഗമാണ്.

യു.ഡി.എഫ് ഗവൺമെന്റിന്റെ ഇപ്രകാരമുള്ള ഒരു നിലപാടിനെ അതിനിശിതമായി ഞാൻ വിമർശിക്കുകയാണ്. ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം എല്ലാവരും പോകുകയാണ്. നിശ്ചയമായിട്ടും ആഭ്യന്തരമന്ത്രി ഇവിടെ ഇരിക്കണമെന്നാണ് ഞാൻ പറയുന്നത്. 2012 മാർച്ച് 1-ലെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം നിങ്ങൾ ഒന്ന് വായിച്ചുനോക്കണമെന്നാണ് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നത്. അതിൽ 94 പേജുണ്ട്. ഇപ്പോഴത്തെ നയപ്രഖ്യാപനത്തിൽ 44 പേജാണുളളത്. എന്താണ് എഴുതിവച്ചിരിക്കുന്നതെന്ന് നിങ്ങൾ ഒന്നുകൂടി വായിച്ചുനോക്കണം എന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ജീവനക്കാരുടെ സമരത്തെ നിശിതമായി ആക്ഷേപിച്ചുകൊണ്ടാണ് ഇപ്പോഴത്തെ നയപ്രഖ്യാപനത്തിന്റെ തുടക്കം. അതിനകത്ത് മലയാളത്തിലെഴുതിയ തർജ്ജിമ വായിച്ചിട്ട് മനസ്സിലാകുന്നില്ല, 'terribly shortsighted and did not reflect a mature understanding of hard realities' എന്താണ് ഈ hard realities? hard realities എന്നുപറയുന്നത് ഡിസംബർ മാസം 27-ാം തീയതി നമ്മുടെ മുഖ്യമന്ത്രിമാർ ഡൽഹിയിൽ ചേർന്നു. പ്രധാനമന്ത്രി പ്രസംഗിച്ചു. നാഷണൽ ഡവലപ്പ്മെന്റ് കൗൺസിലിന്റെ യോഗമായിരുന്നു. പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യാനും തീരുമാനമെടുക്കാനുമാണ് യോഗം കൂടിയത്. ആ യോഗത്തിൽ പ്രധാനമന്ത്രി നടത്തിയ പ്രസംഗം നിങ്ങളെല്ലാം വായിച്ചുകാണും. ആ പ്രസംഗത്തിൽ സാധാരണക്കാരുടെ ജീവിതം തകർക്കുന്ന ഒരു നയമാണ് പ്രധാനമന്ത്രി അവിടെ പ്രഖ്യാപിച്ചത്. സബ്സിഡികളെല്ലാം വെട്ടിക്കുറയ്ക്കണം. സബ്സിഡിയെല്ലാം പൂർണ്ണമായിട്ട് അവസാനിപ്പിക്കണം. അത് കുറച്ചില്ലെങ്കിൽ പ്ലാൻ ചെലവ് വെട്ടികുറയ്ക്കും. പ്ലാൻ ചെലവ് വെട്ടിക്കുറച്ചില്ലെങ്കിൽ

ധനകമ്മി വർദ്ധിക്കും. ചരക്ക് സേവന നികുതി വർദ്ധിപ്പിക്കണം. ഇങ്ങനെ സബ്സിഡി വെട്ടികുറയ്ക്കണം, ചരക്ക് സേവന നികുതി വർദ്ധിപ്പിക്കണം, അതുപോലെതന്നെ സ്വകാര്യ മുതലാളിമാർക്ക് വൻതോതിൽ സൗജന്യ സഹായം നൽകണം. നമ്മുടെ രാജ്യം ചെന്നുപ്പെട്ടിരിക്കുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ ഇറക്കുമതിയെയാണ് നാം ആശ്രയിക്കുന്നത്. കൽക്കരി, പ്രകൃതി വാതകം, പെട്രോളിയം ഉൽപ്പന്നങ്ങൾ ഇതെല്ലാം നാം ഇറക്കുമതി ചെയ്യുകയാണ്. നമ്മുടെ എല്ലാ ഉൽപ്പന്നങ്ങളുടേയും വില അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തണം. സംസ്ഥാന ഗവൺമെന്റുകൾ അക്കാര്യത്തിൽ സഹകരിക്കണം. സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് നമ്മുടെ മുഖ്യമന്ത്രി അവിടെ പറഞ്ഞോ? വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ച് സാമ്പത്തിക ഭദ്രത കൈവരുത്തണം. അതുപോലെതന്നെ ജലത്തിന്റെ വിനിയോഗത്തിന് റഗുലേറ്ററി അതോറിറ്റി വേണം. സാമ്പത്തിക വളർച്ച നേടാൻ നിരവധി മേഖലകളിൽ ഇടപെടണം. വൈദ്യുതി, ജലം, ഇന്ധനം എല്ലാം സ്വകാര്യ കുത്തകകളുടെ നിയന്ത്രണത്തിലാക്കണം. ആഭ്യന്തരവും വൈദേശികവുമായ കോർപ്പറേറ്റുകളെ നിയന്ത്രണത്തിന് വിധേയമാക്കണം. ഇതൊക്കെയാണ് പ്രധാനമന്ത്രി അവിടെ പ്രസംഗിച്ചത്. അപ്രകാരമുള്ള പ്രധാനമന്ത്രിയുടെ ആ നയപ്രഖ്യാപനത്തെ നമ്മുടെ മുഖ്യമന്ത്രി സ്വീകരിച്ചുവെന്നാണ് പിന്നീടുള്ള റിപ്പോർട്ടുകൾ വായിച്ചാൽ നമുക്ക് മനസ്സിലാകുന്നത്. മുഖ്യമന്ത്രിമാരെല്ലാം അംഗീകരിച്ചു, അംഗീകരിക്കാൻ നിർബന്ധിതരാണ്. കേരളത്തിൽ ഇക്കാര്യങ്ങൾ നമ്മുടെ നയപ്രഖ്യാപനത്തിൽ വ്യക്തമാക്കാതെ നടപ്പിലാക്കുകയാണ് ചെയ്യുന്നത്. ഇന്ധനവില കൂട്ടിക്കഴിഞ്ഞു. 10 മാസം കൊണ്ട് ഡീസലിന് 10 ശതമാനം വർദ്ധനവുണ്ടായി. മണ്ണെണ്ണയ്ക്ക് 10 രൂപ വില വർദ്ധനവുണ്ടായി. അപ്പോൾ ഉപഭോഗം 20%

കുറയും. ബഹുമാനപ്പെട്ട മന്ത്രിമാരേ, ഗവൺമെന്റേ ഞാൻ ചോദിക്കുകയാണ്, മണ്ണെണ്ണയുടെ വില കൂട്ടിയാൽ ഉപഭോഗം കുറയ്ക്കാൻ സാധിക്കുമോ; മത്സ്യ ത്തൊഴിലാളികൾക്ക് മത്സ്യബന്ധനം വേണ്ടേ, അവർക്ക് പകുതി ദൂരം പോയിട്ട് തിരിച്ചുവരാൻ കഴിയുമോ? ഇതൊന്നും മനസ്സിലാക്കാതെ തികച്ചും അപ്രായോഗികമായിട്ടുള്ള സമീപനമാണ് നിങ്ങൾ സ്വീകരിക്കുന്നത്. കേരള ത്തിന്റെ ജീവിത നിലവാരം അതീവ ഗുരുതരമായി വർദ്ധിക്കുകയാണ്. ബാങ്ക്, ഇൻഷുറൻസ്, പൊതുമേഖല ഇതെല്ലാം ഇൻഡ്യൻ കോർപ്പറേറ്റുകൾക്കും അന്താരാഷ്ട്ര കുത്തകകൾക്കും നിങ്ങൾ തീറെഴുതുകയാണ്. ഇന്ന് രാവിലെ പത്രത്തിൽ വായിച്ചു 12,000 കോടി രൂപയുടെ എൻ.റ്റി.പി.സി.യുടെ 9.25% ഓഹരിയാണ് ഗവൺമെന്റ് വിറ്റഴിക്കാൻ തീരുമാനിച്ചിരിക്കുന്നത്. രാജ്യ ത്തിന്റെ സമ്പദ് വ്യവസ്ഥകൾ തകർക്കുകയാണ്. കേരളത്തിന്റെ സ്ഥിതിയും അതുതന്നെയാണ്. നിങ്ങൾ മനസ്സിലാക്കണം, ഏപ്രിൽ മാസം മുതൽ ഡിസംബർ മാസം വരെയുള്ള എട്ട് മാസങ്ങളിലെ നമ്മുടെ രാജ്യത്തിന്റെ ട്രേഡ് ഡെഫിസിറ്റ്, കയറ്റിറക്കുമതി വ്യാപാരത്തിലെ കമ്മി 8,02,026 കോടി രൂപയാണ്. ഈ പശ്ചാത്തലത്തിൽ വൻതോതിൽ എഫ്.ഡി.ഐ നമ്മുടെ രാജ്യത്തേയ്ക്ക് ക്ഷണിച്ചുവരുത്തുകയാണ്. ആ എഫ്.ഡി.ഐ.യാണ് നമ്മുടെ രാജ്യത്തെ വീണ്ടും അപകടത്തിലേയ്ക്ക് നയിക്കാൻ പോകുന്നത്. ഇതാണ് ഈ hard realities എന്നു പറയുന്നത്. ഇത് മനസ്സിലാക്കാത്ത ശുംഭന്മാരാണ് കേരളത്തിലെ ഉദ്യോഗസ്ഥന്മാർ എന്നാണ് ഇതിൽ എഴുതിവച്ചിരിക്കുന്നത്. ഗവർണ്ണർ പറഞ്ഞത് അതാണ്. എന്തായിരുന്നു ജീവനക്കാരുമായിട്ടുള്ള ഒത്തുതീർപ്പ്; എന്തിനാണ് നിങ്ങൾ ഒത്തുതീർപ്പുണ്ടാക്കിയത്? ശ്രീ. കെ.എം. മാണിയും അതുപോലെതന്നെ മുഖ്യമന്ത്രിയും മിനിമം പെൻഷൻ കൊടു

ക്കാം, ഇപ്പോൾ നിലവിലുള്ള ജീവനക്കാർക്ക് ഈ നിയമം ബാധകമാകില്ല, ഈ വാഗ്ദാനങ്ങൾ ഒരു വഞ്ചനയായിരുന്നില്ലേ? ട്രഷറിയിൽ പണമടയ്ക്കാം, ഇതൊരു വഞ്ചനയായിരുന്നില്ലേ? അപ്പോൾ നിയമം പാസ്സാക്കുന്നതിനുമുമ്പു തന്നെ നിങ്ങൾ അപ്രകാരം വാഗ്ദാനം കൊടുക്കുകയാണ് ചെയ്തത്. ഈ നയപ്രഖ്യാപനത്തിലൂടെ വ്യക്തമാക്കുന്നത് നിങ്ങൾ വഞ്ചനാപരമായ നില പാട് സ്വീകരിച്ചുവെന്നാണ്. ചർച്ചപോലും സാധ്യമല്ലെന്നുപറഞ്ഞ മുഖ്യമന്ത്രി ധാർഷ്ട്യമെല്ലാം വെടിഞ്ഞ് ചർച്ച ചെയ്ത് ഉണ്ടാക്കിയ വ്യവസ്ഥകൾ നടപ്പിലാ ക്കിയില്ലെന്നല്ലേ വ്യക്തമാക്കുന്നത്? ജീവനക്കാരുടേയും തൊഴിലാളികളു ടേയും സമരത്തോട് പരമപുച്ഛമാണ് നിങ്ങൾക്ക്. ഇപ്രകാരമുള്ള പുച്ഛം കാണിക്കുന്ന നിങ്ങൾ അപ്പുറത്തിരിക്കുന്ന ട്രേഡ് യൂണിയൻ നേതാക്കന്മാരും ഇപ്പുറത്തിരിക്കുന്ന ട്രേഡ് യൂണിയൻ നേതാക്കന്മാരും ഈ രാജ്യത്തെ എല്ലാ ജനാധിപത്യപ്രസ്ഥാനങ്ങളും ഒരുമിച്ച് ചേർന്ന് ഈ മാസം 20, 21 എന്നീ തീയ തികളിൽ നടത്താൻ പോകുന്ന 48 മണിക്കൂർ പണിമുടക്ക് സമരം, ആ പണി മുടക്ക് സമരത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട കെ.എം. മാണി അടുത്ത ബഡ്ജറ്റ് പ്രസംഗത്തിൽ ഇപ്രകാരമുള്ള പുച്ഛം പ്രകടിപ്പിക്കുമോ? അപ്പോൾ യഥാർത്ഥ്യത്തിൽ നിങ്ങൾക്ക് യാഥാർത്ഥ്യ ബോധമില്ലെന്നാണ്. യാഥാർത്ഥ്യ ബോധമില്ലാത്ത ഒരു നയപ്രഖ്യാപനമാണിത്. രൂക്ഷമായ വിലക്കയറ്റമാണിവി ടെ. രൂക്ഷമായ വിലക്കയറ്റം തടയാൻ യൂണിവേഴ്സൽ പി.ഡി.എസ് വേണം എന്നല്ലേ ഡോ. ജി. സഞ്ജീവ റെഡ്ഢി കഴിഞ്ഞ ദിവസം പറഞ്ഞത്. ജനങ്ങ ളുടെ ജീവിതം ദുസ്സഹമായിരിക്കുകയാണ്. ഡോ. ജി. സഞ്ജീവ റെഡ്ഢി അടക്കമാണ് നമ്മൾ സമരം ചെയ്യുന്നത്. നിങ്ങൾക്ക് അതിനെ എതിർക്കാൻ കഴിയുമോ? 20, 21 തീയതികളിലെ സമരമാണ്. അത് നടപ്പിലാക്കുമ്പോൾ 11

ദേശീയ ട്രേഡ് യൂണിയനുകൾ, എസ്.റ്റി.യു അടക്കം കേരളത്തിലെ 6 ട്രേഡ് യൂണിയനുകൾ എല്ലാപേരും ഒരുമിച്ച് ചേർന്ന് ഗവൺമെന്റ് നയത്തിനെതിരായാണ് സമരം നടത്തുന്നത്. ആ നയമാണ് കേരളത്തിലെ ഗവൺമെന്റും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പങ്കാളിത്ത പെൻഷൻ എല്ലാപേരും അംഗീകരിച്ചുവെന്ന് നയപ്രഖ്യാപനത്തിൽ പറയുന്നു. എംപ്ലോയീസ് പെൻഷൻ ഫണ്ടിന്റെ കാര്യം നിങ്ങൾക്ക് ഓർമ്മയില്ലേ? എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് എന്ന സ്കീമിനെ അന്ന് ഞങ്ങൾ എതിർത്തതാണ്. ഞങ്ങൾ മാത്രമാണ് എതിർത്തത്. അവസാനം നിങ്ങളുമിപ്പോൾ എതിർക്കുകയല്ലേ ചെയ്യുന്നത്. 20, 21 തീയതികളിലെ പണിമുടക്ക് സമരത്തിന് ആധാരമായ ഒരു വിഷയമതാണ്, 1995-ൽ കൊണ്ടുവന്ന എംപ്ലോയീസ് പെൻഷൻ ഫണ്ട് സ്കീം. അപ്പുറത്തിരിക്കുന്ന ട്രേഡ് യൂണിയൻ നേതാക്കന്മാരടക്കം ഇപ്പോൾ മിനിമം പെൻഷനുവേണ്ടി എല്ലാപേരും സമരം ചെയ്യുന്നു. ഞാൻ അതിലൊന്നും വിശദമായി കടക്കുന്നില്ല. 20, 21 തീയതികളിലെ പണിമുടക്ക് സമരം ഈ രാജ്യത്തെ ആഭ്യന്തര കോർപ്പറേറ്റുകൾക്കും വിദേശ കോർപ്പറേറ്റുകൾക്കും തീറെഴുതുന്ന കേന്ദ്ര ഗവൺമെന്റിന്റെ അതിരൂക്ഷമായ ജനവിരുദ്ധ നയങ്ങൾക്കെതിരായിട്ടുള്ള വമ്പിച്ച സമരത്തിന്റെ തുടക്കമാണെന്നുള്ള കാര്യം ഞാനിവിടെ പറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഭൂ സമരത്തെക്കുറിച്ചു

പറഞ്ഞു. ഭൂ സമരം നടത്തിയവർ ആരെങ്കിലും അപ്പുറത്തുണ്ടോ? 1957-ലെ ഇ.എം.എസ്. ഗവൺമെന്റ് അധികാരത്തിൽ വന്നതുതന്നെ കേരളത്തിലെ കാർഷിക പരിഷ്ക്കാര സമരങ്ങളിൽക്കൂടിയാണ്. ഭൂ സമരത്തിൽക്കൂടിയാണ്. കുടികിടപ്പുകാർക്കുവേണ്ടി, കൈവശ കൃഷിക്കാർക്കുവേണ്ടിയുള്ള അനേകമനേകം ത്യാഗോജ്ജ്വലപരമായ സമരങ്ങളിൽക്കൂടിയാണ് 1957 ലെ ഇ.

എം.എസ് ഗവൺമെന്റ് അധികാരത്തിൽ വന്നത്. 1959-ൽ ആ ഗവൺമെന്റിനെ നിങ്ങൾ മറിച്ചിട്ടു. വീണ്ടും ഞങ്ങൾ അധികാരത്തിൽ വന്നു. കാർഷിക പരിഷ്ക്കാര നിയമം നടപ്പിലാക്കിയതിനാണ് 1959-ൽ ഗവൺമെന്റിനെ മറിച്ചിട്ടത്. അതിനെതിരെ ആ നിയമം ഭേദഗതി ചെയ്തത് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന്റെ നേതാവായിട്ടുള്ള ആർ. ശങ്കറിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ്. പട്ടം താണുപിള്ളയെ മാറ്റിയിട്ട് ആർ.ശങ്കർ മുഖ്യമന്ത്രിയായപ്പോൾ ആ നിയമം ഭേദഗതി ചെയ്തു. ആ നിയമം അട്ടിമറിച്ചു. അതാണ് കേന്ദ്രം അംഗീകരിച്ചത്. അപ്രകാരമുള്ള നിയമം വീണ്ടും ഞങ്ങൾ ഭേദഗതി ചെയ്തു. 10 ലക്ഷം കുടികിടപ്പുകാർക്ക് കുടികിടപ്പവകാശം കൊടുത്തു. 15 ലക്ഷം കൃഷിക്കാർക്ക് കൃഷിഭൂമിയിൽ അവകാശം കൊടുത്തു. മിച്ചഭൂമിക്കുവേണ്ടി 1970 മുതൽ ഇന്നുവരെ സമരം ചെയ്യുകയാണ്. അതിന്റെ മാറ്റമാണ് കേരളത്തിന്റെ മാറ്റം. നമ്മുടെ സാമൂഹിക വ്യവസ്ഥയിലുണ്ടായിട്ടുള്ള മാറ്റത്തിന് കാരണമതാണ്. സാമൂഹിക വ്യവസ്ഥയിലുണ്ടായിട്ടുള്ള മാറ്റത്തിന് കാരണമെന്താണെന്ന് മനസ്സിലാക്കാതെ അവിടെ സമരം ആരംഭിച്ചപ്പോൾ ശ്രീ. അടൂർ പ്രകാശ് എതിർത്തു. ഇപ്പോൾ ശ്രീ. കെ. മുരളീധരനും എതിർക്കുകയാണ്. ശ്രീ. അടൂർ പ്രകാശ് കൊച്ചു പയ്യനായിരുന്ന കാലത്താണ് അവിടെ അനേകമനേകം സമരം നടന്നത്. 1977, 1980 കളുടെ ആദ്യം നടന്നിട്ടുള്ള നിരവധി സമരങ്ങളുടെ കഥ അവിടത്തെ പഴയ കാരണവന്മാരോട് ചോദിച്ചാൽ ശ്രീ. അടൂർ പ്രകാശിന് അറിയാൻ കഴിയും. കൃഷിക്കാരുടെ സമരങ്ങളിൽക്കൂടിയാണ് കേരളം സാമൂഹികമായി വളർന്നത് എന്നുള്ള വസ്തുത മനസ്സിലാക്കാൻ അപ്പുറത്തിരിക്കുന്നവർക്ക് കഴിയണം എന്നാണ് എനിക്ക് പറയുവാനുള്ളത്. തോട്ടം ഭൂമിയുടെ കാര്യം നിങ്ങൾ പറഞ്ഞു.

ഞങ്ങൾ പറയുന്നു, തോട്ടം ഭൂമിയുടെ അധികമുള്ള ഭൂമി അഞ്ച് ശതമാന മായാലും മൂന്നു ശതമാനമായാലും അത് തോട്ടം തൊഴിലാളികൾക്കും പാവ പ്പെട്ടവർക്കും വേണ്ടി നിങ്ങൾ വിഭജിച്ചുകൊടുക്കണം. അതാണ് നിങ്ങൾ സ്വീകരിക്കേണ്ട നയം. ജന്മിത്തത്തിനെതിരായിട്ടുള്ള അനേകം സമര ങ്ങളിലൂടെ വളർന്നുവന്ന കേരളത്തിന്റെ സൽപാരമ്പര്യങ്ങളെ ചോദ്യം ചെയ്യുന്നതാണ് ഗവർണ്ണറുടെ പ്രസംഗം. കെ. കരുണാകരൻ എഴുതിയ പുസ്തകങ്ങൾ ബഹുമാനപ്പെട്ട കെ. മുരളീധരൻ വായിച്ചു നോക്കണം. അപ്പോഴറിയാം കേരളം എങ്ങനെയാണ് വളർന്നുവന്നു എന്നുള്ളത്. ഞാൻ മറ്റൊരു കാര്യത്തിലേയ്ക്ക് കടക്കുകയാണ്. ഉൾനാടൻ മത്സ്യത്തൊഴിലാളി കളുടെ പ്രശ്നം ഇതിനകത്ത് പറയുന്നുണ്ട്. അഷ്ടമുടിക്കായലും വേമ്പനാട്ട് കായലും സംരക്ഷിക്കാൻ നിങ്ങൾ നടപടി സ്വീകരിക്കുമോ? അവിടെ മാലിന്യ നിർമ്മാർജ്ജനത്തിനുവേണ്ടി, അവിടെ കൈയേറ്റത്തിനെതിരായി ഉൾനാടൻ മത്സ്യബന്ധനമേഖല വളരണം എന്നുള്ളത് രാജ്യത്തിന്റെ ആവശ്യമാണ്. ഇപ്പോൾ പ്ലാനിംഗ് കമ്മീഷൻ തന്നെ പറയുന്നു, മൂന്നര മില്യൺ ഡോളറാണ് നമ്മുടെ മത്സ്യ സമ്പത്ത് കയറ്റുമതി ചെയ്യുന്നതിലൂടെ ഇന്ത്യക്ക് കിട്ടുന്നതെന്ന്. അതിൽ 3890 കോടി രൂപ കേരളത്തിന്റെ വിഹിതമാണ്. നിങ്ങൾക്ക് വ്യക്ത മായ പദ്ധതിയുണ്ടെങ്കിൽ ആ പദ്ധതി പ്രാവർത്തികമാക്കാൻ നോക്കണം. അതിന്റെ ഭാഗമായി ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കണം. നയപ്രഖ്യാ പനത്തിൽ പരമ്പരാഗത വ്യവസായത്തെക്കുറിച്ച് എന്താണ് പറഞ്ഞിരിക്കുന്ന ത്. നയപ്രഖ്യാപനത്തിൽ കശുവണ്ടി വ്യവസായത്തെക്കുറിച്ച് എന്തെങ്കിലും ഒരു പരാമർശമുണ്ടോ? 4397 കോടി രൂപ കഴിഞ്ഞ സാമ്പത്തിക വർഷം നമ്മുടെ രാജ്യത്തിന് വിദേശനാണ്യം നേടിക്കൊടുത്ത മൂന്നു ലക്ഷം തൊഴിലാ

ളികളുള്ള വ്യവസായമാണ് കശുവണ്ടി വ്യവസായം. അതിനെക്കുറിച്ച് ഒരു വാക്ക് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടോ? കൈത്തറിയെപ്പറ്റി പറഞ്ഞിട്ടുള്ളത് എറണാകുളം ടൂറിസം സർക്യൂട്ടിനടുത്ത് കൈത്തറി ഗ്രാമം സ്ഥാപിക്കുമെന്നാണ്. ടൂറിസം സർക്യൂട്ടിനടുത്ത് കൈത്തറി ഗ്രാമം എങ്ങനെയാണ് സ്ഥാപിക്കുന്നത്. അതുപോലെ കയർ മേഖലയെക്കുറിച്ചു പറഞ്ഞിട്ടുള്ളത് മുല്യ വർദ്ധിത ഉത്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു കയർ ഫാക്ടറി ആരംഭിച്ചിട്ടുണ്ടെന്നാണ്. എവിടെയാണ് ഈ കയർ ഫാക്ടറി ആരംഭിച്ചത്? കേരളത്തിലാണോ ആരംഭിച്ചത്? ....(ബഹളം)......കോന്നിയിൽ എവിടെ ആരംഭിച്ചു, ഇനി ആരംഭിക്കുമെന്നോ? ആരംഭിച്ചിട്ടുണ്ട് എന്നല്ലേ ഗവർണറുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞത്. കോന്നിയിൽ കയറുണ്ടോ? ........(ബഹളം).................

മി. ചെയർമാൻ: ശ്രീ. പി. കെ. ഗുരുദാസൻ, അങ്ങ് മൂന്ന് മിനിറ്റ് കുടുതൽ സംസാരിച്ചു.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മീഷൻ രൂപീകരിക്കുമെന്ന് പറഞ്ഞു. കഴിഞ്ഞ ഡിസംബർ മാസം 18-ാം തീയതി ബഹുമാനപ്പെട്ട സുപ്രീംകോടതി ഒരു വിധി പ്രസ്താവിച്ചിട്ടുണ്ട്. ആ വിധി എന്താണെന്നുവച്ചാൽ നമ്മുടെ നിയമസഭയിൽ അടിയന്തര പ്രമേയം വഴി ചർച്ച ചെയ്ത വിഷയമാണ്. എൻട്രിക്ക ലെക്സി എന്നു പറയുന്ന ഒരു ഇറ്റാലിയൻ കപ്പലിലെ നാവികർ രണ്ട് മത്സ്യത്തൊഴിലാളികളെ വെടിവച്ചുകൊന്നു. അതിന് കേസ് എടുക്കാൻ കേരള ഗവൺമെന്റിനോ വിചാരണ നടത്താൻ കേരളത്തിലെ കോടതിക്കോ അധികാ

രമില്ല എന്നാണ് സുപ്രീംകോടതി പറഞ്ഞത്. ഇത് വായിക്കാത്ത മന്ത്രിമാരാണോ നിങ്ങൾ. അതിനകത്ത് പറഞ്ഞിരിക്കുന്നത്, സംസ്ഥാന ഗവൺമെന്റിന് കേസ് എടുക്കാൻ അവകാശമില്ല, ഒരു സ്പെഷ്യൽ കോടതി ഈ കേസ് നടത്തണം എന്നാണ്. ഇത് സുപ്രീംകോടതിയുടെ നിഗമനമാണ്. ഞാൻ ചോദിക്കട്ടെ, ഇന്ത്യൻ പീനൽ കോഡും സി.ആർ.പി.സി. യുമൊക്കെ രാജ്യത്തിനാകെ ഒരുപോലെ ബാധകമല്ലേ. ഇന്ത്യൻ യൂണിയൻ ഗവൺമെന്റിനും കേരള ഗവൺമെന്റിനും ഒരുപോലെ ബാധകമല്ലേ. സുപ്രീംകോടതി വിധിയെ ഞാൻ വിമർശിക്കുന്നില്ല. പക്ഷെ കേരള ഗവൺമെന്റിന് അതിനവകാശമില്ല എന്നു പറഞ്ഞാൽ നിങ്ങൾ റിവ്യൂ ഹർജി കൊടുത്തോ? ഇപ്രകാരം ഒരു സംഭവം ഇനി കടലിൽ ഉണ്ടായാൽ നമ്മുടെ മത്സ്യത്തൊഴിലാകൾക്ക് എന്ത് രക്ഷയാണുള്ളത്? മത്സ്യത്തൊഴിലാകൾ എവിടെപ്പോയി പരാതി പറയും? ആര് കേസ് എടുക്കും? എന്തുകൊണ്ട് കേരളത്തിലെ ഗവൺമെന്റ് ഇക്കാര്യത്തിൽ പ്രതികരിച്ചില്ല? കൊലയാളികളെ സംരക്ഷിക്കുന്ന നയമാണ് ഗവൺമെന്റ് സ്വീകരിച്ചത്. അന്ന് കേന്ദ്രത്തിലെ മന്ത്രിമാർ കേരളത്തിൽ വന്ന കഥകളെല്ലാം ഞാൻ നിയമസഭയിൽ പറഞ്ഞതാണ്. സുപ്രീംകോടതി പറഞ്ഞു ഗ്ലോബൽ പൊസിഷൻ സിസ്റ്റം പ്രകാരം 20.5 നോട്ടിക്കൽ മൈലിനകലെയാണ് ഈ സംഭവം നടന്നത് എന്ന്. നമുക്ക് 20.5 നോട്ടിക്കൽ മൈലിനകലെ മത്സ്യബന്ധനം നടത്താൻ അവകാശമില്ലേ? 200 നോട്ടിക്കൽ മൈൽ വരെ എക്സ്ക്ലൂസീവ് എക്കണോമിക്ക് സോൺ ആണ്. രാജ്യത്തിനവകാശപ്പെട്ടതാണ്.

<u>മി. ചെയർമാൻ: </u>ശ്രീ. പി. കെ. ഗുരുദാസൻ, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. പി. കെ. ഗുരുദാസൻ:</u> ഞാൻ ആവശ്യപ്പെടുന്നത് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് അവകാശം വേണം. 60 നോട്ടിക്കൽ മൈൽവരെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനുള്ള അധികാരം കൊടുക്കണം. സുപ്രീം കോടതി പറഞ്ഞു, ഇറ്റാലിയൻ കോടതി ശക്തമായ നടപടി സ്വീകരിക്കുമായിരുന്നു എന്ന്. എന്തുകൊണ്ട് ഇറ്റാലിയൻ ഗവൺമെന്റിന് ഈ കേസ് വിട്ടുകൊടുത്തില്ല എന്നാണ് സുപ്രീംകോടതി ചോദിച്ചത്. എന്തുകൊണ്ട് നിങ്ങൾ റിവിഷൻ ഹർജി കൊടുത്തില്ല. കേരളത്തിലെ മൂന്നു ലക്ഷം മത്സ്യത്തൊഴിലാളികളുടെ ജീവൽപ്രധാനമായിട്ടുള്ള പ്രശ്നമാണ്. നമ്മുടെ നിമയസഭ ചർച്ച ചെയ്തതാണ്. അപ്രകാരമുള്ള ഒരു വിഷയത്തിൽ സംസ്ഥാന ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കേണ്ടതുണ്ട്. ഞാൻ അതിന്റെ മറ്റ് നിയമ വശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇതിലെ ഒരോ വകുപ്പിന്റെയും എക്സ്പെൻഡിച്ചർ നോക്കണം. ഞാൻ അതിൽ നിന്നും തൊഴിൽ വകുപ്പ് മാത്രം പറയുകയാണ്. പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ കൂലി സംരക്ഷിക്കുന്നതിനുവേണ്ടി ഈ സാമ്പത്തിക വർഷം അനുവദിച്ച 75 കോടി രൂപയിൽ ബഹുമാനപ്പെട്ട സി.എൻ.ബാലകൃഷ്ണന്റെ വകുപ്പടക്കം ഒരു പൈസപോലും ഇതുവരെ ചെലവാക്കിയില്ല. അതുപോലെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ പ്രസവാനുകൂല്യത്തിന് നാലേകാൽ കോടി രൂപയും സ്കിൽ ഡവലപ്പ്മെന്റിനുവേണ്ടി 13 കോടി രൂപയുമുണ്ടായിരുന്നതിൽ ഒരു പൈസയും ഇതുവരെ ചെലവാക്കിയില്ല. തോട്ടം തൊഴിലാളികൾക്ക് വീടുവച്ചുകൊടുക്കാൻ 5 കോടി രൂപ ചെലവഴിക്കുമെന്ന് പറഞ്ഞു. ഒരു പൈസയും ചെലവാക്കിയില്ല. ആരംഭിച്ചു എന്നാണ് ഗവർണ്ണറുടെ പ്രസംഗ

ത്തിൽ പറയുന്നത്. അതുപോലെതന്നെയാണ് പൊതുമേഖലയിലും. ഇപ്പോൾ കാർഷിക മേഖലയെക്കുറിച്ച് പറയുന്നു.

മി. ചെയർമാൻ: ശ്രീ. പി. കെ. ഗുരുദാസൻ. അങ്ങ് ഇപ്പോൾതന്നെ 7 മിനിറ്റിൽ കൂടുതൽ സംസാരിച്ചു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, 4000 രൂപ ഒരു ഹെക്ടറിന് കൊടുക്കു മെന്ന് പറഞ്ഞു. പ്രധാനമന്ത്രി പറഞ്ഞതെന്താണെന്നറിയാമോ? നിങ്ങൾ കൃഷി യിൽ നിന്ന് പിൻമാറണം, കാർഷിക മേഖലയിൽ നിന്ന് 15 ശതമാനം മാത്ര മാണ് നമുക്കുള്ള ജി.ഡി.പി, അതുകൊണ്ട് കൃഷിയിൽ നിന്ന് ജനങ്ങളെ പിൻമാറ്റണം. ആ നയത്തിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഇതിനെല്ലാം നിങ്ങൾ മറുപടി പറയണം. ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, സൂര്യനെല്ലി പെൺകുട്ടിക്കുനേരെ നടന്ന പീഡിപ്പിക്കൽ നടപടിക്കെതിരായി നിയമസഭ യുടെ മുമ്പിൽ പ്രതിഷേധം നടത്തിയ മഹിളാ വനിതാ സംഘടനയുടെ പ്രവർത്തകരെ പോലീസ് കയ്യേറ്റം ചെയ്യുകയും നെഞ്ചത്ത് ചവിട്ടുകയും ക്രൂരമായി മർദ്ദിക്കുകയും ചെയ്തിരിക്കുകയാണ്. വിവരമറിഞ്ഞ് ഞാൻ അവിടെ ചെന്നപ്പോൾ അവരെ പോലീസ് അറസ്റ്റ് ചെയ്ത് നന്ദാവനത്തിലെ എ.ആർ.പി. ക്യാമ്പിൽ കൊണ്ടുപോയി എന്നും അവിടെ വച്ചും മർദ്ദനമേറ്റതി നെത്തുടർന്ന് അവരിൽ ആറ് വനിതാ മഹിളാ പ്രവർത്തകരെ, എം.ജി. മീനാംബിക, ഷീല, രമണി, പുഷ്പലത, അനിത, മോളി ജയ, മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്തിരിക്കുകയുമാണ് എന്നുമറിഞ്ഞു. ഞാൻ കാണാൻ ചെല്ലുമ്പോൾ അവർ മൂന്നുപേരും അൺകോൺഷ്യസാണ്. ഡോക്ടർമാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെവന്ന് പ്രതിഷേധി

ച്ചതിനെത്തുടർന്നാണ് അവരുടെ നേരെ ആക്രമണം നടത്തിയത്. ഇതുസംബന്ധിച്ച് പോലീസിനുനേരെ കർശനമായ നിലപാട് സ്വീകരിക്കണം. അവരെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തുന്നതിനുവേണ്ടി ആഭ്യന്തര വകുപ്പു മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോട് ഞാൻ സവിനയം അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, നിയമസഭയുടെ വാതിൽക്കൽ മഹിളാ പ്രവർത്തകരുടെ സമരം ഉണ്ടായിരുന്നു. എന്തെല്ലാമാണ് സംഭവിച്ചത് എന്നുള്ളതിനെപ്പറ്റി അങ്ങ് ഇവിടെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്. ന്യായവിരുദ്ധമായി എന്തെങ്കിലും നടന്നിട്ടുണ്ടെങ്കിൽ ഗവൺമെന്റ് നിശ്ചയമായും അക്കാര്യത്തിൽ നടപടി സ്വീകരിക്കും.

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി: സർ, ആദരണീയനായ ഗവർണറുടെ പ്രസംഗത്തിനുള്ള നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. വളരെ പ്രയാസകരമായ ചുറ്റുപാടുകൾക്കിടയിലും വളരെ മെച്ചപ്പെട്ട രീതിയിൽ രാഷ്ട്രീയവും ഭരണക്രമവും മുന്നോട്ടുകൊണ്ടുപോകേണ്ട ഉത്തരവാദിത്വമാണ് ഇന്ന് സർക്കാരിലും നമ്മുടെ രാഷ്ട്രീയപ്പാർട്ടികളിലും നിക്ഷിപ്തമായിട്ടുള്ളത്. ആ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങളെ ഞാൻ പിന്തുണയ്ക്കുകയാണ്. നമ്മുടെ രാഷ്ട്രീയത്തിലും സമൂഹത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളെ കാണാതെയും ആ മാറ്റങ്ങൾക്കിടയിലുള്ള അടിസ്ഥാനപരമായ രോഗങ്ങളെ വിലയിരുത്താതെയും നമുക്ക് മുന്നോട്ടുപോകാനാകില്ല. നമ്മുടെ സമൂഹംതന്നെയിപ്പോൾ പ്രത്യേകമായിട്ടുള്ള മൂല്യനിർദ്ധാരണത്തിന്റെ അനിവാര്യത നേരിടുന്ന സാഹചര്യത്തിലാണുള്ളത്. നമ്മൾ പഴയകാല സമൂഹത്തിൽനിന്ന് പുറത്തു

കടന്നു. പല കാര്യത്തിലും നമ്മൾ പുതിയ ഒരു ആധുനിക അല്ലെങ്കിൽ ഉത്തരാധുനികം എന്നെല്ലാം പറയുന്ന, ഉത്തരാധുനികത്തിനുംശേഷവുമുള്ള ഒരു കാലഘട്ടം അതിലിങ്ങനെ കാലങ്ങൾ മിന്നിമറയുമ്പോൾ, മാറ്റങ്ങൾ ഒരു പാട് സംഭവിക്കുമ്പോൾ, അതിനനുസരിച്ച് നമ്മുടെ സമൂഹത്തെ ആരോഗ്യ ത്തോടുകൂടി നിലനിർത്തുകയെന്ന വളരെ പ്രധാനപ്പെട്ട ഒരു ബാധ്യത നമുക്ക് ഒന്നിച്ച് നിറവേറ്റാനുണ്ട്. നമ്മുടെ രാഷ്ട്രീയത്തേയും നമ്മുടെ നിയമനിർമ്മാണ സഭകളെയുമെല്ലാം അതിന്റെ ഉത്തരവാദിത്വത്തിൽ നിർവ്വഹി ക്കേണ്ടതായിട്ടുള്ള കടമയും നമുക്കുണ്ട്. നമ്മൾ അത് നിർവ്വഹിച്ചില്ലെങ്കിൽ മറ്റുപല കേന്ദ്രങ്ങളിൽ നിന്നും അത് നിർവ്വഹിക്കാനുള്ള ശ്രമങ്ങളുണ്ടായിത്തീ രും. നമ്മളെല്ലാം അരാഷ്ട്രീയവാദത്തെക്കുറിച്ച് വളരെയധികം പരാതിപ്പെടു ന്നവരാണ്. അരാഷ്ട്രീയവാദം അപകടകരമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രത്യേകിച്ചും ഒരു ജനാധിപത്യ സമൂഹത്തിൽ. ഇന്ത്യയെപ്പോ ലെയുള്ള ഒരു ജനാധിപത്യ രാജ്യത്ത് അരാഷ്ട്രീയ വാദം വളർന്നുവരുന്നത് മറ്റൊരുപാട് പിന്തിരിപ്പൻ പ്രതിലോമ ശക്തികൾക്ക് അനുകൂലമായിട്ടുള്ള സാഹചര്യമാണ് സംജാതമാക്കുക എന്നുള്ളതും നമുക്കെല്ലാം അറിവുള്ള കാര്യമാണ്. പക്ഷെ അരാഷ്ട്രീയവാദംപോലെ രാഷ്ട്രീയ അതിപ്രസരവും അപകടകരമാണ്. അതിന്റെ രണ്ടിന്റെയും ഇടയിലുള്ള ആരോഗ്യകരമായ, ജനാധിപത്യപരമായ ഒരു രാഷ്ട്രീയ അവബോധമാണ്, രാഷ്ട്രീയ സംസ്കാ രമാണ് ഈ കാലഘട്ടം ആവശ്യപ്പെടുന്നത് എന്നാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. പാർലമെന്റ്, നിയമസഭ എന്നെല്ലാം പറയുമ്പോൾ അതിന്റെ യൊരു പ്രാമാണികത്വം നിലനിർത്തുക, അതിനെ സംരക്ഷിക്കുക എന്നു ള്ളതും ഏറ്റവും പ്രധാനപ്പെട്ട കടമയാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിലും അടുത്തകാലത്തുണ്ടായിട്ടുള്ള പല സമരമുറകളും, വാൾസ്ട്രീറ്റ് പ്രക്ഷോഭമ

ടക്കം, ഒരു പ്രത്യേക രാഷ്ട്രീയപ്പാർട്ടിയുടെ ആഹ്വാനമില്ലാതെ, ഒരു പ്രത്യേക പാർട്ടിയുടെ കൊടിക്കൂറയുടെ പിൻബലം കൂടാതെ, ഏതെങ്കിലും നേതാവിന്റെ തിട്ടൂരമില്ലാതെ വലിയ വലിയ സമരങ്ങളും പ്രക്ഷോഭങ്ങളും ലോകത്ത് നടത്തപ്പെട്ടു. നമ്മളെല്ലാം അതൊരു പാശ്ചാത്യ അല്ലെങ്കിൽ ഇന്ത്യയ്ക്ക് പുറത്തുള്ള ഒരു പ്രതിഭാസമായിട്ടാണ് കണ്ടത്. പക്ഷെ, ഡൽഹിയിലെ ഒരു പെൺകുട്ടിക്കെതിരെയുണ്ടായ അന്യായത്തിനെതിരെ ഡൽഹിയിലെ ജനങ്ങൾ ഒന്നിച്ച് പുറത്തിറങ്ങിയപ്പോൾ ഈ ഒരു സംസ്ക്കാരം, പ്രത്യേകമായിട്ടുള്ള രാഷ്ട്രീയപ്പാർട്ടികളുടെയോ കക്ഷിത്വത്തിന്റെയോ പിൻബലമില്ലാതെ തന്നെ രാഷ്ട്രീയമാകാമെന്നുള്ള ഒരു സംസ്ക്കാരം നമ്മുടെയെല്ലാം രാജ്യത്തേക്ക് പടർന്നുപിടിക്കുന്നത് നമുക്ക് കാണാതിരുന്നുകൂടാ. ഡൽഹിയിൽ നടന്ന പ്രക്ഷോഭത്തെ അരാഷ്ട്രീയമെന്ന് വിളിക്കുന്നത് ശുദ്ധ അസംബന്ധമാണ്. അതിനകത്തും രാഷ്ട്രീയമുണ്ട്. അത് ജനാധിപത്യത്തിന്റെ ആന്തരിക ഫലത്തെയാണ് പ്രകടമാക്കിയിരിക്കുന്നത്. ജനാധിപത്യം അപകടപ്പെടുമ്പോൾ പ്രത്യേകിച്ച് ഏതെങ്കിലുമൊരു പാർട്ടിയുടെ നേതൃത്വമില്ലാതെ തന്നെ ജനങ്ങൾ തെരുവിലിറങ്ങുമെന്നുള്ളതിന്റെ സൂചന ആരോഗ്യകരമായിട്ടാണ് കാണേണ്ടത്. ആ രീതിയിലുള്ള ഒരു ചുറ്റുപാട് വരുന്നതിനുമുമ്പ് നമ്മുടെ രാഷ്ട്രീയപ്പാർട്ടികൾ അവസരത്തിനൊത്തുയരേണ്ടതാണ്. ജെ.എസ്. ക്ലാർക്കിന്റെ വളരെ പ്രസിദ്ധമായിട്ടുള്ള ഒരു പ്രസ്താവനയുണ്ട് - '*ഒരു രാഷ്ട്രീയക്കാരൻ അടുത്ത തെരഞ്ഞെടുപ്പിനെക്കുറിച്ച് ചിന്തിക്കുന്നു, ഒരു രാഷ്ട്രമീമാംസകൻ അടുത്ത തലമുറയെപ്പറ്റി ചിന്തിക്കുന്നു.*' ഈ രാഷ്ട്രീയമീമാംസയുടെ അടുത്ത തലമുറയെക്കുറിച്ച് വിദൂരമായി കാര്യങ്ങളെ കാണാനുള്ള ഒരു ശേഷി, വിശേഷം തീർച്ചയായും നമ്മൾ നേടിയെടുക്കേണ്ടതുണ്ട്. പക്ഷെ

ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ പ്രവണതകൾ അത്രമാത്രം സമൂഹ ത്തിന് ആരോഗ്യകരമാണോ? നമ്മളൊന്നിച്ച് ഇത്തരമൊരു നിയമനിർമ്മാണ സഭയുടെ ചർച്ചാവേളയിൽ ഒരു ആത്മപരിശോധനയ്ക്ക്, ഒരു സ്വയം പരിശോധനയ്ക്ക് തയ്യാറാകേണ്ടതുണ്ട് എന്നതാണ് എന്റെ എളിയ അഭിപ്രാ യവും നിർദ്ദേശവും. ന്യൂ ജനറേഷൻ സിനിമ പോലെ ഒരു ന്യൂ ജനറേഷൻ പൊളിറ്റിക്സും ഉണ്ടായി വരുന്നുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. അത് നമ്മുടെ പഴയ ചലച്ചിത്ര സംസ്ക്കാരത്തിന് എന്താണ് സംഭാവന നൽകിയത്? നമ്മുടെ അന്തസ്സാർന്ന, ഐതിഹാസികമായിട്ടുള്ള ഒരു ചലച്ചിത്ര പൈതൃകം, ഒരു സംസ്ക്കാരം നമുക്കുണ്ട്. ഇപ്പോഴത്തെ ഈ പുതിയ പ്രവണതകൾ എങ്ങനെ അതിനെ ബാധിക്കുന്നു എന്നതിലേക്ക് ഞാൻ പ്രവേശിക്കുന്നില്ല. പക്ഷേ, ഈ പുതിയ രാഷ്ട്രീയം കോർപ്പറേറ്റുകളുടെ ഇടനിലക്കാരെ സൃഷ്ടിക്കുന്ന അവസ്ഥയിലേക്ക് നമ്മളെ ഒരിക്കലും കൊണ്ടു പോയി എത്തിച്ചുകൂടാ. അതിനാവശ്യമായിട്ടുള്ള ജാഗ്രത തീർച്ചയായും നമ്മൾ പ്രകടിപ്പിക്കേണ്ടതായിട്ടുണ്ട്. സമൂഹത്തിലാകമാനം വളർന്നുവരുന്ന ഒരു പാരുഷ്യം, ഒരു കാഠിന്യം അതിനെ കാണാതിരുന്നുകൂടാ. ഒരു ഊഷരത, ഒരു രൂക്ഷത അതാണ് ആകമാനം നമ്മളെയിന്ന് അലട്ടിക്കൊണ്ടിരിക്കുന്നത്. സ്ത്രീ സുരക്ഷയുടെ പ്രശ്നം പോലും.........., അടുത്ത കാലത്തായി ധാരാളം അക്രമങ്ങൾ സ്ത്രീകൾക്കെതിരെ ഉയർന്നുവരുന്നു. അതിനെ ഈ ഊഷരത യുമായി ബന്ധപ്പെടുത്തുന്നതിനുപകരം അതിനെ കക്ഷിരാഷ്ട്രീയത്തിലേക്ക് ഇറക്കിക്കൊണ്ടുവരുന്നത് അതിന്റെ ശരിയായിട്ടുള്ള പരിഹാരത്തിന് സഹായ കരമാകുമോ എന്ന് നമ്മൾ ചിന്തിക്കണം. ഇന്ന് just do it എന്ന് ചിന്തിക്കുന്ന ചെറുപ്പക്കാരാണ് പലരും. അതിന്റെ വരുംവരായ്കകളെപ്പറ്റി ആലോചിക്കുന്നി

ല്ല. ഏത് അപകടകരമായ കാര്യവുമാകട്ടെ അതങ്ങ് ചെയ്യുക എന്നല്ലാതെ അതിന്റെ മറ്റ് വിഷയങ്ങളെപ്പറ്റി ആലോചിക്കുന്നില്ല. അതുകൊണ്ട് ഈ കാല ഘട്ടത്തിന് ആവശ്യമായിട്ടുള്ളത് ആത്മീയതയാണ്. ഞാൻ ആത്മീയത എന്ന വാക്ക് വളരെ സൂക്ഷിച്ചാണ് ഉപയോഗിക്കുന്നത്. അതൊരു മതാത്മകമായ അർത്ഥത്തിലല്ല ഞാൻ ഉപയോഗിക്കുന്നത്. സ്പിരിചൽ എന്ന വാക്കിന് ആംഗലേയ ഭാഷയിലുള്ള അർത്ഥം വളരെ വിശാലമാണ്. കാറൽ മാർക്സ് ആത്മീയതയെക്കുറിച്ച് എഴുതിയിട്ടുണ്ട്. അത് മതത്തിന്റെ അർത്ഥത്തിലല്ല. സൗന്ദര്യശാസ്ത്രപരമായ അർത്ഥത്തിൽ, ജീവിതത്തിന്റെ ആന്തരികമായി ട്ടുള്ള ഭാവത്തെ സാക്ഷാത്ക്കരിക്കുന്ന അർത്ഥത്തിൽ അങ്ങനെയെല്ലാമാണ് ആത്മീയതയെപ്പറ്റി പറഞ്ഞിട്ടുള്ളത്. അങ്ങനെയുള്ള ഒരു ആത്മീയ ഭാവം, അല്ലെങ്കിൽ ഇന്ത്യൻ രാഷ്ട്രീയത്തെ സംബന്ധിച്ച് കുറച്ചുകൂടി നമുക്ക് മനസ്സി ലാക്കാവുന്ന രീതിയിൽ പറഞ്ഞാൽ രാഷ്ട്രീയത്തിൽ ഒരു ഗാന്ധിയൻ ആത്മാ വുണ്ട്. രാഷ്ട്രീയത്തിന്റെ ഗാന്ധിയൻ ആത്മാവ് തിരിച്ചുപിടിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ആവശ്യമായി മാറിയിരിക്കുന്നു എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഒരു ഉപനിഷത്ത് സൂക്തമുണ്ട്, *സൂര്യൻ അസ്തമിച്ചു, ചന്ദ്രൻ പോയി മറഞ്ഞു, അഗ്നി അണഞ്ഞു, ഇനി വെളിച്ചം ആത്മാവ് മാത്രം.* മനുഷ്യ ബന്ധങ്ങളെ നിർണ്ണയിക്കുന്നതിന് ആത്മീയ സങ്കല്പം ആവശ്യമാണ്. അമ്മയാരാണ്, പെങ്ങളാരാണ്, അച്ഛനാരാണ് ഇതെല്ലാം വെറും കോടതി വിധികൊണ്ട് നിർണ്ണയിക്കാവുന്ന കാര്യങ്ങളല്ല. ഭൗതികമായിട്ടുള്ള സംഗതികളെക്കൊണ്ട് നിർണ്ണയിക്കാവുന്ന കാര്യങ്ങളല്ല. ഞാൻ നേരത്തേ പറഞ്ഞ ന്യൂ ജനറേഷൻ പൊളിറ്റിക്സിൽ എല്ലാ പ്രാധാ ന്യവും സമ്പത്തിനാണ്. സമ്പത്തിന് പ്രാധാന്യം വന്നപ്പോൾ എന്ത് സംഭവിച്ചു വെന്ന് ചോദിച്ചാൽ മനുഷ്യൻ അതിന്റെ ഉപകരണമോ ഇരയോ ആയി.

അതാണ് ഇന്നത്തെ രാഷ്ട്രീയത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. അത് വളരെ വലിയ ഒരു പരാജയത്തിലേക്കാണ് നമ്മെ കൊണ്ടുപോയി ചെന്നെത്തി ച്ചുകൊണ്ടിരിക്കുന്നത്. അതേ മാതിരിയാണ് രാഷ്ട്രീയത്തിൽ വികസനം. ഒരു ഗവൺമെന്റിനെ സംബന്ധിച്ചും ഒരു സർക്കാരിനെ സംബന്ധിച്ചും മാനദണ്ഡം വികസനമാകാൻ പാടില്ല, ജനതയാകണമെന്നാണ് എന്റെ അഭിപ്രായം. ജനത യാണ് മാനദണ്ഡം. ആ ജനതയ്ക്ക് ഗുണകരമായതേതോ അത് രാഷ്ട്രീയ ത്തിന് ഗുണകരമാണ്. ആ ജനതയ്ക്ക് ഹാനികരമായതേതോ അത് രാഷ്ട്രീ യത്തിനും ഹാനികരമെന്ന് കാണാൻ സാധിക്കണം. അല്ലാതെ വെറും വികസ നമെന്ന് പറഞ്ഞാൽപ്പോരാ. പല വികസനങ്ങളും ജനവിരുദ്ധമായി മാറുന്ന കാലഘട്ടത്തിലാണ് ആഗോള തലത്തിൽ നാം ജീവിക്കുന്നത്. അത് നമുക്ക് ഒരിക്കലും നിഷേധിക്കാൻ കഴിയാത്ത ഒരു സാഹചര്യമാണ്. അതുകൊണ്ട് മനുഷ്യന് മനുഷ്യനെ കാണാൻ..........., നെപ്പോളിയന്റെ ഒരു പ്രസ്താവനയു ണ്ട്, ലോകത്ത് രണ്ട് ആയുധങ്ങളേ എല്ലാ കാലത്തും ഉണ്ടായിട്ടുള്ളൂ. ഒന്ന് ഖഡ്ഗമാണ്. മറ്റൊന്ന് മനുഷ്യന്റെ ആത്മാവും. എന്നിട്ട് നെപ്പോളിയൻ തുടർന്ന് പറയുന്നുണ്ട് ഖഡ്ഗം പരാജയപ്പെട്ടിട്ടേയുള്ളൂ. അപ്പോഴെല്ലാം ജയിച്ചിട്ടുള്ളത് ആത്മാവാണ്. അതുകൊണ്ട് നമ്മുടെ ജീവിതത്തിന്റെ, നമ്മുടെ സമൂഹത്തിന്റെ പൈതൃകങ്ങളെ, നന്മകളെ കണ്ടറിയണമെങ്കിൽ ഈ രീതിയി ലുള്ള ഒരു സങ്കല്പം ആവശ്യമാണ്. ഇന്ന് നമ്മുടെ കാലഘട്ടത്തിൽ ഭ്രാതൃഹത്യ മുതൽ ...............

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട ഒരു അടിയന്തിര പ്രശ്നം വന്നിരിക്കുകയാണ്. ഈ സഭയിലെ ബഹുമാനപ്പെട്ട രണ്ട് മെമ്പർമാരായ ശ്രീമതി ബിജി മോളെയും ശ്രീമതി ഗീതാ ഗോപിയെയും പോലീസ് അറസ്റ്റ് ചെയ്ത് കൊണ്ടു പോയിരി

ക്കുകയാണ്. സഭ നടന്നു കൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് നമ്മുടെ ബഹുമാനപ്പെട്ട രണ്ട് എം.എൽ.എ.മാരെ പോലീസ് അറസ്റ്റ് ചെയ്തിരിക്കുന്നത്. അടിയന്തിരമായി ബഹുമാനപ്പെട്ട സ്പീക്കർ ഇടപെടണം. രണ്ട് വനിതാ എം.എൽ.എ-മാരെയാണ് സഭ നടക്കുന്ന സന്ദർഭത്തിൽ അറസ്റ്റ് ചെയ്ത് കൊണ്ടുപോയിരിക്കുന്നത്. എം.എൽ.എ.മാരെ അറസ്റ്റ് ചെയ്താൽ ആ വിവരം അടിയന്തിരമായി ബഹുമാനപ്പെട്ട സ്പീക്കറെ അറിയിക്കണം. എം.എൽ.എ മാരെ അറസ്റ്റ് ചെയ്ത വിവരം ബഹുമാനപ്പെട്ട സ്പീക്കറെ അറിയിച്ചിട്ടുണ്ടോ? ഈ വിവരം ബഹുമാനപ്പെട്ട സ്പീക്കറിൽ നിന്ന് അറിയണം. അപ്പോൾ സ്പീക്കറുടെ അനുമതിയോടുകൂടിയാണോ അറസ്റ്റ് നടത്തിയിട്ടുള്ളത്. ................(ബഹളം)............... ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. സഭ നടന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ്. .................(ബഹളം)................ രണ്ട് വനിതാ എം.എൽ.എ മാരാണ്................(ബഹളം)............. ഈ രാജ്യത്ത് പ്രതിഷേധിക്കാൻ പോലും അവകാശമില്ലേ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സഭയിൽ ഈ പ്രശ്നം ഉന്നയിച്ചപ്പോൾ തന്നെ എന്താണ് വിവരം എന്നറിയുന്നതിന് വേണ്ടി കുറിപ്പ് കൊടുത്തുവിട്ടുണ്ട്. .................(ബഹളം)................ ഞാനത് പ്രതീക്ഷിച്ചിരിക്കുകയാണ്. .................(ബഹളം)................ഒരു മറുപടി അവിടെ നിന്ന് കിട്ടട്ടെ അതിന് വേണ്ടി വെയിറ്റ് ചെയ്തിരിക്കുകയാണ്. മാത്രമല്ല ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ നയപ്രഖ്യാപനത്തെപറ്റിയുള്ള വിവരങ്ങൾ അറിയണമെന്നുള്ളതുകൊണ്ടാണ് ഞാനുമിവിടെതന്നെയിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പാലോട് രവിയുടെ മകളുടെ വിവാഹത്തന് പോയിരിക്കുകയാണ്. .................(ബഹളം)................ വിവരം അന്വേഷിക്കാൻ

പറഞ്ഞിരിക്കുകയാണ്. വിവരം................(ബഹളം).............വിവരം എന്റെ അടുത്ത് എത്തിയാലുടൻ തന്നെ സഭയെ അറിയിക്കുന്നതാണ്.

(പ്രതിപക്ഷാംഗങ്ങൾ പ്രതിപക്ഷ നേതാവിന്റെ ഇരിപ്പിടത്തിന് മുന്നിൽ നിന്ന് മുദ്രാവാക്യം വിളിച്ചു കൊണ്ടിരുന്നു)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാ കൃഷ്ണൻ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച പ്രശ്നം സംബന്ധിച്ച് അങ്ങ് പറഞ്ഞു ഞങ്ങളത് അംഗീകരിച്ചു. എന്താണ് സംഭവിച്ച തെന്ന് അന്വേഷിച്ച് വിവരം പറയാമെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട എം.എൽ. എ.മാരെയാണ് പിടിച്ചു വച്ചിരിക്കുന്നത്. നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയുന്ന സന്ദർഭത്തിൽ കിട്ടാത്തൊരു വിവരം കിട്ടിയപ്പോൾ അങ്ങയെ അറിയിക്കേണ്ട ബാധ്യതയുണ്ട്. സഭ നടന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.മാരെ അറസ്റ്റു ചെയ്താൽ ഉടനെ ബഹുമാനപ്പെട്ട സ്പീക്കറെ അറിയിക്കണം. അങ്ങനെ ബഹുമാനപ്പെട്ട സ്പീക്കറെ അറിയിച്ചിട്ടുണ്ടോ? ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ഉടനെ ഈ പ്രശ്നത്തിൽ ഇടപെടണം. ആ രണ്ട് എം.എൽ.എ.മാരെയും ഉടനെ മോചിപ്പി ക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ പറഞ്ഞല്ലോ സഭ നടന്നു കൊണ്ടിരുന്ന സന്ദർഭത്തിൽ എന്താണ് സംഭവിച്ചതെന്ന വിവരം അറിയുന്ന തിന് വേണ്ടി വിട്ടിരിക്കുകയാണ്. വിവരം കിട്ടട്ടെ. ബഹുമാനപ്പെട്ട സ്പീക്കർ അറിഞ്ഞോ ഇല്ലയോ എന്നതിനെക്കുറിച്ച് സ്പീക്കർക്കല്ലേ പറയാൻ കഴിയൂ. ആ വിവരം ലഭിച്ചാൽ ഉടൻ തന്നെ സഭയെ വിവരം അറിയിക്കുകയും ചെയ്യും. ...............(ബഹളം)...............

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഈ സഭയിൽ പങ്കെടുക്കേണ്ട എം.എൽ. എ.മാർ ലോക്കപ്പിലാണോയെന്നറിയണം. ഈ സഭയിൽ വരേണ്ട എം.എൽ.എ .മാർ എവിടെയാണെന്ന് അറിയണം. ..............(ബഹളം)..............സഭ നിർത്തി വയ്ക്കണം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി ഒരു ക്ലിപ്ത സമയത്തിനുള്ളിൽ സഭയെ വിവരം അറിയിക്കും. ..............(ബഹളം)..............അദ്ദേഹം പറയട്ടെ..............(ബഹളം)..............അദ്ദേഹം..............(ബഹളം)..............അദ്ദേഹം പറയട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ അപ്പോൾ തന്നെ വിവരം എന്നെ അറിയിക്കാൻ പറഞ്ഞിട്ടുണ്ട്. അറിയിച്ചാലുടൻ തന്നെ സഭയെ വിവരം അറിയിക്കും. ................(ബഹളം)...............

മി. ചെയർമാൻ: ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി ഉടൻ തന്നെ വിവരം സഭയിൽ അറിയിക്കും. അദ്ദേഹത്തിന് അതിനുള്ള സമയം കൊടുക്കണം. ...............(ബഹളം).............. അറസ്റ്റിനെ സംബന്ധിച്ച് ചെയറിനെ ഇതുവരെ അറിയിച്ചിട്ടില്ല. ...............(ബഹളം)...............

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അറസ്റ്റ് നടന്നോ ഇല്ലയോ എന്നതിനെ സംബന്ധിച്ച് ഞാൻ തന്നെ കൺഫോം ചെയ്യണ്ടേ. അതിന് ശേഷമല്ലേ ബഹുമാനപ്പെട്ട ചെയറിനെ അറിയിക്കാൻ കഴിയുകയുള്ളൂ. ..............(ബഹളം).............. അത് കൺഫോം ചെയ്യുന്നതിന് വേണ്ടിയാണ് ഇവിടെ നിന്നു തന്നെ കുറിപ്പെഴുതി കൊടുത്തിട്ടുള്ളത്. ...............(ബഹളം) .............. എനിക്ക് വിവരം കിട്ടിയാൽ സഭയെയും ചെയറിനെയും അറിയിക്കാനുള്ള ബാധ്യത എനിക്കുണ്ട്. വിവരം എനിക്ക് കിട്ടണ്ടേ. ...............(ബഹളം) .............. സ്പെസിഫിക്കായി ഒരു ചോദ്യം ചോദിച്ചു. അതിനുള്ള റിപ്ലൈയാണ്

ഞാൻ പറഞ്ഞത്. വിവരം അറിഞ്ഞാൽ ഉടൻ തന്നെ സഭയെ അറിയിക്കും. സംശയമില്ല. ...............(ബഹളം)...............

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി ഉടൻ തന്നെ വിവരം സഭയെ അറിയിക്കും. ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം. ..............(ബഹളം).............. ബഹുമാനപ്പെട്ട അംഗങ്ങൾ സഭ മുന്നോട്ടു കൊണ്ടു പോകാൻ സഹകരിക്കണം. ..............(ബഹളം)..............

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, എനിക്ക് ഇപ്പോൾ കിട്ടിയിരിക്കുന്ന വിവരം ശ്രീമതി ഗീതാ ഗോപിയെ അറസ്റ്റ് ചെയ്തിയിട്ടില്ല. അവർ വണ്ടിയിൽ കയറി പോയതാണ്. ......(ബഹളം)..... ഇങ്ങനെ വർത്തമാനം പറഞ്ഞാൽ ഞാൻ എന്തു ചെയ്യും? നിയമസഭയുടെ മുമ്പിൽ സമരം നടന്നിരുന്നു. സമരക്കാരായ ചില ആളുകളെ ഇവിടെ നിന്ന് റിമൂവ് ചെയ്തു. റിമൂവ് ചെയ്ത കൂട്ടത്തിൽ രണ്ട് എം.എൽ.എ.മാർ ആ വണ്ടിയിൽ കയറി പോയിട്ടുണ്ട്. അവരെ അറസ്റ്റ് ചെയ്തിട്ടില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, അറസ്റ്റ് ചെയ്യാതെ എങ്ങനെ കസ്റ്റഡിയിലെടുത്തു?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് ആഭ്യന്തര വകുപ്പു മന്ത്രിയായിരുന്നതല്ലേ? അറസ്റ്റ് ചെയ്യാത്ത ഒരാളിനെ എങ്ങനെ പോലീസ് കസ്റ്റഡിയിലെടുക്കും? അവരുടെ സ്വാതന്ത്ര്യത്തെ ഹനിച്ചിട്ടില്ല.....(ബഹളം).....

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സീറ്റിൽ പോയാൽ പ്രതിപക്ഷ ഉപനേതാവിന് മൈക്ക് കിട്ടും.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഇവിടെ ഞങ്ങൾ ഉന്നയിച്ച പ്രശ്നം ബഹുമാനപ്പെട്ട 2 എം.എൽ.എ.-മാരെ പോലീസ് അറസ്റ്റ് ചെയ്ത്

കസ്റ്റഡിയിൽ വച്ചിരിക്കുകയാണ്. അവർക്ക് ഈ സഭയിലേയ്ക്ക് വരാൻ കഴിയുന്നില്ല. രണ്ട് വനിതാ എം.എൽ.എ.-മാരെയാണ് കസ്റ്റഡിയിൽ വച്ചിരിക്കുന്നത്. എം.എൽ.എ.യെ പോലീസ് അറസ്റ്റ് ചെയ്താൽ ഉടനെ സ്പീക്കറെ അറിയിക്കണം. അവരുടെ അറസ്റ്റ് ബഹുമാനപ്പെട്ട സ്പീക്കറെ അറിയിച്ചിട്ടുണ്ടോ? അതു സംബന്ധിച്ച് ഞങ്ങൾക്ക് അറിയണം. ഇനി അവരെ പോലീസ് കസ്റ്റഡിലെടുത്തിട്ടില്ല, അറസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ അവരെ ഉടൻ വിട്ടയച്ച് ഈ സഭയിൽ എത്തിക്കണം. ബഹുമാനപ്പെട്ട സ്പീക്കർ അതിന് മുൻകൈ എടുക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, റൂൾ 161 അനുസരിച്ച് when a member is arrested on a criminal charge or for a criminal offence or is sentenced to imprisonment by a court or .......മുഴുവൻ ഞാൻ വായിക്കുന്നില്ല. ഇവിടെ നിയമസഭയുടെ മുമ്പിൽ രാവിലെ സമരമുണ്ടായിരുന്നു. സമരത്തിന്റെ ആധാരമായ കാര്യം ഈ സഭയിൽ ധാരാളം ചർച്ച ചെയ്തതാണ്. അവർക്ക് പ്രതിഷേധിക്കാനുള്ള അവകാശമുണ്ട്. ആ അവകാശം ഒരു പൗരവകാശമായി ജനാധിപത്യത്തിൽ നിൽക്കും. ഗവൺമെന്റിന് അതിനോട് എതിർപ്പില്ല. പ്രതിഷേധം നടത്താം. അവരെ റിമൂവ് ചെയ്ത കൂട്ടത്തിൽ സഭയിലെ അംഗങ്ങളായ രണ്ട് അംഗങ്ങൾ കൂടി അതിനകത്ത് കയറിപ്പോയി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവിടെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. (......ബഹളം.....) അതുപറഞ്ഞാൽ സാധിക്കുമോ? എന്നോട് ചോദ്യം ചോദിച്ചാൽ ഞാൻ ഉത്തരം പറയേണ്ടേ? എന്നോട് ചോദ്യം ചോദിച്ചാൽ ഞാൻ ഉത്തരം പറയേണ്ടി വരും. ഞാൻ നിങ്ങൾ പറഞ്ഞ മുഴുവൻ കാര്യങ്ങളും കേട്ടു. ഇനി ഇരിക്കണമെങ്കിൽ ഇരിക്കാം. പക്ഷേ ഉത്തരം പറയുന്നതുകൂടി കേൾക്കണ്ടേ.

ഇപ്പുറത്ത് ഒരാൾ പോലും ബഹളമുണ്ടാക്കുന്നില്ലല്ലോ? എന്നോട് ചോദിച്ച ചോദ്യത്തിന് എനിക്ക് ഉത്തരം പറഞ്ഞല്ലേ മതിയാകൂ? നിയമസഭയോട് ഉത്തരവാദിത്വമില്ലേ..... ബഹുമാനപ്പെട്ട സ്പീക്കർ ചോദിച്ചാൽ ഉത്തരം പറയേണ്ടേ? അതിന് നിങ്ങൾ അനുവദിക്കാതിരുന്നാലോ? അതിന് അനുവദിക്കുകയില്ലാതെ നിയമസഭയ്ക്കകത്ത് മറ്റെന്തെങ്കിലും മാർഗ്ഗമുണ്ടോ? ഞാൻ ഈ റൂൾ ബുക്കിൽ നോക്കിയിട്ട് ഒരു മാർഗ്ഗവുമില്ല. ഇവിടെ റെക്കോഡിൽ ഒരു എം. എൽ.എ.മാരെയും അറസ്റ്റ് ചെയ്തിട്ടില്ല. അവിടെ പോയ ആളുകൾക്ക് നേരെ മടങ്ങി വരാം. അവർക്ക് ഒരു തടസ്സവുമില്ല. അവരെ അറസ്റ്റ് ചെയ്യുന്ന പ്രശ്നവുമില്ല.

<u>മി. സ്പീക്കർ</u>: ഒരു ആഭ്യന്തര മന്ത്രിക്ക് രണ്ട് എം.എൽ.എ.മാരെയോ വ്യക്തികളെയോ അറസ്റ്റ് ചെയ്തിട്ടില്ലേ എന്നുള്ള വിവരമറിയിക്കാൻ (...... ബഹളം.....) അവരെ അറസ്റ്റ് ചെയ്തിട്ടില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഇവിടെ രണ്ടു സംഭവമുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത് നിയമസഭയ്ക്കു മുമ്പിൽ നടന്ന ഒരു സംഭവമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ചിട്ടുള്ള പ്രശ്നം അതാണ്. അതിന് ശേഷം നടന്ന സംഭവമാണ് ഞാൻ പറഞ്ഞത്. രണ്ട് സി.പി.ഐ. എം.എൽ.എ.മാർ, സെക്രട്ടേറിയറ്റിന് മുമ്പിൽ നടന്ന സമരത്തിലുണ്ടായ സംഭവത്തിലാണ് അവരെ അറസ്റ്റ് ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പു മന്ത്രി, അങ്ങേയ്ക്ക് കിട്ടിയ റിപ്പോർട്ട് ഇവിടെ നടന്ന സംഭവത്തെക്കുറിച്ചാണ്. സെക്രട്ടേറിയറ്റിന് മുമ്പിലുള്ള സംഭവത്തിലാണ് അറസ്റ്റ്. ആ പ്രശ്നത്തിൽ അങ്ങ് ഇടപെടണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവേ, ഞാൻ വളരെ ശാന്തമായി പറയാം. അറസ്റ്റ് ചെയ്തെങ്കിലല്ലേ

എനിക്ക് ബാധ്യതയുള്ളൂ. അറസ്റ്റ് ചെയ്തിട്ടേയില്ല. അറസ്റ്റ് ചെയ്യാത്ത ഒരു കാര്യത്തിൽ ഞാൻ എന്തു ചെയ്യും? അറസ്റ്റില്ലാത്ത കാര്യത്തിൽ ഞാൻ എന്ത് മറുപടി പറയും?

മി. സ്പീക്കർ: കേരള നിയമസഭയ്ക്കകത്ത് നിന്നുകൊണ്ട് നിങ്ങളുടെ എല്ലാവരുടെയും സാന്നിദ്ധ്യത്തിൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രി പറയുന്നു, ഈ രണ്ടു പേരെയും അറസ്റ്റ് ചെയ്തിട്ടില്ല. അദ്ദേഹം പറയുന്നത് സഭ വിശ്വാസത്തിലെടുക്കുന്നു. ചട്ടം അനുസരിച്ച് അറസ്റ്റ് ചെയ്തുകഴിഞ്ഞാൽ ആ വിവരം പോലീസ് നിയമസഭാ സ്പീക്കറെ അറിയിക്കും. സഭ നടന്നുകൊണ്ടിരിക്കുന്ന സമയമാണെങ്കിൽ ആ വിവരം സഭയ്ക്കുള്ളിൽ സ്പീക്കർ അറിയിക്കും. ഇതാണ് ചട്ടം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, രണ്ട് എം.എൽ.എ. മാരെ പോലീസ് പിടിച്ചു കൊണ്ടു പോയതാണ്.

മി. സ്പീക്കർ: അങ്ങനെ പിടിച്ചുകൊണ്ടു പോകുവാൻ സാധിക്കുമോ? ഇതിനിടയിൽ നിയമസഭാംഗങ്ങളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന് അദ്ദേഹം വെരിഫൈ ചെയ്യും. അദ്ദേഹം അന്വേഷിക്കും. പക്ഷേ ഇല്ലാത്ത കാര്യം സമ്മതിക്കാൻ സാധിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പറഞ്ഞതിനപ്പുറത്ത് എന്തെങ്കിലും കാര്യമുണ്ടോ എന്നുള്ളതിനെക്കുറിച്ച് പരിശോധിച്ച് വീണ്ടും ബഹുമാനപ്പെട്ട സ്പീക്കറെ അറിയിക്കുന്നതാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ആഭ്യന്തര വകുപ്പുമന്ത്രിക്ക് കിട്ടിയ ഇൻഫർമേഷനാണ് അങ്ങയെ കൺവേ ചെയ്ത് അറിയിച്ചത്. ഞങ്ങൾക്ക് കിട്ടിയ വിവരമനുസരിച്ച് ശ്രീമതി ഇ. എസ്. ബിജിമോളെ അറസ്റ്റ് ചെയ്തു

വെന്നും അവരുടെ സാരി പിടിച്ച് കീറിയെന്നും മാല പൊട്ടിച്ചെടുത്തു വെന്നുമാണ്. അതുകൊണ്ട് അവരെ കഴിയുന്നത്ര വേഗം ഇവിടെ വരാനും ഈ സഭയിൽ അവരുടെ വിശദീകരണമുണ്ടാകാനും അങ്ങ് അവസരമുണ്ടാക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: അങ്ങനെ ഒരു അറസ്റ്റ് ഉണ്ടായിട്ടില്ലെന്ന് ആഭ്യന്തര വകുപ്പുമന്ത്രി പറയുന്നു.

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട സ്പീക്കർ, നിയമസഭാംഗങ്ങൾക്ക് സംരക്ഷണം തരണം. നിയമസഭാംഗങ്ങൾക്ക് സംരക്ഷണമില്ല. പോലീസ് നിങ്ങളുടെ കൺമുമ്പിൽ വച്ച് പിടിച്ചുകൊണ്ടുപോയി. ഹോം മിനിസ്റ്ററോടാണ് ഞങ്ങൾ പറയുന്നത്; ഞങ്ങൾക്ക് സംരക്ഷണം വേണം. അല്ലെങ്കിൽ ഈ സഭയിൽ തുടരാൻ സാധ്യമല്ല. ഞങ്ങളെ പോലീസ് പിടിച്ചുകൊണ്ടുപോകുകയാണ്.

മി. സ്പീക്കർ: നിങ്ങൾക്ക് സമ്പൂർണ്ണമായ സംരക്ഷണം ഞാൻ ഉറപ്പു തരുന്നു. ആഭ്യന്തര വകുപ്പുമന്ത്രിക്ക് കിട്ടുന്ന വിവരം അദ്ദേഹം സഭയെ അറിയിക്കും. അദ്ദേഹത്തിന് കിട്ടുന്ന വിവരമല്ലേ അറിയിക്കാൻ സാധിക്കുകയുള്ളൂ. അദ്ദേഹം അറിയിക്കും.

ശ്രീ. സി. ദിവാകരൻ: സർ, ആഭ്യന്തര വകുപ്പുമന്ത്രിയുടെ പുറകിലിരിക്കുന്ന എം.എൽ.എ.-യും മന്ത്രിയുമായ സ്ത്രീയെ ഇങ്ങനെ പോലീസ് വാനിൽ കയറ്റിക്കൊണ്ടുപോകുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഞങ്ങളുടെ പുറകിലിരിക്കുന്ന സ്ത്രീയും സഹോദരിയാണ്. വ്യക്തിപരമായി എല്ലാവരോടും വളരെ മാന്യമായ രീതിയിൽ പെരുമാറണമെന്ന നിർബന്ധബുദ്ധിയുള്ള ആളാണ് ഞാൻ. ഇപ്പോൾ എനിക്ക് കിട്ടിയിരി

ക്കുന്ന റിപ്പോർട്ട് അനുസരിച്ച് ശ്രീമതി ഇ.എസ്. ബിജിമോൾ ജി.വി. രാജാ പവലിയന് മുന്നിലുള്ള റോഡിലിരിക്കുകയാണ്. ഒരു അറസ്റ്റും ഉണ്ടായിട്ടില്ല. അങ്ങേയ്ക്ക് നേരിട്ടുപോയി കാണാം. ശ്രീമതി ഗീതാ ഗോപിയെ അറസ്റ്റ് ചെയ്തിട്ടില്ല. അവർ നന്ദാവനം ക്യാമ്പിലേയ്ക്ക് നീങ്ങിയ വണ്ടിയിൽ കയറി പോയതാണ്. എപ്പോൾ വേണമെങ്കിലും വിളിച്ചുകൊണ്ടുപോകാം. .....(ബഹളം)......

<u>മി. സ്പീക്കർ</u>: യെസ്, യെസ്. പ്ലീസ്, പ്ലീസ്..... കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രി നിയമസഭയിൽപ്പറയുന്ന കാര്യങ്ങൾ അംഗീകരിക്കുകയില്ലാ യെന്ന് പറഞ്ഞാൽ അത് ശരിയല്ല.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ഇപ്പോൾ വളരെ ക്ലിയറായി. നന്ദാവനം ക്യാമ്പിലേക്ക് പോയ വണ്ടിയിൽ കയറിയതാണെന്നുള്ളത്. അത് മ്യൂസിയ മാണോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അറസ്റ്റ് നടന്നോ ഇല്ലയോ എന്നുള്ളതാണല്ലോ ക്വസ്റ്റ്യൻ. ഞാൻ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു എം.എൽ.എ-മാരെ അറസ്റ്റ് ചെയ്തിട്ടില്ല. അവർ സ്വതന്ത്രരാണ്. .....(ബഹളം)....

<u>മി. സ്പീക്കർ</u>: ഇങ്ങനെ സംസാരിച്ചാൽ ബഹളം ഉണ്ടാകും. ചർച്ച തുടരണ്ടേ?

<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ</u>: സർ, എന്തിനാണ് പോലീസ് വണ്ടിയിൽ അവരെ നന്ദാവനം ക്യാമ്പിലേക്ക് കൊണ്ടുപോയത്; സാധാരണ വണ്ടിയ ല്ലല്ലോ അത്; എന്തിനാണ് അവർ പോയത്? അവർ തനിയെ കയറിപ്പോയ താണോ; പോലീസ് പറയാതെ അവർ വണ്ടിയിൽ കയറുമോ? നന്ദാവനം ക്യാമ്പിലേയ്ക്ക് കൊണ്ടുപോയത് എന്തിനാണെന്ന് അന്വേഷിച്ചതിനുശേഷം ആ വിവരം സഭയെ അറിയിക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ഈ നിമിഷം വരെ എന്റെ കയ്യിൽ കിട്ടിയ വിവരങ്ങൾ ഈ സഭയെ അറിയിച്ചിട്ടുണ്ട്. ഇനി എന്തെങ്കിലും അഡീഷണലായിട്ട് കിട്ടിയാൽ സഭയെ അറിയിക്കുകയും ചെയ്യും.

<u>മി. സ്പീക്കർ</u>: ആഭ്യന്തര വകുപ്പുമന്ത്രിയെ നിങ്ങൾ വിശ്വാസത്തിൽ എടുക്കൂ. അദ്ദേഹം സഭയെ അറിയിക്കാമെന്ന് പറഞ്ഞല്ലോ.

<u>ശ്രീ. സി. ദിവാകരൻ</u>: പോലീസ് വാഹനത്തിൽ നന്ദാവനം ക്യാമ്പി ലേയ്ക്ക് ശ്രീമതി ഗീതാഗോപി കയറിപ്പോയി എന്നാണ് പറഞ്ഞത്. നന്ദാവനം ക്യാമ്പിലേയ്ക്ക് പോകുന്ന വണ്ടി ഫ്രീ സർവ്വീസാണോ; അത് യാത്രക്കാർക്കുള്ള വാഹനമാണോ; അറസ്റ്റ് ചെയ്തുവെന്ന് പറഞ്ഞാൽ എന്താണ് കുഴപ്പം?

<u>മി. സ്പീക്കർ</u>: ഏത് സാഹചര്യത്തിലാണെന്ന് അദ്ദേഹം അന്വേഷിച്ച് പറയും.

<u>ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി</u>: നേരത്തേ പറഞ്ഞതുപോലെ നമ്മുടെ സമൂഹത്തെ അടിസ്ഥാനപരമായി ബാധിക്കുന്ന പ്രശ്നങ്ങളിൽ വളരെ ക്രിയാത്മകമായ നിലപാടെടുത്ത് മുന്നോട്ട് പോകുന്നതിന് സർക്കാർ നടത്തുന്ന ശ്രമങ്ങൾക്ക് എല്ലാ ഭാഗത്തുനിന്നും പിന്തുണ ആവശ്യമാണ്. നമ്മുടെ സമൂഹത്തെ ബാധിക്കുന്ന ഇതുപോലുള്ള പ്രശ്നങ്ങളിൽ ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം വളരെ അഭിനന്ദനാർഹമാണ്. തീർച്ചയായും അതിന് എല്ലാ ഭാഗത്തുനിന്നും പിന്തുണ ലഭിക്കേണ്ടതുണ്ട്. നമ്മുടെ പാരമ്പര്യവും പരിവർത്തനവും കൂടി ഒന്നിച്ച് കൊണ്ടുപോകാനുള്ള ശ്രമമാണ് ഈ കാലഘട്ടത്തിൽ ആവശ്യമായിട്ടുള്ളത്. ജനങ്ങളുടെ സർക്കാ രാണെന്ന ഖ്യാതി നേടിയെടുക്കാൻ ഈ സർക്കാരിന് സാധിച്ചുവെന്ന് മാത്ര മല്ല സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി അവരുടെ

ഉറ്റ തോഴനായി നിലകൊള്ളാനും കഴിഞ്ഞു. അടിസ്ഥാനപരമായ ചില പരിഹാരങ്ങൾ കൊണ്ടുവരാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഉദാഹരണമായി, നമ്മൾ രൂക്ഷമായ കുടിവെള്ള ക്ഷാമത്തെയാണ് നേരിടാൻ പോകുന്നത്. സർക്കാരിന്റെ മുമ്പിൽ സമർപ്പിക്കുവാനുള്ള പ്രധാനപ്പെട്ട നിർദ്ദേശമെന്ന് പറയുന്നത്, കേന്ദ്രം ഒരു വരൾച്ച ബാധിത പ്രദേശമായി കേരളത്തെ പ്രഖ്യാപിച്ചു. അതിനനുബന്ധമായിട്ടുള്ള ധാരാളം നടപടികൾ സംസ്ഥാന ഗവൺമെന്റുതലം മുതൽ പഞ്ചായത്തുതലംവരെ സ്വീകരിക്കുവാൻ അടിയന്തരമായി നടപടി സ്വികരിക്കണമെന്ന് ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്. ഉദാഹരണമായി അടുത്തകാലത്ത് കേരളത്തിൽ കുടിവെള്ളം എടുക്കുന്ന ജലസ്രോതസ്സുകൾക്ക് സംഭവിച്ചിട്ടുള്ള വലിയ തകർച്ച നമ്മെയൊക്കെ ആശങ്കാകുലരാക്കുന്നതാണ്. ഒരു പൗരബോധവുമില്ലാത്ത രീതിയിലാണ് നമ്മുടെ നാട്ടിൽ ചിലർ പെരുമാറിക്കൊണ്ടിരിക്കുന്നത്. പ്ലാസ്റ്റിക്ക് മാലിന്യങ്ങളും അറവുശാലകളിലെ അവശിഷ്ടങ്ങളും ഉൾപ്പെടെ സകല മാലിന്യങ്ങളും കൊണ്ടുപോയി തള്ളുന്നത് പുഴകളിലോ, തടാകങ്ങളിലോ, ദേശീയപാത പോലുള്ള വളരെ പ്രധാനപ്പെട്ട പാതകളുടെ ഓരത്തും മറ്റുമാണ്. ഈ അവസ്ഥയിൽ കേരളത്തെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചതുകൊണ്ട് മാത്രം നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നില്ല. ജലസ്രോതസ്സുകളിലെ ജലം ശുദ്ധമാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള കർശനമായ നടപടികൾ അടിയന്തരമായി നമ്മുടെ സർക്കാർ എടുക്കും, എടുത്തുകൊണ്ടിരിക്കുന്നു, അത് ത്വരിതഗതിയിലാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. 44-ഓളം നദികളും കൊല്ലത്തിൽ ആറുമാസക്കാലത്തോളം മഴയും ലഭിക്കുന്ന കേരളത്തിൽ കുടിവെള്ളത്തോട് കുറച്ചുകൂടി പരിവർത്ത

നോന്മുഖമായ നയം നമ്മൾ സ്വീകരിച്ചാൽ മാത്രമേ കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ. അതുപോലെ ഉദാഹരണമായി പറയേണ്ട കാര്യമാണ് മദ്യം. മദ്യം സാർവ്വത്രികമായിത്തീരുന്നതിലൂടെ വളരെ വലിയ അപകടാവസ്ഥയിലേയ്ക്കാണ് കേരളീയ സമൂഹത്തെ നയിക്കുന്നത്. അത് എവിടെ ചെന്നെത്തുമെന്നുള്ളത് പറയാൻ കഴിയാത്ത വിധം വളരെ ഭീതിജനകമായ സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്. എല്ലാ പാരമ്പര്യങ്ങളും നല്ലതാണെന്ന് പറയുന്നില്ല. പക്ഷേ പാരമ്പര്യത്തിൽ നിന്ന് നമുക്കാവശ്യമായിട്ടുള്ള, സമൂഹത്തിന് നന്മതരുന്ന ഒരുപാട് കാര്യങ്ങളുണ്ട്. അതിനെയൊക്ക അവഗണിച്ചുകൊണ്ട് ഇപ്പോൾ സമൂഹത്തിൽ നടമാടിക്കൊണ്ടിരിക്കുന്ന പുതിയ പ്രവണതകൾ എല്ലാവിധ മൂല്യബോധത്തെയും പരിഹസിക്കുന്ന രീതിയിലാണെന്ന കാര്യം നമ്മളെ വളരെയേറെ ആശങ്കാകുലരാക്കേണ്ടതാണ്. മദ്യത്തിന്റെ വരുമാനം കൊണ്ടാണ് റവന്യൂ വരുമാനം ആരോഗ്യകരമായി നിലനിൽക്കുന്നുവെന്ന മിഥ്യാധാരണ ഇവിടെ ഉണ്ടാക്കിവച്ചിട്ടുണ്ട്. ഇവിടെ വികസന പ്രവർത്തനങ്ങൾ നടക്കണമെങ്കിൽ മദ്യത്തിൽ നിന്നുള്ള വരുമാനം ഉണ്ടാകണം. ഞാൻ ഇവിടെ ആവശ്യപ്പെടുന്നത്, ഐക്യജനാധിപത്യമുന്നണി സർക്കാർ ഇക്കാര്യത്തിൽ ഒരു പഠനം നടത്താൻ തയ്യാറാകണം. മദ്യം കൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങളുടെ കണക്കെടുക്കണം. ഇന്നോളം അങ്ങനെയൊരു കണക്ക് ആരും എടുത്തിട്ടില്ല. മദ്യം കൊണ്ട് സർക്കാർ മുന്നോട്ട് പോകുന്നു. മദ്യമില്ലെങ്കിൽ ഭരണം നടക്കില്ലായെന്നൊക്കെ പറയുന്നത് ജനാധിപത്യത്തെ പരിഹസിക്കുന്നതിന് സമമാണ്. 'മദ്യക്കുപ്പിയിൽ നിന്നുള്ള മോചനമാണ് എന്റെ നാടിന്റെ സ്വാതന്ത്ര്യം' എന്ന് പ്രഖ്യാപിക്കുവാൻ മടികാണിക്കാതിരുന്ന മഹാത്മാ ഗാന്ധിയുടെ നാട്ടിൽ നമ്മൾ മദ്യം കൊണ്ടേ രാജ

ഭരണം മുന്നോട്ട് കൊണ്ടുപോകൂ എന്ന ധാരണ മാറിമാറി വരുന്ന സർക്കാരി ലൂടെ നിലനിർത്തിപോരുന്നത് വളരെയേറെ ആപൽക്കരമാണ്; ആത്മ നിന്ദയ്ക്ക് സമമാണ്. ഡൽഹിയിലുണ്ടായ വളരെ ആപൽക്കരമായിട്ടുള്ള സംഭ വത്തിൽപ്പോലും യഥാർത്ഥ വില്ലൻ മദ്യമാണ്. ക്രൂരമായിട്ട് പെൺകുട്ടിയുടെ ജീവൻ പിച്ചിചീന്തിയ കശ്മലന്മാർ എല്ലാവരും മദ്യപിച്ചിരുന്നുവെന്നുള്ളത് നാം മാധ്യമങ്ങളിലൂടെ മനസ്സിലാക്കിയിട്ടുള്ള കാര്യമാണ്. ഈ രീതിയിൽ വളരെ വലിയ വേതാള നഗരത്തിലേയ്ക്ക്, പിശാച് പാർക്കുന്ന പട്ടണം പോലെ നമ്മുടെ സമൂഹത്തെ മാറ്റിത്തീർക്കുന്ന ഒന്നായി മദ്യം മാറിയിട്ടുണ്ട്. അതുകൊണ്ട് എനിക്ക് നിർദ്ദേശിക്കുവാനുള്ളത് മദ്യം കൊണ്ടുണ്ടാകുന്ന വിന, കുടുംബത്തിലുണ്ടാകുന്ന നാശനഷ്ടം, ആരോഗ്യത്തിന് വരുന്ന നാശന ഷ്ടം, കുടുംബ ബന്ധങ്ങളിൽ ഉണ്ടാകുന്ന ശൈഥില്യം, കുട്ടികളുടെ പഠിപ്പ് മുടങ്ങുന്നത്, വിവാഹം മുടങ്ങുന്നത്, അച്ഛനമ്മമാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഇതിന്റെയൊക്കെ ഒരു കണക്കെടുക്കണം. വളരെ വിപുലമായിട്ടുള്ള നാശന ഷ്ടത്തിന്റെ ഒരു സമൂഹത്തിന്റെ വലിയ വിനാശത്തിന്റെ കണക്കായിരിക്കും അത്. ഇന്നുവരെ അങ്ങനെയൊരു പഠനം നടത്താൻ ബന്ധപ്പെട്ടവരാരും തയ്യാ റായിട്ടില്ല. അതിന് തയ്യാറാകണം.

ഞാൻ നേരത്തെ പുതിയ കാലഘട്ടത്തിലെ പ്രവണതകളെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. കോർപ്പറേറ്റുകളുടെ ഇടനിലക്കാരായി മാറാതെ നമ്മുടെ രാഷ്ട്രീയത്തെ, രാഷ്ട്രീയ പ്രസ്ഥാനങ്ങളെ, വ്യക്തികളെയെല്ലാം സംരക്ഷിക്കേണ്ട പ്രധാനപ്പെട്ട ഉത്തരവാദിത്വം നമുക്കുണ്ട്. ആഗോളവത്ക്കര ണത്തിന്റെ ഗുണവശങ്ങളെ സ്വാംശീകരിക്കുന്നതോടൊപ്പം അതുകൊണ്ടുണ്ടാ യിത്തീരുന്ന ആർത്തി, ആഗോളവത്ക്കരണം ഒരുഭാഗത്ത് മറുഭാഗത്ത് ആഗോ

ളതാപനം. ഇതിന്റെയൊക്കെ ഇടയിലുള്ളത് ആർത്തിയാണ്. ആർത്തിയുടെ നാനാർത്ഥങ്ങളാണ് നമ്മുടെ സമൂഹം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഒരു ഉപഭോക്തൃ സമൂഹമായിട്ട് നമ്മൾ മാറി. സമ്പത്ത് മാത്രം പ്രധാനം. മനുഷ്യൻ ഒന്നുകിൽ അതിന്റെ ഉപകരണം അല്ലെങ്കിൽ അതിന്റെ ഇര. മലയാളക്കര നൊന്തു പ്രസവിച്ച തുഞ്ചത്താചാര്യൻ നൂറ്റാണ്ടുകൾക്ക് മുമ്പ് നമ്മെ ഉദ്ബോധിപ്പിക്കുകയുണ്ടായി

'ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം

വേഗേനെതീരും ആയുസ്സുമോർക്ക നീ'

മനുഷ്യനെ ആനന്ദിപ്പിക്കുന്ന ഭൗതികമായിട്ടുള്ള സുഖലോപങ്ങളെക്കുറിച്ചെല്ലാം അന്ന് തുഞ്ചത്താചാര്യൻ നടത്തിയിട്ടുള്ള പ്രവചനം അഥവാ നിർവ്വചനം ഇന്നത്തെ കാലത്ത് പ്രസക്തമായിത്തീർന്നിരിക്കുകയാണ്. മദ്യം ഇന്ന് വളരെ സാർവ്വത്രികമായി ആദിവാസികളെപ്പോലും നശിപ്പിച്ചു. ആദിവാസികൾക്ക് അവരുടേതായ സംസ്ക്കാരമുണ്ടായിരുന്നു. ഇന്ന് കേരളത്തിലെ ആദിവാസികൾക്ക് ത്രോമ്പോ ആങ്കിറ്റസ് ഒബ്ലിറ്ററൻസ് (ടി.എ.ഒ) എന്ന കാലുകൾ വിണ്ടുകീറുന്ന രോഗം വ്യാപകമായി കാണുകയാണ്. അതിന്റെ പിന്നിലുള്ള കാരണം മദ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിനെക്കുറിച്ച് പഠനങ്ങളോ അന്വേഷണങ്ങളോ നടക്കുന്നില്ല. അതിനെ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളും ഉണ്ടാകുന്നില്ല. ഞാൻ നേരത്തേ സംസാരത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ പരമ്പരാഗതമായ മൂല്യങ്ങളെ കാത്ത് രക്ഷിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. അത് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ബാധ്യതയാണ്. നമ്മുടെ തനതുകളെ രക്ഷിക്കാൻ സാധിക്കണം. ഇന്ന് ഏറ്റവും പരിതാപകരമായ അവസ്ഥയിലാണ് നമ്മുടെ മാതൃഭാഷ. ഈ മാതൃഭാഷയ്ക്ക് സംഭവി

ക്കുന്ന ഹാനി, ഒരു മലയാളം സർവ്വകലാശാല കൊണ്ടുവന്ന് മാതൃഭാഷയുടെ പരിപോഷണത്തിനും ശാക്തീകരണത്തിനും ഈ സർക്കാർ എടുത്ത ചരിത്രപരമായ തീരുമാനം വളരെയേറെ ശ്ലാഘനീയമാണ്. ആ സർവ്വകലാശാലയുടെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോവുകയാണ്. അതോടൊപ്പം മലയാളികളിൽ മലയാളത്തെ നിലനിർത്താൻ ആവശ്യമായ ജാഗ്രത ഇന്ന് ആവശ്യമാണ്. വളരെ പ്രശസ്തനായ ഫുട്ബോൾ താരം മറഡോണ കണ്ണൂരിൽ വന്നപ്പോൾ അദ്ദേഹം പങ്കെടുത്ത ഒരു പരിപാടിയിൽ എന്നെ ക്ഷണിച്ചതനുസരിച്ച് ഞാനും പോയിരുന്നു. മറഡോണയ്ക്ക് ഇംഗ്ലീഷിൽ ഒരു ആശംസാ വചനം പോലും പറയാൻ അറിയില്ലായെന്ന് അദ്ദേഹത്തോട് സംസാരിച്ചപ്പോഴാണ് മനസിലായത്. കാരണം അദ്ദേഹത്തിന് അദ്ദേഹത്തിന്റെ മാതൃഭാഷയെ അറിയൂ. അതുകൊണ്ട് മറഡോണയ്ക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. മറഡോണയെ ലോകം മുഴുവൻ ആദരിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്നു. മറാഡോണയക്ക് മാതൃഭാഷ മാത്രമേ അറിയാവൂ എന്നത് അയോഗ്യതയല്ല, ഒരു യോഗ്യതയായിട്ടാണ് അദ്ദേഹം കൊണ്ടുനടക്കുന്നത്.

**(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)**

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം അധികമായി. പ്ലീസ്....

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി: എല്ലാവർക്കും സംസാരിക്കുവാൻ അല്പം സമയം കൂടി കൊടുത്തിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: രണ്ടുമൂന്ന് മിനിട്ട് കൂടുതലായി.

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി: ആറ് മിനിട്ട് കൂടുതൽ കൊടുത്തവരുണ്ട്. എനിക്ക് രണ്ടുമൂന്ന് മിനിട്ടുകൂടി കിട്ടിയാൽ കൊള്ളാമായിരുന്നു. ഞാൻ പറഞ്ഞുവന്നത് മറഡോണയെക്കുറിച്ചാണ്. അതൊരു ഉദാഹരണം മാത്രമാണ്. ലോകത്ത് വളരെ പ്രശസ്തമായിട്ടുള്ള

സർവ്വകലാശാലകളുണ്ട്. യൂറോപ്പിലൊക്കെ മാതൃഭാഷയിൽ ഗവേഷണം നടത്താൻ സർവ്വകലാശാലകളുണ്ട്. നാം നമ്മോട് പുലർത്തുന്ന ഈ പുച്ഛം, സ്വന്തം സംസ്ക്കാരത്തോട് പുലർത്തുന്ന ആത്മനിന്ദ, പഴമയിലെ നന്മയോട് പുലർത്തുന്ന മനോഭാവം ഈ അവസ്ഥാവിശേഷം കർശനമായി തടയാനുള്ള നടപടികൾ ഈ ജനകീയ സർക്കാർ സ്വീകരിക്കണം. സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികൾ ത്വരിതപ്പെടുത്തണമെന്നാണ് എനിക്ക് ഇവിടെ ആവശ്യപ്പെടാനുള്ളത്. കുഞ്ഞുങ്ങളനുഭവിക്കുന്ന സ്നേഹശൂന്യത യെക്കുറിച്ച് നമുക്കറിയാം. അത്തരം പ്രശ്നങ്ങളിലൊന്നും വേണ്ടത്ര പ്രതിക്ഷേധമുണ്ടായിത്തീരുന്നില്ല. പീരുമേട്ടിലെ ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന ഒരു പെൺകുട്ടിയ്ക്കായി തമിഴ്നാട്ടിൽ നിന്നും ആളുകൾ ചെന്ന് കച്ചവടം ഉറപ്പിച്ചു. സത്യ എന്ന കുട്ടിയെ വിറ്റു. സ്കൂളിന്റെ മുറ്റത്ത് ഓടിക്കളിച്ച് നടക്കുമ്പോഴാണ് ഈ കുട്ടിയെ വിറ്റത്. കുട്ടി പോകാൻ മടിച്ചു. പാഠപുസ്തകവുമെടുത്ത് ഉടുപ്പും എടുത്തിട്ടു. അമ്മയാണ് കരാർ ഉറപ്പിച്ചത്. കുട്ടിയെ കൊണ്ടുപോയി. എനിക്ക് ഇവിടെ നിൽക്കാൻ കഴിയില്ല, എന്നെ തിരിച്ചു കൊണ്ടുപോകണമെന്ന് കുട്ടി പിറ്റേന്നുതന്നെ ഇങ്ങോട്ടുവിവരം അറിയിച്ചു. അമ്മ ചെന്നുനോക്കുമ്പോൾ കുട്ടി ആശുപത്രിയിലാണ്. ഒൻപതാമത്തെ ദിവസം കുട്ടിയുടെ മൃതദേഹം നാട്ടിലെത്തി. അവിടെ ജനങ്ങൾ പ്രതിക്ഷേധിച്ചു. റീ-പോസ്റ്റുമോർട്ടം നടത്തണമെന്ന് പറഞ്ഞു. രണ്ടാമത് പോസ്റ്റ്മോർട്ടം നടത്തിയപ്പോൾ വൃക്കയും ഗർഭപാത്രവും അറുത്ത് മാറ്റിയിരിക്കുന്നതായി മനസ്സിലായി. ഇതാണ് ഇവിടെ സംഭവിക്കുന്നത്. അത്തരം സമസ്യകൾ കാണാതെ പോവുകയാണ്. പക്ഷേ കേരളത്തിൽ പ്രതിക്ഷേധമുണ്ടായില്ല. ഇവിടെ രാഷ്ട്രീയമാണ് പ്രധാനം. രാഷ്ട്രീയാതിപ്രസരമാണ്. വളരെ പ്രധാനപ്പെട്ട പ്രശ്നങ്ങളെ

രാഷ്ട്രീയവൽക്കരിക്കുമ്പോൾ നാം വളരെ മൗലികമായിട്ടുള്ള നമ്മുടെ സമൂഹത്തിന്റെ പ്രശ്നങ്ങൾക്ക് നേരെ കണ്ണടയ്ക്കുന്ന ഒരവസ്ഥാവിശേഷമുണ്ടെന്നാണ് ഞാൻ പറയുവാൻ ശ്രമിച്ചത്. ഡൽഹിയിലൊക്കെ നടന്ന ജനങ്ങളുടെ പ്രതിഷേധം കിരാതത്വത്തിനെതിരെയാണ്. കിരാതത്വത്തെ കിരാതത്വമായി കാണാതെ അതിനെ മറ്റൊരു രീതിയിൽ കാണുന്നത് തെറ്റാണ്. ഇത്തരം കാര്യങ്ങൾക്കെതിരെ അവിടെയൊക്കെ ഉണ്ടായ പ്രതിക്ഷേധത്തിന്റെ ഒരവസ്ഥ നമുക്ക് സൃഷ്ടിക്കുവാൻ സാധിക്കുന്നില്ലായെന്നുള്ളത് നാം മനസ്സിലാക്കേണ്ടതുണ്ട്. അപ്രകാരമുള്ള സംഭവങ്ങൾ കേരളത്തിൽ ധാരാളമുണ്ട്. ഇതിലൊക്കെ പുതിയ ഒരു യാന്ത്രിക സംസ്കാരത്തിന്റെ വരവാണ് നമുക്ക് കാണാൻ കഴിയുന്നത്. ഒരു പുതിയ ആധിപത്യം അടിച്ചേൽപ്പിക്കലാണ്. ആ ആധിപത്യം നമ്മുടെ സമൂഹത്തെ വളരെയേറെ അനാരോഗ്യകരമായ ഒരവസ്ഥയിലെത്തിക്കുന്നു. എൻഡോസൾഫാൻ ദുരിതബാധിതരെക്കുറിച്ച് ഞാനൊരു വാക്ക് പറഞ്ഞോട്ടെ. അത് പുതിയ ആഗോളവൽക്കരണത്തിന്റേയും യന്ത്രവൽക്കരണ സംസ്കൃതിയുടേയുമൊക്കെ ഏറ്റവും വലിയൊരു ഇരയാണ് എൻഡോസൾഫാൻ ബാധിതർ. അവരെ സംരക്ഷിക്കുവാൻ ശക്തമായ നടപടികളെടുക്കേണ്ടതുണ്ട്. മനുഷ്യത്വമുള്ളവരൊന്നിച്ച് കണ്ണുതുറക്കേണ്ട വിഷയമാണിത്. എന്റെ കശുമാവിൻ തോട്ടത്തിൽ നാല് കശുമാവ് കൂടുതൽ കായ്ച്ചോട്ടെ, അതിന് മറ്റുള്ളവർ മരിച്ചാലും വേണ്ടില്ല, ചത്തുജീവിച്ചാലും തരക്കേടില്ല എന്നുപറയുന്ന പുതിയ കോർപ്പറേറ്റ് ആർത്തിയെ നിലയ്ക്ക് നിർത്തുന്നതിനുവേണ്ടി നമ്മൾ ഒറ്റക്കെട്ടാകണം. ആ കാര്യത്തിൽ രാഷ്ട്രീയ പാർട്ടികളുടെ അഭിപ്രായവ്യത്യാസങ്ങൾ ഒരിക്കലും നമ്മെ ബാധിക്കുവാൻ

പാടില്ല. രാഷ്ട്രീയത്തിനതീതമായൊരു മാനവികത കെട്ടിപ്പടുക്കാൻ ഈ നിയമസഭയ്ക്ക് അതുപോലുള്ള പ്രശ്നങ്ങളിലെങ്കിലും സാധിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്.

സർ, ഞാൻ Bertrand Russell നെ ഓർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. മഹാനായ Bertrand Russell ആത്മകഥാ പ്രധാനമായിട്ടുള്ള ഒരു ലേഖനമെഴുതിയിട്ടുണ്ട്. മൂന്ന് കാര്യങ്ങളാണ് എന്നെയെന്നും പ്രചോദിപ്പിച്ചതെന്ന് അദ്ദേഹം അതിൽ പറയുന്നുണ്ട്. ഒന്ന്, 'അറിവിനോടുള്ള ദാഹമാണ്. നക്ഷത്രങ്ങൾ കണ്ണുമിന്നി തുറക്കുന്നതും സൂര്യനുദിക്കുന്നതും എന്നും എന്നെ ആകർഷിച്ചു. അതോടൊപ്പം ഞാൻ പ്രപഞ്ചത്തെ മഹാപ്രളയത്തിലേയ്ക്ക് ആപതിക്കാതെ അതിനെ സംരക്ഷിച്ചുനിർത്തുന്ന പൈതഗോറിയൻ ശക്തിയുടെ പൊരുളറിയുവാൻ എന്റെ മനസ്സ് തുടിച്ചു' എന്നും 'എന്നെ എന്നും വശീകരിച്ചത് സ്നേഹമാണ്. സ്നേഹം കൊടുക്കുവാനും അത് നുകരാനും പകരാനുമുള്ള എന്റെ ദാഹമാണ്. അതോടൊപ്പം പാവപ്പെട്ടവനെ കൊല്ലാൻ വേണ്ടി കാഞ്ചിവലിക്കുന്ന നിഷ്ഠൂരനായ കൊലയാളി, ആ കൊലയാളിയുടെ മുമ്പിൽ ജീവനുവേണ്ടി യാചിക്കുന്ന പരിത്യക്തന്റെ ദീനരോദനം അതാണ് എന്നെ പിടിച്ചുലച്ചത്' എന്നും Bertrand Russell പറയുന്നുണ്ട്. റസ്സൽ ദൈവവിശ്വാസിയായിരുന്നില്ല. 'ഞാൻ കമ്മ്യൂണിസ്റ്റല്ല, ക്രിസ്ത്യാനിയുമല്ല' എന്നുപറഞ്ഞ അദ്ദേഹം അവസാനം പറയുന്നൊരു വാക്കുണ്ട്. 'അവസരം കിട്ടുകയാണെങ്കിൽ ഒരിക്കൽക്കൂടി ഭൂമിയിൽ ഞാൻ ജീവിക്കുവാൻ ആഗ്രഹിക്കുന്നു. ഈ ദുരിതബാധിതർക്ക് സാന്ത്വനം നൽകാൻ ആഗ്രഹിക്കുന്നുവെന്ന്'. ആ സാന്ത്വനമാണ് ഇന്നത്തെ രാഷ്ട്രീയത്തിനുണ്ടാ

യിരിക്കേണ്ട ആന്തരിക മന്ത്രം. ആ ആന്തരിക മന്ത്രം, സാന്ത്വനത്തിന്റെ മന്ത്രം, നമ്മുടെ രാഷ്ട്രീയ സംസ്ക്കാരത്തിന് തിരിച്ചുപിടിക്കാൻ നമുക്കൊന്നായി നിലകൊള്ളാൻ സാധിക്കേണ്ടതുണ്ടെന്ന് മാത്രം പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഈ യു.ഡി.എഫ്. സർക്കാർ നടത്തുന്ന എല്ലാ ഭരണക്രമങ്ങൾക്കും നടപടികൾക്കും ഈ നന്ദി പ്രമേയത്തിനും എല്ലാവിധ പിന്തുണയും അറിയിക്കുന്നു. പ്രത്യേകിച്ച് ആഭ്യന്തരവകുപ്പിൽ വളരെ കാലുഷ്യം നിറഞ്ഞ ഒരു സാഹചര്യത്തിൽ ക്രമസമാധാനവും നിയമപരിരക്ഷയും ഉറപ്പുവരുത്തുവാൻ വേണ്ടി ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയുടെ നേതൃത്വത്തിൽ ഈ സർക്കാർ നടത്തുന്ന ശ്രമങ്ങൾക്കും എല്ലാ പിന്തുണയും നൽകുന്നതായി അറിയിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഈ നന്ദിപ്രമേയ ചർച്ചയെ ഞാൻ എതിർക്കുകയാണ്. അപ്പുറത്തുള്ളവരുടെയും ഗവർണ്ണറുടെയും പ്രസംഗങ്ങൾ ഗംഭീരമാണ്. അക്കാര്യങ്ങളൊക്കെ പ്രാവർത്തികമാക്കാൻ ഗവൺമെന്റിന് കഴി ഞ്ഞോ എന്നുള്ളതാണ് പ്രശ്നം. നമ്മുടെ രാജ്യത്തെയും സംസ്ഥാനത്തെയും ഗവൺമെന്റുകളുടെ നയമാണ് നാടിനെ നിത്യദുരിതത്തിലാക്കുന്നതെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. 20 മാസം പൂർത്തിയായ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ചാണ് ഇവിടെ കൊട്ടിഘോഷിക്കപ്പെ ടുന്നത്. 20 മാസത്തിനിടയിൽ ഗവൺമെന്റ് സ്വീകരിച്ച ഒട്ടേറെ നപടികളുടെ ഫലമായി ജനജീവിതം ഏറെ പ്രയാസകരമായിത്തീർന്നിരിക്കുന്നുവെന്ന വസ്തുത കേരളത്തിൽ നിഷേധിക്കാൻ കഴിയാത്തതാണ്. വിലക്കയറ്റം എത്ര രൂക്ഷമാണെന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. ആ വിലക്കയറ്റത്തിന് വഴിവ

യ്ക്കുന്ന നയങ്ങൾ നമ്മുടെ രാജ്യത്തെ ഗവൺമെന്റ് തുടരുന്ന നയത്തിന്റെ പരിണിതഫലമാണ്. കേന്ദ്രവും സംസ്ഥാനവും ഒരേ കക്ഷിയോ അല്ലെങ്കിൽ സമാന സ്വഭാവമുള്ള മുന്നണികളോ ഭരിച്ചാൽ ഇവിടത്തെ പ്രശ്ന ങ്ങൾക്കെല്ലാം പരിഹാരമുണ്ടാകുമെന്ന പ്രഖ്യാപനമാണ് തെരഞ്ഞെടുപ്പ് വേള യിലെല്ലാം യു.ഡി..എഫ്. ഉൾപ്പെടെയുള്ളവർ നടത്തുന്നത്. എന്നാൽ കേന്ദ്രത്തിലും സംസ്ഥാനത്തിലും സമാനസ്വഭാവവും നയവുമുള്ള ഗവൺമെന്റ് വന്നതിനുശേഷം കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും സംസ്ഥാനം നേരിടുന്ന ഒട്ടേറെ പ്രശ്നങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള പരിഹാരം ഉണ്ടാക്കാനുള്ള സമാശ്വാസ നടപടികൾ ഉണ്ടായിട്ടില്ലെന്നതാണ് രാവിലെ ഇവിടെ ചർച്ച ചെയ്ത കെ.എസ്.ആർ.ടി.സി. വിഷയം പോലും തെളിയിക്കുന്നത്. ഏത് വിഷയം വരുമ്പോഴും കേന്ദ്രഗവൺമെന്റ് അവരുടെ നയങ്ങൾ മുറുകെപ്പിടിച്ച് മുന്നോട്ട് പോകുന്നു. ആഗോളവൽക്കരണത്തി ന്റെയും സ്വകാര്യവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും നയ ങ്ങൾ തന്നെയാണെന്ന് ആവർത്തിച്ചുറപ്പിച്ച് പറയുന്ന പ്രഖ്യാപനങ്ങൾ പ്രധാന മന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമുൾപ്പെടെയുള്ളവർ നടത്തിക്കൊണ്ടിരി ക്കുന്നു. അവർ അതിൽ നിന്ന് കടുകിടെ വ്യതിചലിക്കാൻ തയ്യാറല്ലെന്ന് ഉറക്കെ പ്രഖ്യാപിക്കുന്നതിന്റെ ഭാഗമാണ് നമ്മുടെ രാജ്യത്തും സംസ്ഥാ നത്തും ഇപ്പോൾ കാണുന്ന കാര്യങ്ങളൊക്കെ. ഡീസലിന്റെ വില വർദ്ധിപ്പിച്ച തിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഞാൻ അക്കാര്യം ആവർത്തിച്ച് പറയുകയല്ല. എണ്ണക്കമ്പനികൾക്ക് ഡീസലിന്റെ വില വർദ്ധിപ്പിക്കുന്നതിന് അനുവാദം കൊടുക്കാൻ തീരുമാനിച്ചത് സംബന്ധിച്ചും പ്രഖ്യാപനമുണ്ടായി. ഇനി എല്ലാ മാസവും 50 പൈസ വച്ചാണ് വർദ്ധിപ്പിക്കുന്നതെന്ന് നമ്മുടെ പ്രധാനമന്ത്രി

തന്നെ പ്രഖ്യാപിച്ചു. എങ്ങനെയാണ് ഒരു വലിയ പ്രക്ഷോഭത്തിൽ നിന്നും സമരത്തിൽ നിന്നും എണ്ണക്കമ്പനികളെ രക്ഷിക്കേണ്ടത് എന്നത് സംബന്ധിച്ചുള്ള വളരെ വ്യക്തമായ കാഴ്ചപ്പാടോടു കൂടിയാണ് ആ പ്രഖ്യാപനം നടത്തിയത്. ഓരോ മാസവും 50 പൈസ വച്ച് വർദ്ധിപ്പിച്ചാൽ വർഷത്തിൽ 6 രൂപ വർദ്ധിക്കുമ്പോൾ ഒരു പ്രക്ഷോഭം ഒഴിവാക്കാൻ കഴിയുമെന്നതാണ് ഭരണാധികാരികൾ ചിന്തിച്ചത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്ന തീരുമാനമെടുക്കുന്നത് ഗവൺമെന്റുകളാണ്. ഗവൺമെന്റുകൾ ആ അവസരം കമ്പനികൾക്ക് നൽകുന്നു. അവരാണ് ഇപ്പോൾ അത് ചെയ്യുന്നത്. നമുക്ക് ഇവിടത്തെ കാര്യങ്ങളെടുത്ത് പരിശോധിച്ചാൽ കാണാൻ കഴിയും. കേരള വാട്ടർ അതോറിറ്റി വെള്ളത്തിന്റെ ചാർജ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. കെ.എസ്.ഇ.ബി.യും ചാർജ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. കെ.എസ്.ആർ.ടി.സി. രണ്ടുതവണ ചാർജ് വർദ്ധിപ്പിച്ചു. ചുരുക്കിപ്പറഞ്ഞാൽ, നമ്മുടെ

രാജ്യത്ത് വില വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നത് എക്സിക്യൂട്ടീവ് അധികാരം ഉപയോഗിച്ച് സർക്കാർ നേരിട്ടാണെന്ന് കാണാൻ കഴിയും. ആ അധികാരം ഉപയോഗിച്ചുകൊണ്ട് വില വർദ്ധിപ്പിക്കുന്ന നടപടി ഒരു ഭാഗത്ത് സ്വീകരിക്കുമ്പോൾ പൊതുമാർക്കറ്റിൽ സ്വാഭാവികമായും വന്ന് ചേരാറുള്ള വില വർദ്ധനവ് ജനങ്ങളെ ഏറെ പ്രയാസപ്പെടുത്തുന്നുവെന്നുള ളത് ആർക്കും നിഷേധിക്കാൻ കഴിയാത്ത കാര്യമാണ്. അരിയുടെ വില വർദ്ധനവ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നമ്മുടെ രാജ്യത്ത് വലിയ ചർച്ചാവിഷയമാണ്. അരിയുടെ വില എത്രമാത്രം വർദ്ധിച്ചുവെന്ന് നമുക്കറിയാം. ......(ബഹളം).......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....പ്ലീസ്.... ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിൽ ഇരിക്കണം. പ്ലീസ്...പ്ലീസ് ....(ബഹളം).... ബഹുമാനപ്പെട്ട ഇ.എസ്. ബിജിമോൾക്ക് സംസാരിക്കാനുള്ള അവസരം കൊടുക്കാം. അതിന് പ്രത്യേക അവസരമുണ്ടല്ലോ? സീറ്റിൽ ഇരിക്കണം. ശ്രീ. ഇ. ചന്ദ്രശേഖരൻ തുടരണം. .....(ബഹളം)..... അവസരം തരാം. ശ്രീ. ഇ. ചന്ദ്രശേഖരൻ സംസാരിച്ച് തീർന്നതിനുശേഷം അവസരം തരാം. ഒരു അംഗം സംസാരിച്ചുകൊണ്ട് നിൽക്കുകയാണ്. ......(ബഹളം)....

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, ബിജിമോളോടും ഗീതാഗോപിയോടും മറ്റ് വനിതാ സംഘം പ്രവർത്തകരോടുമെല്ലാം പോലീസ് അപമര്യാദയായി പെരുമാറുക മാത്രമല്ല, അവരെ ക്രൂരമായി മർദ്ദിച്ചതിന്റെ ഫലമായി 6 വനിതാ പ്രവർത്തകർ ഇപ്പോൾ മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇക്കാര്യം ബഹുമാനപ്പെട്ട സ്പീക്കറുടെയും ആഭ്യന്തര വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ശ്രീമതി ഇ.എസ്. ബിജിമോളും ശ്രീമതി ഗീതാഗോപിയും സത്യാഗ്രഹം നടത്തിയപ്പോൾ എങ്ങനെയാണെന്നറിയില്ല അവർ നന്ദാവനത്തിലേയ്ക്ക് പോയ പോലീസ് വാനിൽ കയറിപ്പോയി എന്നാണ് പറഞ്ഞത്. അവരെ പിടിച്ചുകൊണ്ടുപോയി എന്നല്ല പറഞ്ഞത്. പോലീസ് അവരെ അറസ്റ്റ് ചെയ്തിട്ടില്ല എന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട ചെയർ ഞാൻ പറയുന്നത് ശ്രദ്ധിക്കുന്നുണ്ടോ? ഒരേ സമയത്തുതന്നെ മറ്റൊരു സംസാരം കൂടി നടക്കുന്നതുകൊണ്ട് പറയുന്നത് കേൾക്കാൻ സാധിക്കില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് പറയുന്നത് മുഴുവൻ ശ്രദ്ധിക്കുന്നുണ്ട്.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: ഇക്കാര്യം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ കൊണ്ടു വന്നപ്പോൾ ബഹുമാനപ്പെട്ട അദ്ദേഹം പറഞ്ഞത്, അവർ പോലീസിന്റെ വണ്ടി യിൽ കയറി നന്ദാവനത്തിലേയ്ക്ക് പോയി എന്നാണ്. ഞങ്ങളെല്ലാം അത്ഭുത പ്പെട്ടു. എങ്ങനെയാണ് പോലീസ് വണ്ടിയിൽ, പോലീസ് അറിയാതെ ഇവർ തന്നത്താൻ കയറിപ്പോകുന്നത്? അദ്ദേഹം പറഞ്ഞത് മുഖവിലയ്ക്ക് എടുത്തു കൊണ്ട് അദ്ദേഹത്തിന്റെ വിശദീകരണം കേട്ട് ഞങ്ങൾ ഇരിക്കുകയാണ് ചെയ്തത്. അവർ എവിടെയുണ്ടെന്ന് നോക്കട്ടെ എന്നുപറഞ്ഞ് ഞങ്ങൾ പോയി. ഞങ്ങൾ അന്വേഷിച്ചപ്പോൾ റോഡരുകിൽ ക്രൂരമായ മർദ്ദനത്തിന് വിധേയമായി ശ്രീമതി ഇ.എസ്. ബിജിമോൾ ഇരിക്കുന്നതാണ് കണ്ടത്. അവ രുടെ മാല പൊട്ടിച്ചെടുക്കുകയും അവരുടെ കൈ അനക്കാൻ സാധിക്കാത്ത വിധത്തിൽ അവരെ മർദ്ദിക്കുകയും ചെയ്ത രീതിയിലാണ് ഞങ്ങൾ ചെന്ന പ്പോൾ കണ്ടത്. റോഡരുകിൽ അവർ ഇരിക്കുകയാണ്. റോഡിൽക്കൂടി മറ്റ് വാഹനങ്ങൾക്ക് പോകാൻ കഴിയാത്തവിധത്തിൽ പോലീസ് വാഹന ങ്ങൾകൊണ്ട് ആകെ തടഞ്ഞുവച്ചിരിക്കുന്ന കാഴ്ചയാണ് ഞങ്ങൾ ചെന്ന പ്പോൾ കണ്ടത്. അതുകൊണ്ട് ശ്രീമതി ഇ.എസ്. ബിജിമോൾ അങ്ങയോട്, ഈ സഭയോട് എന്താണ് സംഭവിച്ചതെന്ന് പറയണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ഇ. ചന്ദ്രശേഖരൻ അങ്ങയുടെ പ്രസംഗം അവസാനിപ്പിച്ചോ? .....(ബഹളം)...... ഒരു അംഗം സംസാരിച്ചു കൊണ്ട് നിൽക്കുകയാണ്. ആ അംഗം സംസാരിച്ച് തീർത്തതിനുശേഷം ശ്രീമതി ഇ.എസ്. ബിജിമോൾക്ക് പറയുന്നതിനുള്ള അവസരം കൊടുക്കാം. ഒരു അംഗം സംസാരിച്ചുകൊണ്ട് നിൽക്കുകയാണ്. ......(ബഹളം)....... ബഹുമാ

നപ്പെട്ട ഇ.എസ്. ബിജിമോൾക്ക് സംസാരിക്കാൻ അവസരം തീർച്ചയായും തരും. അദ്ദേഹത്തിന്റെ പ്രസംഗം തീരട്ടെ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സംസാരിക്കാനുള്ള അവസരം കൊടുത്തു. എല്ലാവരും കണ്ടതാണ്. ഒരു അംഗം നിയമസഭയിൽ സംസാരിച്ചുകൊണ്ട് നിൽക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗം തീരട്ടെ. തീർന്നതിനുശേഷം ശ്രീമതി ഇ.എസ്. ബിജിമോൾക്ക് സംസാരിക്കാൻ അവസരം കൊടുക്കാം. .....(ബഹളം)....... സംസാരിക്കാൻ അവസരം നൽകുമെന്നാണ് പറഞ്ഞത്. .....(ബഹളം) ...... ബഹുമാനപ്പെട്ട ഇ. ചന്ദ്രശേഖരന്റെ പ്രസംഗം അവസാനിച്ചുവെങ്കിൽ ശ്രീമതി ഇ.എസ്. ബിജിമോളെ സംസാരിക്കാൻ വിളിക്കാം. .....(ബഹളം)..... ചെയർ പറയുന്നത് കേൾക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് ശരിയാണെങ്കിൽ ശ്രീമതി ഇ.എസ്. ബിജിമോളെ ഹോസ്പിറ്റലൈസ് ചെയ്യണം. ശ്രീ. പി.സി. വിഷ്ണുനാഥ് പ്ലീസ്.... പ്ലീസ്..... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് ശരിയാണെങ്കിൽ അവരെ ഹോസ്പിറ്റലൈസ് ചെയ്യണം. .......(ബഹളം)...... അതാണ് വേണ്ടത്. ......(ബഹളം)....... ബഹുമാനപ്പെട്ട സി. ദിവാകരൻ, അങ്ങേയ്ക്ക് നിയമസഭാ നടപടിക്രമങ്ങൾ അറിയാമല്ലോ? ......(ബഹളം).......ശ്രീമതി ഇ.എസ്. ബിജിമോളെ സംസാരിക്കാൻ അനുവദിക്കാം. ഒരു അംഗം സംസാരിച്ചുകൊണ്ട് നിൽക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം തീരട്ടെ. തീർന്നിട്ട് അനുവദിക്കാം. ശ്രീ. ഇ. ചന്ദ്രശേഖരന്റെ പ്രസംഗം അവസാനിച്ചുകഴിഞ്ഞാൽ ശ്രീമതി ഇ.എസ്. ബിജിമോളെ സംസാരിക്കാൻ അനുവദിക്കാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: പ്രസംഗം നിർത്തി. ......(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ചന്ദ്രശേഖരന്റെ പ്രസംഗം അവസാനിച്ചോ? ....(ബഹളം)..... ചന്ദ്രശേഖരന് മൈക്ക് കൊടുക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: ഞാൻ പ്രസംഗം നിർത്തി.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് മൈക്കിൽക്കൂടി പറയണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: പ്രസംഗം നിർത്തി. ....(ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി.സി. വിഷ്ണുനാഥ് ബഹളമുണ്ടാക്കേക്കണ്ട. ചന്ദ്രശേഖരൻ അങ്ങയുടെ പ്രസംഗം അവസാനിച്ചോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: പ്രസംഗം നിർത്തി.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാന്യയായ ഇ.എസ്. ബിജിമോൾ എന്താണ് സംഭവിച്ചതെന്ന് പറയണം. ......(ബഹളം)..... ബഹളം വേണ്ട. ചെയർ അനുവദിച്ചല്ലോ? ശ്രീമതി ഇ.എസ്. ബിജിമോളെ സംസാരിക്കാൻ വിളിച്ചു. ശ്രീ. വി.എസ്. സുനിൽകുമാർ, ശ്രീ. പി.സി. വിഷ്ണുനാഥ്, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പ്ലീസ്.... പ്ലീസ്..... ശ്രീ. വി.എസ്. സുനിൽ കുമാർ ശ്രീമതി ഇ.എസ്. ബിജിമോൾ സംസാരിക്കട്ടെ. ശ്രീമതി ഇ.എസ്. ബിജിമോൾ സംസാരിക്കണം.

ശ്രീമതി ഇ.എസ്. ബിജിമോൾ: സർ, ശ്രീ. പി.ജെ. കുര്യൻ ........

മി. ഡെപ്യൂട്ടി സ്പീക്കർ: പി.ജെ. കുര്യന്റെ കാര്യമല്ല. ശ്രീമതി ബിജി മോൾക്ക് സംഭവിച്ചതെന്താണെന്ന് പറയണം. ......(ബഹളം)......

ശ്രീമതി ഇ. എസ്. ബിജിമോൾ: പറയട്ടെ സർ, പറയാനുള്ള ഒരു അവസരം തരണം. എന്തിനാണ് ഞങ്ങൾ പ്രകടനം നടത്തിയതെന്നെങ്കിലും പറയാനുള്ള ഒരു അവസരം തരണ്ടേ സർ?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രകടനത്തെക്കുറിച്ച് സംസാരിക്കുമ്പോൾ താങ്കൾക്ക് എന്ത് സംഭവിച്ചുവെന്ന് പറഞ്ഞാൽ മതി. ബാക്കി കാര്യങ്ങളെല്ലാം എല്ലാവർക്കുമറിയാം.

ശ്രീമതി ഇ.എസ്. ബിജിമോൾ: ഞാൻ പറയട്ടെ സർ, പറയാൻ ഒന്ന് അനുവദിക്കണം. പറയാൻ അനുവദിക്കൂ സർ.

മി. ഡെപ്യൂട്ടി സ്പീക്കർ: ശരി.

ശ്രീമതി ഇ.എസ്. ബിജിമോൾ: ഞങ്ങൾക്ക് ഒരു സംരക്ഷണം തരേണ്ടത് അങ്ങല്ലേ; അങ്ങ് ഇങ്ങനെ തുടങ്ങിയാൽ എന്ത് ചെയ്യും?

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി ബിജിമോൾ സംസാരിക്കുക.

ശ്രീമതി ഇ. എസ്. ബിജിമോൾ: പോലീസുകാരുടെ മാരകമായ ഉപദ്രവ മേറ്റിട്ട് ഇവിടെ വന്നുനിൽക്കുന്നു. ഒരു അഭയത്തിനാണ് അങ്ങയുടെ അടുത്ത് വരുന്നത്. അങ്ങ് ഇത്ര ക്രൂരമായി പെരുമാറരുത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതുവരെ ഇല്ലാത്ത ഒരു പുതിയ നടപടി ക്രമമാണ് ഇത്. ശ്രീമതി ബിജിമോളെ സംസാരിക്കാൻ അനുവദിച്ചിട്ടുണ്ട്.

ശ്രീമതി ഇ.എസ്. ബിജിമോൾ: സർ, പി.ജെ. കുര്യൻ വിഷയത്തിൽ ഇടതുപക്ഷ മഹിളാമുന്നണിയുടെ നേതൃത്വത്തിൽ ഒരു മാർച്ച്, ഒരു പ്രതിഷേധ പ്രകടനം നടത്തി. ആ പ്രതിഷേധ പ്രകടനത്തിൽ ഞങ്ങൾ വളരെ കുറച്ച് ആളുകൾ, അമ്പതോളം വരുന്ന സ്ത്രീകളാണുണ്ടായിരുന്നത്. പോലീസുകാർ നൂറുകണക്കിനുണ്ടായിരുന്നു. വളരെ സമാധാനപരമായി ഞങ്ങൾ മാർച്ച് നടത്തിവരുമ്പോൾ പോലീസ് എന്നോടൊപ്പമുണ്ടായിരുന്ന സ്ത്രീകളെ മർദ്ദി ക്കുകയും ഞാൻ അടക്കമുള്ള ആളുകളെ ക്രൂരമായി മർദ്ദിക്കുകയും ചെയ്തു. എനിക്ക് എന്റെ കൈ തിരിക്കാൻപോലും കഴിയാത്ത സാഹചര്യമാണ്. എന്റെ കൈപിടിച്ച് വലിക്കരുതെന്ന് ഞാൻ അവരോട് പറ ഞ്ഞു. ഏതാണ്ട് എട്ടുപത്തുപേർ ചേർന്ന് കൈപിടിച്ച് വലിക്കുകയും തിരിക്കു കയും നിലത്തിട്ട് വലിക്കുകയും കാലിൽ പിടിച്ച് പൊക്കിയെടുക്കുക യുമൊക്കെ ചെയ്തു. പുരുഷ പോലീസും സ്ത്രീ പോലീസുമൊക്കെച്ചേർന്ന്

ആക്രമിക്കുന്ന ഒരു സാഹചര്യമാണുണ്ടായത്. എന്നോടൊപ്പമുണ്ടായിരുന്ന ശ്രീമതി ഗീതാഗോപി എം.എൽ.എ.യെ പോലീസ് അറസ്റ്റ് ചെയ്ത് വാനിൽ കയറ്റി കൊണ്ടുപോകുന്ന സാഹചര്യമുണ്ടായി. നൂറുകണക്കിന് പ്രവർത്ത കരെ മർദ്ദിക്കുന്ന സാഹചര്യമുണ്ടായി. ക്രൂരമായ ഒരു സമീപനമാണ് പോലീ സിന്റെ ഭാഗത്തുനിന്നുമുണ്ടായത്, അത്യന്തം ദയനീയമായ ഒരു സാഹചര്യം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി ബിജിമോൾ, നിമയസഭാ കോമ്പൗ ണ്ടിന് അകത്താണോ പുറത്താണോ ഇങ്ങനെ സംഭവിച്ചത്?

ശ്രീമതി ഇ.എസ്. ബിജിമോൾ: നിയമസഭാ കോമ്പൗണ്ടിന് പുറത്തുവ ച്ചാണ് ഇങ്ങനെ സംഭവിച്ചത്, എന്നാൽ നിയമസഭയിൽ നിന്ന് നോക്കിയാൽ കാണാവുന്ന സാഹചര്യം തന്നെയാണ്. കോമ്പൗണ്ടിന്റെ അവിടെ നിന്ന് നോക്കിയാലും കാണാം. പി.എം.ജി. ജംഗ്ഷനിലാണ് ഈ സമരം നടന്നത്. എന്റെ താലി കാണാതെ പോയി, മാല അടക്കം പോലീസ് വലിച്ചുപൊട്ടി ക്കുന്ന സാഹചര്യമുണ്ടായി. ......(ബഹളം).... ജീവിക്കാനുള്ള ഒരു അന്തരീക്ഷം ഉണ്ടാക്കിത്തരണം. എന്തൊരു അപമാനമാണ് ഇത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഇപ്പോൾ എന്തെങ്കിലും മറുപടി പറയുന്നുണ്ടോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാ കൃഷ്ണൻ) : സർ, നമ്മുടെ സഹപ്രവർത്തകയും സഹോദരിയുമായ ശ്രീമതി ഇ. എസ്. ബിജിമോൾ ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. ആ കാര്യ ങ്ങളെല്ലാം ഞാൻ മുഖവിലയ്ക്കെടുക്കുന്നു. അതെന്താണെന്ന് അന്വേഷിക്കു ന്നതിനുവേണ്ടി എ.ഡി.ജി.പി.-യെ ചുമതലപ്പെടുത്തുകയും കഴിയു ന്നത്രവേഗം അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് നൽകാൻ ആവശ്യപ്െ

ടുകയും ചെയ്യും. ശ്രീമതി ഇ.എസ്. ബിജിമോൾക്ക് ഇവിടെ പറഞ്ഞ രീതിയിലുള്ള എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടുകൂടി വൈദ്യ ചികിത്സയ്ക്കുവേണ്ടിയുള്ള ക്രമീകരണം ചെയ്യണമെന്ന് ബഹുമാനപ്പെട്ട ചെയറിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പംതന്നെ ഇവിടെ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് പരിശോധിച്ച് ഗവൺമെന്റിന് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യും. പോലീസുകാരുടെ ഭാഗത്തുനിന്ന് കുറ്റകൃത്യം ഉണ്ടായിട്ടുണ്ടോ എന്ന് പ്രത്യേകം പരിശോധിക്കും. സൗത്ത് സോൺ എ.ഡി.ജി.പി.-യെക്കൊണ്ട് അന്വേഷണം നടത്തി ബഹുമാനപ്പെട്ട സ്പീക്കർക്ക് റിപ്പോർട്ട് നൽകും. .............(ബഹളം)................

ശ്രീ. വി. എസ്. സുനിൽ കുമാർ : ശ്രീമതി ഗീതാ ഗോപിയെ അറസ്റ്റ് ചെയ്തു. ................(ബഹളം)................

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാന്യയായ ഇ. എസ്. ബിജിമോൾക്ക് ഹോസ്പിറ്റലിൽ പോകേണ്ട ആവശ്യമുണ്ടോ?

ശ്രീമതി ഇ. എസ്. ബിജിമോൾ : പോകണം.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീമതി ഇ. എസ്. ബിജിമോൾ ഹോസ്പിറ്റലിൽ പോകട്ടെ.

ശ്രീ. സി. ദിവാകരൻ : സർ, ആഭ്യന്തര വകുപ്പുമന്ത്രിയുടെ മുമ്പാകെ നിങ്ങളുടെ ഒരു സഹപ്രവർത്തക, ഒരു എം.എൽ.എ., ഒരു സ്ത്രീ സത്യസന്ധമായ സ്റ്റേറ്റ്മെന്റ് നടത്തിയാൽ *suo-moto* കേസെടുത്ത് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യണം; സസ്പെന്റ് ചെയ്തുകൊണ്ട് അന്വേഷണം നടത്താൻ നിങ്ങൾ തയ്യാറാകണം. ...........(ബഹളം).............

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബഹുമാനപ്പെട്ട സി. ദിവാകരൻ, അന്വേഷണം നടത്താതെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ പറ്റുമോ; അങ്ങ് എന്താണ് പറയുന്നത്? അങ്ങ് മന്ത്രിയായിരുന്ന ആളല്ലേ? നിങ്ങളൊക്കെ മന്ത്രിമാരായിരുന്നവരല്ലേ? എന്ത് സംഭവിച്ചു എന്നതിനെപ്പറ്റി അന്വേഷിക്കാതെ നടപടി സ്വീകരിക്കാൻ കഴിയില്ലായെന്നുള്ളത് നിങ്ങൾക്കറിയില്ലേ. അത് ശരിയായ നടപടിയല്ല. ........... .........(ബഹളം).............. ഞാനൊരു കാര്യം പറയട്ടെ, ഇതുവരെയില്ലാത്ത ഒരു കീഴ്വഴക്കമാണ് ഇന്ന് ഈ സഭയിലുണ്ടായത്. ഒരംഗം സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അത് നിറുത്തിയശേഷം പ്രതിപക്ഷ നേതാവിനും പരാതിയുള്ള അംഗത്തിനും സംസാരിക്കാൻ അവസരം കൊടുക്കുന്നു, സംഭവത്തെപ്പറ്റി അന്വേഷിച്ച് ശക്തമായ നടപടിയെടുക്കുമെന്ന് ബഹുമാനപ്പെട്ട മിനിസ്റ്റർ അപ്പോൾത്തന്നെ മറുപടിയും പറഞ്ഞു. മിനിസ്റ്റർ പറഞ്ഞതിനുശേഷം ............... (ബഹളം)..................ആവശ്യമുണ്ടെങ്കിൽ ശ്രീമതി ഇ.എസ് ബിജിമോളെ ഹോസ്പിറ്റലൈസ് ചെയ്യണം. ............(ബഹളം)...............

<u>ശ്രീ. സി. ദിവാകരൻ</u> : എം.എൽ.എ.-യുടെ താലി പിടിച്ചുപറിച്ചു, അവർക്ക് അടികൊടുത്തു. .................(ബഹളം)...............

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : നിയമപരമായി ചെയ്യാനുള്ളത് ചെയ്യുമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി സഭയിൽ പറഞ്ഞുകഴിഞ്ഞു. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി സഭയിലുണ്ട്. അദ്ദേഹം മറുപടിയും പറഞ്ഞു. അദ്ദേഹം അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിക്കഴിഞ്ഞു. സത്യസന്ധമായ അന്വേഷണം നടക്കും. അക്കാര്യത്തിൽ ആർക്കും ഒരു സംശയവും വേണ്ട................(ബഹളം).................. ശ്രീമതി ബിജിമോളെ ഹോസ്പിറ്റലിൽ കൊണ്ടുപോകണം. ................(ബഹളം)..................

ശ്രീ. വി. എസ്. സുനിൽ കുമാർ : ശ്രീമതി ഗീതാ ഗോപി എവിടെ? സഭ നിർത്തിവയ്ക്കണം. ..................(ബഹളം)................

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീമതി ബിജിമോളെ ഹോസ്പിറ്റലിൽ കൊണ്ടുപോകട്ടെ. .......................(ബഹളം)........................ വീൽ ചെയർ വേണോ?

ശ്രീ. കെ. രാധാകൃഷ്ണൻ : രണ്ട് വനിതാ വാച്ച് ആന്റ് വാർഡിനെ അയയ്ക്കണം.................(ബഹളം)..............

മി. ഡെപ്യൂട്ടി സ്പീക്കർ : പറഞ്ഞതെല്ലാം ചെയ്തു. വീൽചെയർ ഏർപ്പെടുത്തി; ഹോസ്പിറ്റലിൽ കൊണ്ടുപോകാനുള്ള ഏർപ്പാടുമുണ്ടാക്കി......................(ബഹളം).........................

(വനിതാ വാച്ച് ആന്റ് വാർഡിന്റെ സഹായത്തോടെ ശ്രീമതി ഇ.എസ്. ബിജിമോളെ സഭയ്ക്ക് പുറത്തേയ്ക്ക് കൊണ്ടുപോയി)

മി. ഡെപ്യൂട്ടി സ്പീക്കർ : സഭ അൽപ്പസമയത്തേയ്ക്ക് നിറുത്തിവയ്ക്കുന്നു.

(ഉച്ചയ്ക്കുശേഷം 1.37-ന് സഭ നിറുത്തിവച്ചു)

(നിറുത്തി വച്ച സഭ ഉച്ചയ്ക്ക് ശേഷം 3.40-ന് വീണ്ടും സമ്മേളിച്ചു)

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, അങ്ങുകൂടി നിർദ്ദേശിച്ചതനുസരിച്ച് അന്വേഷണത്തിന് ഉത്തരവ് ഇട്ടിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് കിട്ടിയതിനുശേഷം അതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടിയെടുക്കാം. ശ്രീമതി ബിജിമോൾ തന്നെ സഭയിൽ ഇക്കാര്യത്തെക്കുറിച്ച് പറഞ്ഞു. അതിനെ അതിന്റെ എല്ലാ ഗൗരവത്തോടുംകൂടി ഗവൺമെന്റ് കാണുകയാണ്. അവരുടെ അന്വേഷണ

റിപ്പോർട്ട് വാങ്ങിയതിനുശേഷം നടപടി കൈകൊള്ളുന്നതാണ്. നടപടിയി ലേയ്ക്ക് പോകണമെന്നാണ് ശുപാർശയെങ്കിൽ അതുപോലെ ചെയ്യാം.

ശ്രീ. വി. എസ്. സുനിൽ കുമാർ : ശ്രീമിതി ഗീതാ ഗോപിയെക്കുറിച്ച് അന്വേഷിക്കണം.

ശ്രീ. സി. ദിവാകരൻ : അതെല്ലാം ആഭ്യന്തരമന്ത്രി കേട്ടു. ശ്രീമതി ബിജി മോൾ ഇപ്പോൾ ആശുപത്രിയിൽ കഴിയുകയാണ്. അതുകൊണ്ട് അതിന് ഇനി യൊരു അന്വേഷണത്തിന്റെ ആവശ്യമില്ല. പ്രഥമദൃഷ്ടിയാൽ ഇവർക്കെല്ലാം ബോധ്യപ്പെട്ടതാണ്. മർദ്ദനത്തിന് വിധേയയായി. അതുകൊണ്ട് അങ്ങനെ ചെയ്യുന്നതല്ലേ നല്ലത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ശ്രീമതി ബിജിമോൾ പറ ഞ്ഞതെല്ലാം കേട്ടു. പക്ഷേ ശ്രീമതി *ിജിമോൾ ഒരാളിന്റെ പേരുപോലും ഇവിടെ പറഞ്ഞിട്ടില്ല. അപ്പോൾ സ്ട്രെയിറ്റ് എവേയായി ഒരു നടപടി സ്വീകരി* ക്കുക എന്നു പറയുന്നത് അസ്വാഭാവികമാണ്. അതുകൊണ്ട് സ്വാഭാവികമായി ഒരന്വേഷണം നടത്തി ആ അന്വേഷണത്തിൽ കുറ്റകാരാണെന്ന് കണ്ടെത്തുന്ന വരുടെ പേരിൽ അപ്പോൾ നടപടി എടുക്കാമെന്നാണ് പറഞ്ഞത്. ഒരു ഓപ്ഷനും ക്ലോസ് ചെയ്തിട്ടില്ല. എല്ലാ ഓപ്ഷനും നിലനിൽക്കുകയാണ്. പക്ഷേ ഒരന്വേഷണം നടത്താതെ തന്നെ അറസ്റ്റു ചെയ്യണമെങ്കിൽ, . . . ( ബഹളം). . . . ശ്രീമതി ബിജിമോൾ പറഞ്ഞ സ്റ്റേറ്റ്മെന്റ് ഞാൻ മുഴുവൻ നോക്കി. ആ സ്റ്റേറ്റ്മെന്റിനകത്ത് ശ്രീമതി ബിജിമോൾ ഒരു പർട്ടിക്കുലർ വ്യ ക്തിയെക്കുറിച്ച് പറയുന്നില്ല. അങ്ങനെ പറയാതിരിക്കുമ്പോൾ നടപടി എടു ക്കണമെങ്കിൽ ഒരന്വേഷണം വേണം. ശ്രീമതി ബിജിമോൾ പറഞ്ഞ കാര്യം മുഖവിലയ്ക്ക് എടുക്കുകയാണ്. പ്രത്യേകിച്ച് ആളുകളുടെ പേര് പറയാത്ത തുകൊണ്ട് ഒരന്വേഷണം നടത്തി കുറ്റക്കാർ ആരാണെന്ന് പരിശോധിക്കുക

യാണ്. ആ റിപ്പോർട്ട് കിട്ടിയാൽ ഉടൻതന്നെ ഗവൺമെന്റ് അതിൻമേൽ നടപടിയെടുക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഈ സംഭവം കഴിഞ്ഞിട്ട് മൂന്നര മണിക്കൂറായി. ഈ മൂന്നര മണിക്കൂറിനിടയിൽ നമ്മുടെ കൺമുന്നിൽ നടന്ന സംഭവത്തെ സംബന്ധിച്ച റിപ്പോർട്ട് ഗവൺമെന്റ് കിട്ടിയില്ല എന്നുപറഞ്ഞാൽ ആരാണ് വിശ്വസിക്കുക? സഭ നടന്നുകൊണ്ടിരിക്കെ, സഭയുടെ പുറത്തു നടന്ന ഒരു സംഭവത്തെ സംബന്ധിച്ച്, ഒരു എം.എൽ.എ.-ക്കുണ്ടായ അനുഭവം സംബന്ധിച്ച് ഒരു റിപ്പോർട്ട് കിട്ടാനുള്ള സമയം കഴിഞ്ഞു. ഇന്നത്തെ ആധുനികയുഗത്തിൽ ഇത്തരത്തിൽ ഒരു വിശദീകരണം നടത്താൻ സാധിക്കുമോ? ഇടതുപക്ഷ ഭരണകാലത്തുണ്ടായ ഒരു അനുഭവം ഇവിടെ സൂചിപ്പിക്കുകയാണ്. നമ്മുടെ സഹപ്രവർത്തകനായിട്ടുള്ള ശ്രീ. റ്റി. എൻ. പ്രതാപനെ തൃശ്ശൂരിൽ നടന്ന സമരവുമായി ബന്ധപ്പെട്ട് പോലീസ് കയ്യേറ്റം ചെയ്തു.

മി. സ്പീക്കർ : ഈ വിഷയത്തെക്കുറിച്ച് രാവിലെ പറഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇവിടെയല്ല പറഞ്ഞത്. പി.എ.സി. യിലാണ് പറഞ്ഞത്. അന്ന് ശ്രീ. റ്റി. എൻ. പ്രതാപൻ ആ വിഷയം ഇവിടെ പറഞ്ഞ ഉടൻതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ടാണ് അന്വേഷിച്ചത്. അതുപോലെ ഇവിടേയും ഈ സംഭവവുമായി ബന്ധപ്പെട്ടവരെ സസ്പെന്റ് ചെയ്ത് അന്വേഷിക്കും എന്നുപറയാൻ എന്തുകെണ്ടാണ് ആഭ്യന്തരമന്ത്രി തയ്യാറാകാത്തത്? .....(ബഹളം)...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : .ഇവിടെ ഞാൻ മറ്റൊരാളിന്റെ ഉദാഹരണം പറയുന്നില്ല......

ശ്രീ. റ്റി. എൻ. പ്രതാപൻ : കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തൃശ്ശൂരിൽ വച്ച് പോലീസ് എന്നെ മർദ്ദിച്ച് കൈ ഒടിക്കുകയുണ്ടായി. ദിവസങ്ങളോളം ഞാൻ ആശുപത്രിയിൽ കിടന്നു. ആശുപത്രിയിൽ കിടന്നതിനുശേഷം ഞാൻ ഈ സഭയിൽ വരുന്നത്. സഭയിൽ വരുന്നതിനു മുമ്പുതന്നെ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിക്ക് ഈ സംഭവവുമായി ബന്ധപ്പെട്ട് ഞാൻ ഫാക്സ് മെസേജ് അയയ്ക്കുകയുണ്ടായി. മർദ്ദിച്ച ആളിന്റെ പേര്,പത്രങ്ങളിൽ വന്ന അവരുടെ ഫോട്ടോയുടെ കോപ്പി എല്ലാം വച്ച് അയച്ചു. എന്നിട്ടും നടപടിയുണ്ടാകാതെ വന്നപ്പോൾ പ്ലാസ്റ്റർ ഇട്ട കയ്യുമായി ഈ സഭയിൽ വന്ന്, പ്രതിപക്ഷത്തുള്ള ആളുകളുൾപ്പെടെ ആ പ്രശ്നം ഉന്നയിച്ചതിനുശേഷമാണ് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തത്. സംഭവം കഴിഞ്ഞ് ദിവസങ്ങൾ കഴിഞ്ഞിട്ടാണ് ഈ പറഞ്ഞ കാര്യങ്ങളൊക്കെ നടന്നത്. ...(ബഹളം)....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : പഴയ ഒരു കാര്യത്തെക്കുറിച്ച് എനിക്കും ചിലത് പറയാനുണ്ട്. അതിന് എനിക്ക് ഒരു സാക്ഷിയുമില്ല. ഞാൻ തന്നെയാണ് സാക്ഷി. എന്റെ കൈ തല്ലിയൊടിച്ചതാണ്. ഈ സഭയിൽ വന്ന്, പ്രതിപക്ഷത്തിരുന്ന് എന്റെ വേദനയും ദു:ഖവുമെല്ലാം പറഞ്ഞതാണ്. അന്ന് ഞാൻ മാത്രമായിരുന്നില്ല, ഈ മന്ത്രിസഭയിലുള്ള ശ്രീ. അടൂർ പ്രകാശ്, അദ്ദേഹത്തിന് നല്ല തല്ലും കിട്ടി. ഞങ്ങളെല്ലാം സാക്ഷിയായി നിന്നു. എന്റെ കൈ ഒടിച്ചതാണ്. ശ്രീ. കെ. സി. വേണുഗോപാലിനെ ക്രൂരമായി മർദ്ദിച്ചതാണ്. ....(ബഹളം)..... ഈ സഭയിലുള്ള ശ്രീ. പി.സി. വിഷ്ണുനാഥിനെ മർദ്ദിച്ചതാണ്. ഒരു നടപടിയും ഇതിനെ സംബന്ധിച്ചുണ്ടായിട്ടില്ല. ശ്രീമതി ബിജിമോൾ, നമ്മുടെ ഒരു സഹോദരി എന്നുള്ള നിലയിൽ ഇവിടെ വന്ന് പറഞ്ഞ കാര്യങ്ങൾ എല്ലാവിധത്തിലുള്ള ഗൗരവത്തോടുംകൂടി എടുക്കുകയാണ്.

പക്ഷേ ഒരു വ്യക്തിയുടെ പേരുപോലും ശ്രീമതി ബിജിമോൾ ഇവിടെ പറഞ്ഞിട്ടില്ല. ഇനി പറയിപ്പിക്കുമോ എന്നെനിക്ക് അറിയില്ല. സംസാരിക്കുന്ന ഈ നിമിഷംവരെ ശ്രീമതി ബിജിമോൾ ഒരു പോലീസുകാരന്റെയോ പോലീസുകാരിയുടേയോ പേരുപോലും പറഞ്ഞിട്ടില്ല. .....(ബഹളം).....ഇനി വേണമെങ്കിൽ പറയിപ്പിക്കാം. ഒരു പേരുപോലും പറയാതെ, വ്യക്തിപരമായി ഒരു ആക്ഷേപം പോലും പറയാതെ ഒരു ഗവൺമെന്റ് എങ്ങനെ ഇവിടെ നിന്ന് blind get ആയി ഞങ്ങൾ നടപടിയെടുത്തു എന്ന് പറയാൻ പറ്റുക. അതുകൊണ്ട് ഞങ്ങൾ അന്വേഷിക്കുകയാണ്.

മൂന്നര മണിക്കൂറായിട്ടും അന്വേഷണ റിപ്പോർട്ട് കിട്ടിയില്ലേ എന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ചോദ്യം. ഞാൻ അതിനെ ചോദ്യം ചെയ്യുന്നില്ല. അതേ സമയം അന്വേഷണ റിപ്പോർട്ട് കഴിയുന്നത്ര വേഗത്തിൽ തരുന്നതിനുവേണ്ടി നിർദ്ദേശിച്ചിരിക്കുകയാണ്. ആ റിപ്പോർട്ട് വന്നാൽ നീതിബോധത്തോടുകൂടിത്തന്നെ പെരുമാറണം. നീതിബോധത്തോടുകൂടി പെരുമാറണമെങ്കിൽ ഒരന്വേഷണ റിപ്പോർട്ട് കിട്ടണം. അല്ലാതെ വെറുതെ ബഹളമുണ്ടാക്കി ഒരു നീതിരഹിത പ്രവർത്തനത്തിന് തല കുനിച്ചു കൊടുത്താൽ അതൊരു ഗവൺമെന്റാകുമോ? അതുകൊണ്ട് റിപ്പോർട്ട് വരട്ടെ. അതിനുശേഷം നടപടിയെടുക്കാം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : ശ്രീ. പി.ജെ. കുരന്റെ പ്രശ്നത്തെ സംബന്ധിച്ച് ഞങ്ങൾ അസംബ്ലിയിൽ പറയുകയായിരുന്നു. തെറ്റ് മറച്ചുവയ്ക്കാനുള്ള ശ്രമമാണ് നടത്തുന്നത് എന്നു പറഞ്ഞുകൊണ്ടിരുന്ന. . . . . . . അതേ സമയത്തു തന്നെ മഹിളാ സംഘങ്ങൾ സെക്രട്ടേറിയറ്റിനുമുന്നിൽ പോയി പ്രകടനം നടത്തി തിരിച്ചുവരികയായിരുന്നു. അപ്പോ

ഴാണ് പോലീസ് അവരെ തടഞ്ഞുവച്ച് മർദ്ദിച്ചത്. ആ മർദ്ദനത്തിൽ പ്രതിഷേധിച്ച് അസംബ്ലി മന്ദിരത്തിനുമുന്നിൽ മഹിളാ സംഘങ്ങൾ കുത്തിയിരുന്നു. ........ എന്താ ഗോപി?.. . . (ബഹളം). . . ശ്രീമതി ഗീതാ ഗോപിയും, ബിജിമോളും. . . . ട്രഷറി ബഞ്ചുകൾക്ക് ഇതൊക്കെ ഒരു തമാശയാണ്.

മി. സ്പീക്കർ : തമാശയല്ല.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ : ശ്രീമതി ഗീതാ ഗോപിയും ശ്രീമതി ബിജിമോളും ഈ സഭയിലെ അംഗങ്ങളാണ്. അവരെ അത്യന്തം ക്രൂരമായി മർദ്ദിച്ച് വഴിയിൽ തള്ളി എന്ന് എനിക്ക് അറിയിപ്പു ലഭിച്ചു. അത് എനിക്ക് കുറെനേരം വിശ്വസിക്കാൻ കഴിഞ്ഞില്ല. എങ്കിലും സഹപ്രവർത്തകരും ഉദ്യോഗസ്ഥന്മാരുമൊക്കെ പറഞ്ഞപ്പോൾ ഞാൻ പോയി നോക്കി. അസംബ്ലി മന്ദിരത്തിന്റെ വാതിൽക്കൽ പ്രകടനം നടത്തി മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നവരെ കണ്ടു. അതുകഴിഞ്ഞ് പിന്നെയും മുന്നോട്ട് പോയപ്പോൾ

അരോഗദൃഢഗാത്രയായ ശ്രീമതി ഇ.എസ്. ബിജിമോൾ ഇടതുകൈക്ക് മർദ്ദനമേറ്റ് നീരുകെട്ടി ഒരു തരത്തിലും അനങ്ങാൻ വയ്യാതെയിരിക്കുന്നതു കണ്ടു. അവിടെച്ചെന്ന് എന്താണെന്ന് ഞാൻ ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു ‘എന്നെ ഭയങ്കരമായി അവർ മർദ്ദിച്ചു, കൈ പിടിച്ച് തിരിച്ചു. എന്റെ ഭർത്താവ് കെട്ടിയ താലി പൊട്ടിച്ചെടുത്തു. ഇങ്ങനെയുള്ള ക്രൂരതകളാണ് അവർ ചെയ്തത്’ - ഞാനുടനെതന്നെ എന്റെ കാർ മുന്നോട്ട് മാറ്റിയിട്ടതിനുശേഷം ശ്രീമതി ഇ.എസ്. ബിജിമോളോട് കാറിൽ കയറാൻ പറഞ്ഞു. കാറിൽ കയറ്റി ഞാനിവിടെ കൊണ്ടുവന്ന് അവർക്കുണ്ടായ അനുഭവം സഭയിൽ വിവരിച്ചു. ബഹുമാനപ്പെട്ട സ്പീക്കർ ബി.എ.സി യോഗത്തിൽ പങ്കെടുക്കാൻ പോയതുകൊണ്ട് ഡെപ്യൂട്ടി സ്പീക്കറാണ് അദ്ധ്യക്ഷത വഹിച്ചിരുന്നത്. സംസാരിച്ചു

കൊണ്ടിരിക്കുന്ന ആൾ സംസാരിച്ചുകഴിയട്ടെ എന്ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു. അതിന് സമയമെടുത്തു. അതൊരു അനൗചിത്യമാണ്. ശ്രീമതി ഇ.എസ്. ബിജിമോൾ എം.എൽ.എ അല്ലേ അവർക്ക് പറയാനുള്ളത് പറയാൻ സമയം കൊടുക്കണമെന്ന് പറഞ്ഞതനുസരിച്ച് അദ്ദേഹം അവർക്ക് സമയം കൊടുത്തു. അവർക്കുണ്ടായ അനുഭവം അവർ പറയാൻ ശ്രമിച്ചു, ശരിക്കും പറയാൻ കഴിയാത്ത വിധത്തിലായിരുന്നതുകൊണ്ട് ഡെപ്യൂട്ടി സ്പീക്കർ അവർക്ക് സംഭവം വിശദീകരിക്കാനുള്ള സമയം കൊടുക്കണോ, മെഡിക്കൽ ചെക്കപ്പിന് വിടുകയല്ലേ വേണ്ടത് എന്ന് ചോദിച്ചു. ഏതായാലും പറഞ്ഞുതീരട്ടെ എന്ന് ഞാൻ പറഞ്ഞു. അങ്ങനെ അവർ ഒരുതരത്തിൽ എല്ലാം പറഞ്ഞുതീർത്തു. അതുകഴിഞ്ഞ് അവരെ അസംബ്ലി മെമ്പേഴ്സിന് അസുഖമുണ്ടാകുമ്പോൾ നോക്കുന്നതിനുവേണ്ടി പ്രത്യേകം സംഘടിപ്പിച്ചിട്ടുള്ള മെഡിക്കൽ വിഭാഗത്തിൽ പരിശോധനയ്ക്കയച്ചു. അതിനുശേഷം മെഡിക്കൽ കോളേജിലേയ്ക്ക് അയയ്ക്കുകയാണുണ്ടായത്. തനിക്കുണ്ടായ ദുരിതത്തിന്റേയും ദുഃഖത്തിന്റേയും സങ്കടത്തിന്റേയും നിജസ്ഥിതി ഒരു വനിത എം.എൽ.എ ഈ സഭയിൽ പറഞ്ഞതിനെ ആസ്പദമാക്കി, സാങ്കേതികകാര്യം പറഞ്ഞുകൊണ്ട് ഇപ്പോഴും റിപ്പോർട്ട് വരട്ടെ, റിപ്പോർട്ട് വരട്ടെ എന്നുള്ള തരത്തിൽ മറുപടി പറഞ്ഞത് ഒരു തരത്തിലും ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. അതിനോട് അതിശക്തമായ പ്രതിഷേധമാണ് ഞങ്ങൾക്ക് പ്രകടിപ്പിക്കാനുള്ളത്. ശ്രീമതി ഗീതാ ഗോപി എവിടെ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ........(ബഹളം)........ ഞാൻ ആശുപത്രിയിൽ പോയതാണ്. ആറു പേർക്ക് മർദ്ദനമേറ്റു. അതിൽ മൂന്നുപേർ അബോധാവസ്ഥയിൽ കിടക്കുമ്പോഴാണ് ഞാൻ മെഡിക്കൽ കോളേജിൽപോയി വിവരങ്ങളെല്ലാം മനസ്സിലാക്കിയത്. ബി.എ.സി യോഗം നടന്നുകൊണ്ടിരുന്ന അവസരത്തിൽ ഞാനവിടെ

ചെന്ന് ബഹുമാനപ്പെട്ട സ്പീക്കറും ചീഫ് മിനിസ്റ്ററുമടക്കമുള്ള ആളുകളെ കാര്യങ്ങൾ ധരിപ്പിച്ചതുമാണ്. അതുകൊണ്ട് ഇവിടെ പ്രത്യേകിച്ച് കാര്യങ്ങൾ പറയേണ്ടതില്ലല്ലോ എന്നു കരുതിയതാണ്. ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യ മന്ത്രിയും ഇവിടെയുള്ളതുകൊണ്ടാണ് വീണ്ടും ആവർത്തിക്കാതിരുന്നത്. ഗവൺമെന്റ് എടുത്തിരിക്കുന്ന തീരുമാനം മനുഷ്യത്വപരമോ ജനാധിപത്യപ രമോ ആയ നിലയിലുള്ളതല്ല. ബന്ധപ്പെട്ടവരെ ഉടനടി സസ്പെന്റ് ചെയ്യു കയും നമ്മൾ ധരിച്ചിരിക്കുന്നതുപോലെയല്ല സംഭവം നടന്നതെങ്കിൽ അവരെ ഉടനെതന്നെ തിരിച്ചെടുത്തോളൂ. എങ്കിലും വാർത്ത പുറത്തുവരു മ്പോൾ ഒരു എം.എൽ.എ-യെ ക്രൂരമായി മർദ്ദിച്ച പോലീസുകാരനെ, ഏത് പോലീസുകാരനായാലും തരക്കേടില്ല, അയാൾ രാജ്യത്തിനുവേണ്ടി സേവനം നടത്തുന്നവനല്ല. ആ നിലയിൽ ധീരമായ ഒരു നിലപാട് മുഖ്യമന്ത്രിക്കും ആഭ്യന്തര വകുപ്പുമന്ത്രിക്കും എടുക്കാൻ കഴിയാത്തതിൽ ഞാൻ അങ്ങേയറ്റം ദുഃഖിക്കുന്നു. അങ്ങേയറ്റം ശക്തമായി എന്റെ പ്രതിഷേധം രേഖപ്പെടുത്തുക യാണ്. ഇറങ്ങിപ്പോകുകയാണോ വേണ്ടത്? .......(ബഹളം)........... ശ്രീമതി ഗീതാ ഗോപി എവിടെ എന്നുള്ള ചോദ്യത്തിന് ആഭ്യന്തര വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമാണ് മറുപടി നൽകേണ്ടത്, അവരാണ് ഈ സഭയെ, സംസ്ഥാ നത്തെ അറിയിക്കേണ്ടത്. ശ്രീമതി ഗീതാ ഗോപിയെക്കുറിച്ച് ബഹുമാനപ്പെട്ട സ്പീക്കർക്ക് എന്തെങ്കിലും വിവരം കിട്ടിയിട്ടുണ്ടോ എന്നറിയാനും താത്പര്യ മുണ്ട്. ശ്രീമതി ഇ.എസ്. ബിജിമോൾ ഇപ്പോൾ ആശുപത്രിയിലുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃ ഷ്ണൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യങ്ങളെക്കു റിച്ച് ഞാൻ നേരത്തെ മറുപടി പറഞ്ഞതുകൊണ്ട് ആവർത്തിച്ച് പറയുന്നില്ല.

അങ്ങയുടെ അറിവിനുവേണ്ടി പറയാം. ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ മാർദ്ദവമായും അതോടൊപ്പംതന്നെ വളരെ .........(ബഹളം)..........

മി. സ്പീക്കർ: നിങ്ങളിങ്ങനെ ഒരു പദത്തിൽ പിടിച്ച് ബഹളമുണ്ടാക്കാതെ......... (ബഹളം)....... അദ്ദേഹം മറുപടി പറയട്ടെ. നിങ്ങളുടെ ഭാഷയിൽ അദ്ദേഹത്തിന് സംസാരിക്കാൻ കഴിയുമോ? അദ്ദേഹം ആഭ്യന്തര വകുപ്പുമന്ത്രിയാണ്. ഔദ്യോഗികമായിട്ടേ സംസാരിക്കാൻ കഴിയൂ. പ്ലീസ്.........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ പറഞ്ഞതിനെ സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടെങ്കിൽ, ഇവിടെ നടന്ന സംഭവങ്ങളുടെ വിഷ്വൽസുണ്ട്. ഞാനത് അങ്ങേയ്ക്ക് നൽകാം. ഈ സഭയിൽ വയ്ക്കാം. ആ വിഷ്വൽസ് പരിശോധിച്ചോളൂ. വിഷ്വൽസ് ഒരിക്കലും കള്ളം പറയില്ല. ................. (ബഹളം)...................

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ശ്രീമതി ഇ.എസ്. ബിജിമോൾ ഇവിടെ വന്ന് കാര്യങ്ങളെല്ലാം പറഞ്ഞപ്പോൾ ഒരു പോലീസുകാരന്റേയും പേര് പറഞ്ഞില്ല എന്നാണ് പറഞ്ഞത്. അവർക്ക് പോലീസുകാരുടെ പേര് എങ്ങനെ അറിയാൻ കഴിയും? ഞാനും പോലീസ് സ്റ്റേഷനിൽ കിടന്ന് അടി കൊണ്ടിട്ടുണ്ട്. നിങ്ങളും കിടന്നിട്ടുണ്ടാകാം. അടിക്കാൻ വരുന്ന പോലീസുകാർ അവരുടെ പേര് നെറ്റിയിൽ കുറിച്ചിട്ടിട്ടാണോ വരുന്നത്? ഒന്നും അറിയാനൊക്കുകയില്ല. ഒന്നോ രണ്ടോ പേരെ മാത്രം അറിയാൻ കഴിയും. അതുപോലും അറിയാൻ വയ്യാത്ത അവരെ മർദ്ദിച്ച പോലീസുകാരൻ ആരാണെന്ന് ചോദിച്ചാൽ, പറയാതിരിക്കുന്നിടത്തോളം കാലം അന്വേഷിക്കട്ടെ എന്നാണോ പറയേണ്ടത്? ഏതു കാര്യത്തെ സംബന്ധിച്ചും നിമിഷങ്ങൾക്കകം അറിയാനും മനസ്സിലാക്കാനും കഴിയത്തക്ക വിധത്തിൽ ആധുനിക സംവിധാനങ്ങളുള്ള ഇന്നത്തെ യുഗത്തിൽ ആഭ്യന്തര വകുപ്പിനും പോലീസിനും ഏത്

പോലീസുകാരനാണ് ഇതിൽ ഏർപ്പെട്ടതെന്നും ഇതിനകം തന്നെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അങ്ങ് ഏറ്റവുമൊടുവിൽ പറഞ്ഞ കാര്യമാണ് ഇതിൽ ഏറ്റവും പ്രധാനം. ശ്രീമതി ഇ.എസ്. ബിജിമോൾക്ക് പോലീസിന്റെ പേര് അറിയില്ല എന്നുപറഞ്ഞാൽ അത് സ്വാഭാവികമാണ്. എങ്ങനെ അറിയാൻ കഴിയും? പക്ഷെ അവിടെ നടന്നതിന് ആരാണ് ഉത്തരവാദികൾ; എതുവരെയാണ് അതിന്റെ തെറ്റുകൾ വന്നിട്ടുള്ളത് എന്നറിയണ്ടേ? ശ്രീ. റ്റി. എൻ. പ്രതാപന്റെ കാര്യം ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു- ശ്രീ. റ്റി.എൻ. പ്രതാപനെ തല്ലിയ ഉദ്യോഗസ്ഥന്റെ പേര് വ്യക്തമായി പറഞ്ഞിട്ടും ആദ്യം നടപടിയുണ്ടായില്ല. ഇവിടെ വന്ന് പരാതിപ്പെട്ടതിനുശേഷമാണ് നടപടിയുണ്ടായത്. അതെന്താണ്? പരാതി സ്പെസിഫിക്കാണ്. ഇന്ന ഉദ്യോഗസ്ഥൻ എന്റെ കൈ അടിച്ച് ഒടിച്ചിരിക്കുന്നു. ഇവിടത്തെ പ്രശ്നം ഉദ്യോഗസ്ഥന്റെ പേര് അറിയില്ല. അതു ഞാൻ പൂർണ്ണമായി അംഗീകരിക്കുന്നു. സ്വാഭാവികമാണ്. പക്ഷെ ഗവൺമെന്റിന് ഒരു നടപടിയിലേയ്ക്ക് പോകണമെന്നുണ്ടെങ്കിൽ, അത് സംബന്ധിച്ച് അന്വേഷണം നടത്തി ആരാണ്; അവരുടെ ഭാഗത്തുനിന്നു വന്ന വീഴ്ച എന്താണ് എന്നതിനെ സംബന്ധിച്ച് ഒന്നും അറിയണ്ടേ? അതു സംബന്ധിച്ച് ഒരു അന്വേഷണത്തിന് ആഭ്യന്തര വകുപ്പുമന്ത്രി ഉത്തരവിട്ടു. അതിന്റെ റിപ്പോർട്ട് കിട്ടി, അതിന്റെ അടിസ്ഥാനത്തിൽ നിശ്ചയമായും പരിശോധിക്കുമെന്ന് പറഞ്ഞു. അതല്ലാതെ ഒരു നിലപാടെടുക്കുന്നത് ശരിയാണോ എന്ന് ചിന്തിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. അന്ന് ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ. റ്റി. എൻ. പ്രതാപൻ ഈ നിയമസഭയിൽവന്ന് അദ്ദേഹത്തിനുണ്ടായ അനുഭവം വിശദീ

കരിച്ചു. അത് കേട്ടയുടനെ വേറൊരു അന്വേഷണത്തിനും നിൽക്കാതെ അന്നുതന്നെ ബന്ധപ്പെട്ടവരെ സസ്പെന്റ് ചെയ്യുമെന്ന് നിയമസഭയിൽ പ്രഖ്യാപിച്ചു. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബന്ധപ്പെട്ടവരെ സസ്പെന്റ് ചെയ്ത് അന്വേഷിക്കും എന്നുപറയാൻ തയ്യാറുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബന്ധപ്പെട്ടവർ ആരാണെന്നും എന്താണ് സംഭവിച്ചതെന്നും അറിയാതെ എങ്ങനെ പറയാൻ കഴിയും? അതുകൊണ്ട് അന്വേഷണ റിപ്പോർട്ട് വരട്ടെ. അത് പരിശോധിക്കാം. അതിന്റെ അടിസ്ഥാനത്തിൽ എന്താണ് വേണ്ടതെന്ന് തീരുമാനിക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഒരു അന്വേഷണ റിപ്പോർട്ട് സഭയിൽ വച്ചു. ശ്രീമതി ഗീതാഗോപിയെ പോലീസ് റിമൂവ് ചെയ്തിട്ടില്ല, അറസ്റ്റ് ചെയ്തിട്ടില്ല. ശ്രീമതി ഗീതാഗോപി പോലീസ് വാഹനത്തിൽ കയറി പോയതാണ്. ശ്രീമതി ഗീതാഗോപിയെ പോലീസ് റിമൂവ് ചെയ്തുവെന്നാണ് ബഹുമാനപ്പെട്ട സ്പീക്കർക്ക് വന്ന പോലീസ് മെസേജ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത് ശ്രീമതി ഗീതാഗോപി പോലീസ് വാഹനത്തിൽ കയറി പോയി എന്നാണ്. ഇങ്ങനെ ആഭ്യന്തര വകുപ്പുമന്ത്രിയെപ്പോലും തെറ്റിദ്ധരിപ്പിക്കുന്ന പോലീസ് ഉദ്യോഗസ്ഥന്മാർ ഈ സംസ്ഥാനത്തുള്ളപ്പോൾ ഏത് പോലീസ് ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് അനുസരിച്ചാണ് ഇവിടെ നടപടിയെടുക്കാൻ പോകുന്നത്? ആരോ കൊടുത്ത റിപ്പോർട്ടാണ് ആഭ്യന്തരവകുപ്പുമന്ത്രി സഭയെ തെറ്റിദ്ധരിപ്പിച്ച് പറഞ്ഞത്. ആഭ്യന്തര വകുപ്പുമന്ത്രിയെ തെറ്റിദ്ധരിപ്പിച്ച പോലീസ് ഓഫീസർ ആരാണ്? ആ പോലീസ് ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കണം. ആഭ്യന്തരവകുപ്പുമന്ത്രിക്ക് ഒരു റിപ്പോർട്ട്, സ്പീക്കർക്ക്

വേറൊരു റിപ്പോർട്ട്? ഇതാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ബഹുമാന പ്പെട്ട സ്പീക്കർക്ക് കിട്ടിയ റിപ്പോർട്ട് സഭയിൽ വായിക്കണം. ബഹുമാനപ്പെട്ട സ്പീക്കറേയും ആഭ്യന്തരവകുപ്പുമന്ത്രിയേയും തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ പോലീസ് ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിനുവേണ്ടി കാത്തിരിക്കാതെ ശ്രീമതി ഇ.എസ്. ബിജിമോൾ ഇവിടെ പറഞ്ഞ കാര്യങ്ങൾ മുഖവിലയ്ക്കെടുത്തു കൊണ്ട് ബന്ധപ്പെട്ടവരെ സസ്പെന്റ് ചെയ്യണം. പേര് നിങ്ങൾ അന്വേഷിച്ച് കണ്ടുപിടിക്കണം. ബന്ധപ്പെട്ടവരെ സസ്പെന്റ് ചെയ്യുമെന്ന് പറയാൻ എന്തു കൊണ്ടാണ് തയ്യാറാകാത്തത്? ........ (തടസ്സം).............

<u>മി. സ്പീക്കർ</u>: ആഭ്യന്തര വകുപ്പുമന്ത്രി സംസാരിക്കട്ടെ. പ്ലീസ്........ പ്ലീസ്......... നോ..... നോ........ (ബഹളം)................ വനിതാ എം.എൽ.എ. മാർക്കു മാത്രമല്ല നിങ്ങൾക്കും സംരക്ഷണം തരും. ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറയട്ടെ. ഞാൻ പറയട്ടെ,........ (ബഹളം)................ രണ്ട് റിപ്പോർട്ടല്ല. ആഭ്യ ന്തരവകുപ്പുമന്ത്രിക്ക് കിട്ടിയ റിപ്പോർട്ട് തന്നെയാണ് എനിക്കും ലഭിച്ചത്. എനിക്ക് കിട്ടിയ റിപ്പോർട്ട് തന്നെയാണ് ആഭ്യന്തരവകുപ്പുമന്ത്രിക്കും കിട്ടിയത്. ആഭ്യന്തര വകുപ്പുമന്ത്രിക്ക് സമയം നൽകൂ. വ്യത്യസ്ഥമായ റിപ്പോർട്ടൊന്നും ഇവിടെ ആരുടെ കയ്യിലുമില്ല. ആഭ്യന്തര വകുപ്പുമന്ത്രിക്ക് പറയാൻ സമയം നൽകൂ. പ്ലീസ്....... പ്ലീസ്.........

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ശ്രീമതി ഗീതാ ഗോപിയെ ഈ സ്ഥലത്തുനിന്ന് റിമൂവ് ചെയ്തിട്ടുണ്ട്. സഭയിൽ ചർച്ച വന്ന സന്ദർഭത്തിൽത്തന്നെ എന്റെടുത്ത് പറഞ്ഞത് ശ്രീമതി ഗീതാഗോപി കസ്റ്റഡി യിലാണെന്നാണ്........... കേൾക്കൂ...........(ബഹളം).............. ഞാൻ ഒന്ന് പറ യട്ടെ. സർ, ........... (ബഹളം)...............

മി. സ്പീക്കർ: ആഭ്യന്തര വകുപ്പുമന്ത്രി പറയട്ടെ. .......... (ബഹളം)................ മറുപടി പറയണമല്ലോ. അതിന് സമ്മതിക്കില്ലല്ലോ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അവർ ഇരുന്നാൽ പറയാം. ........... (ബഹളം)............

മി. സ്പീക്കർ: യേസ്........... യേസ്........... ആഭ്യന്തര വകുപ്പുമന്ത്രിയെ സംസാരിക്കാൻ അനുവദിക്കുന്നുണ്ടോ? .......... (ബഹളം)............... നോ....... നോ............ ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. സി. ദിവാകരനും........ അദ്ദേഹത്തിന് മറുപടി പറയണ്ടേ. .......... (ബഹളം)................കേൾക്കുന്നില്ല. ശ്രീ. സി. ദിവാകരന് സംസാരിക്കാൻ മൈക്ക് കൊടുക്കൂ.

ശ്രീ. സി. ദിവാകരൻ: സർ, ഈ പ്രശ്നത്തെ സംബന്ധിച്ച് രാവിലെ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ഇവിടെ നടത്തിയ പ്രസ്താവനയിൽ ശ്രീമതി ഗീതാഗോപി പോലീസ് വാഹനത്തിൽ നന്ദാവനത്തേയ്ക്ക് കയറി പോയി എന്നാണ് പറഞ്ഞത്. അത് ഞങ്ങൾ പറയുന്നതല്ല. അത് രാവിലത്തെ അസംബ്ളി പ്രൊസീഡിംഗ്സിലുണ്ട്.

മി. സ്പീക്കർ: അസംബ്ളി പ്രൊസീഡിംഗ്സിലുണ്ട്.

ശ്രീ. സി. ദിവാകരൻ: ഇപ്പോൾ അദ്ദേഹം പറയുന്നത് പോലീസ് റിമൂവ് ചെയ്തതാണ്. അദ്ദേഹം സഭയെ തെറ്റിദ്ധരിപ്പിച്ചു. ഇവരാണ് എൻക്വയറി നടത്താൻ പോകുന്നത്. ഇവരെ എങ്ങനെ വിശ്വസിക്കും.? സ്ത്രീ പീഡനത്തിനെതിരെ കേരളനിയമസഭയിലെ രണ്ടു വനിതാ എം.എൽ.എ.മാരടക്കമുള്ള ആളുകൾ സമരം ചെയ്തതിനാണ്. ആ സ്ത്രീകളെ മർദ്ദിച്ചുവെന്നുള്ളതാണ്. സ്ത്രീപീഡനത്തിനെതിരെ സ്ത്രീകളെ മർദ്ദിക്കുക. ................. (ബഹളം)................

മി. സ്പീക്കർ: രാവിലെ ആഭ്യന്തര വകുപ്പുമന്ത്രി ........ (ബഹളം)................പറഞ്ഞതിൽ നിന്നും ........ (ബഹളം)................ ആദ്യം ഒരു വിവരം കിട്ടി. യഥാർത്ഥ വിവരം പറയാൻ അദ്ദേഹം എഴുന്നേറ്റപ്പോൾ സമ്മിതിക്കില്ലെങ്കിൽ................. പ്ലീസ്........ പ്ലീസ്.............അദ്ദേഹം സംസാരിക്കണമല്ലോ? ആദ്യം ഒരു വിവരം കിട്ടി, പിന്നീട് വേറെ വിവരം കിട്ടിയയെങ്കിൽ അതറിയിക്കണ്ടേ? നിങ്ങൾ അദ്ദേഹത്തെ സംസാരിക്കാൻ അനുവദിച്ചില്ലെങ്കിൽ......... അത് ശരിയല്ല. ........ (ബഹളം)................ നിങ്ങൾ ബഹളമുണ്ടാക്കിയാൽ അദ്ദേഹത്തിന് മറുപടി പറയാൻ സാധ്യമല്ല. ............(ബഹളം)............. നിങ്ങൾ സീറ്റിലേയ്ക്ക് പോകണം. ................(ബഹളം).............യേസ്.......... യേസ്.....................രണ്ടും കൂടി എങ്ങനെയാണ് നടക്കുന്നത്. നോ............... നോ...................

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് നടുത്തളത്തിലിറങ്ങി.)

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

2013 ഫെബ്രുവരി മാസം 7-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.07-ന് പിരിഞ്ഞു.